₹12 | 2020 MAY 22

പള്ളികൾ അടഞ്ഞുകിടക്കുമ്പോൾ • ശൈഖ് മുഹമ്മദ് കാരകുന്ന്


# പ്രബോധനം

www.prabodhanam.net prabodhanam

വാരിക


## ഗൾഫ് രാജ്യങ്ങളിലെ കോവിഡ് പ്രതിരോധവും സേവന പ്രവർത്തനങ്ങളും

• റഹ്മത്തുല്ലാ മഗ്‌രിബി • അബൂറശാദ് പുറക്കാട്
• നാസർ ഊരകം • മുനീർ കെ. മസ്കത്ത്

## ദുരിതകാലത്തെ ഈദാഘോഷം

• എം.ഐ അബ്ദുൽ അസീസ്
• കെ.ടി ഹുസൈൻ
• ബാബുലാൽ ബശീർ

## ആരാധനകളിൽ ആവിഷ്കാരം നിഷിദ്ധം

സംവാദം • ഡോ.അബ്ദുൽ വാസിഅ്



## ബൈത്തുസ്സകാത്ത് കേരളം കാത്തുവെച്ച കാരുണ്യ നനവ്

അഭിമുഖം • വി. കെ അലി

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**3153**

# പ്രബോധനം
വാരിക

www.prabodhanam.net | 1441 റമദാൻ 29 / 2020 മെയ് 22 | വാള്യം 77 ലക്കം 01



**04** മുഖവാക്ക് /
**ഈദുല്‍ ഫിത്വ്ര്‍ അല്ലാഹുവിനുള്ള സമ്പൂര്‍ണ വിധേയത്വത്തിന്റെ പ്രഖ്യാപനം**
എം.ഐ അബ്ദുല്‍ അസീസ്
അമീര്‍, ജമാഅത്തെ ഇസ്‌ലാമി കേരള

**18** ലേഖനം / ഡോ. താജ് ആലുവ
**പ്രതിസന്ധികാലത്ത് സൂറഃ യൂസുഫ് നല്‍കുന്ന പാഠങ്ങള്‍**

**28** വിശകലനം / റഹ്മത്തുല്ല മഗ്‌രിബി
**കോവിഡ് പ്രതിരോധത്തില്‍ മികച്ച മാതൃകയായി ഒമാന്‍**

**30** റിപ്പോര്‍ട്ട് / മുനീര്‍ കെ. മസ്‌കത്ത്
**ഒമാനിലെ കോവിഡ് സേവനപ്രവര്‍ത്തനങ്ങള്‍ക്ക് കരുത്തു പകര്‍ന്ന് പ്രവാസി വെല്‍ഫെയര്‍ ഫോറം**

**43** സംവാദം / ഡോ. അബ്ദുല്‍ വാസിഅ്
**ആരാധനകളില്‍ ആവിഷ്‌കാരം നിഷിദ്ധം**

**46** ലേഖനം / പി.കെ ജമാല്‍
**ഇബ്‌നുസ്സബീല്‍ അഭയാര്‍ഥികളും തെരുവിന്റെ മക്കളും**

**50** പ്രവാസം / നാസര്‍ ഊരകം, ദുബൈ
**ഞങ്ങള്‍ ഞങ്ങള്‍ക്കു വേണ്ടി പോരാടുകയാണ്**

**53** റിപ്പോര്‍ട്ട് / അബൂറശാദ് പുറക്കാട്
**ഖത്തറില്‍ ഇന്ത്യന്‍ സന്നദ്ധ സംഘടനകള്‍ സജീവം**

34 / ഖുര്‍ആന്‍ ബോധനം
38 / പ്രശ്‌നവും വീക്ഷണവും
58 / കവിത

**06** കവര്‍ സ്റ്റോറി / കെ.ടി ഹുസൈന്‍
## ദുരിതകാലത്തെ ഈദാഘോഷം





**10** കവര്‍ സ്റ്റോറി / ബാബുലാല്‍ ബശീര്‍
## പെരുന്നാള്‍ മഹത്തായ അനുസരണമാണ്

**13** ലേഖനം / ശൈഖ് മുഹമ്മദ് കാരകുന്ന്
## പള്ളികള്‍ അടഞ്ഞു കിടക്കുമ്പോള്‍


**22** അഭിമുഖം /
## കേരളം കാത്തുവെച്ച കാരുണ്യ നനവ്




ബൈത്തുസ്സകാത്ത് ചെയര്‍മാന്‍ വി.കെ അലി സംസാരിക്കുന്നു

ഈദുല്‍ ഫിത്വ്ര്‍ പ്രമാണിച്ച് അവധി ആയതിനാല്‍ 29.05.2020-ന് *പ്രബോധനം* പ്രസിദ്ധീകരിക്കുന്നതല്ല.
-മാനേജര്‍


പ്രബോധനം വാരിക, ഐ.എസ്.ടി ബില്‍ഡിംഗ്
സില്‍വര്‍ ഹില്‍സ്, കോഴിക്കോട് 673 012

കവര്‍ ഡിസൈന്‍
**സാലിം ജീറോഡ്**


എഡിറ്റര്‍ / **ടി.കെ ഉബൈദ്** | എക്‌സിക്യൂട്ടീവ് എഡിറ്റര്‍/ **അശ്‌റഫ് കീഴുപറമ്പ്**
സീനിയര്‍ സബ് എഡിറ്റര്‍/ **സദ്‌റുദ്ദീന്‍ വാഴക്കാട്** | സബ് എഡിറ്റര്‍/ **കെ.സി സലീം കരിങ്ങനാട്** | ലേ ഔട്ട്/ **എം.വി. ജലീല്‍ ഒതളൂര്‍**



**എഡിറ്റോറിയല്‍:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്‌സ്** : 0495 2732888 |**സര്‍ക്കുലേഷന്‍ മാനേജര്‍:** 0495 2730744, 9544060886
circulationprabodhanam@gmail.com |**പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജര്‍:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

മുഖവാക്ക്

**എം.ഐ അബ്ദുൽ അസീസ്**
അമീർ, ജമാഅത്തെ ഇസ്‌ലാമി കേരള



# ഈദുൽ ഫിത്വ്ർ
# അല്ലാഹുവിനുള്ള സമ്പൂർണ വിധേയത്വത്തിന്റെ പ്രഖ്യാപനം

അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്,

ഏതു സാഹചര്യത്തിലും വിശ്വാസിയുടെ നിലപാടിതാണ്. പ്രത്യാശയും പ്രതീക്ഷയും പ്രകടമാവുന്ന വർണാഭമായ മുഖമാണ് ഈദുൽ ഫിത്വ്റിൽ വിശ്വാസിയുടേത്. അല്ലാഹുവാണ് വലിയവൻ, അല്ലാഹുവിനാകുന്നു സർവ സ്തുതിയും- പ്രതിസന്ധികളുടെ ഘനാന്ധകാരത്തിലും ആഹ്ലാദത്തിന്റെ പെരുമഴക്കാലത്തും അവന്റെ കനിവിലാണല്ലോ തന്റെ ജീവിതം പുലരുന്നത്. ഈ യാഥാർഥ്യത്തെ സ്വന്തം ജീവിതത്തിൽ ദൃഢീകരിക്കാനുള്ള രാപ്പകൽ പരിശ്രമത്തിലായിരുന്നു വിശ്വാസികളെല്ലാം തന്നെ. അതിന്റെ വിജയപ്രഖ്യാപനമാണ് ഈദുൽ ഫിത്വ്ർ.

> പ്രാർഥനകൾക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്ന സന്ദർഭമാണ് പെരുന്നാൾ. ലോകം അഭിമുഖീകരിക്കുന്ന മഹാദുരന്തത്തിൽ നിന്നും രക്ഷ തേടി നാം അല്ലാഹുവോട് അകമഴിഞ്ഞു പ്രാർഥിക്കണം. കോവിഡിനു ശേഷവും അത് സൃഷ്ടിച്ച ആഘാതം ഏറെക്കാലം നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. ആ പ്രതിസന്ധികാലത്തെ സ്ഥൈര്യത്തോടെ അഭിമുഖീകരിക്കാൻ അല്ലാഹുവിന്റെ സഹായം കൂടിയേ തീരൂ.

കഴിഞ്ഞ ഒരു മാസക്കാലം അതിതീവ്ര പ്രയത്നത്തിലായിരുന്നു ഓരോരുത്തരും. തന്റെ ഇഛകളെ അടക്കിയിരുത്തി അല്ലാഹുവിന്റെ ഇംഗിതത്തിന് വിധേയപ്പെടണം, തന്റെ അത്യാവശ്യങ്ങളേക്കാൾ അപരന്റെ ആവശ്യങ്ങളെ കാണാൻ പഠിക്കണം, രാത്രികളിൽ നിദ്ര വിട്ടുണർന്ന് പ്രപഞ്ചനാഥനോട് കൂട്ടുകൂടണം, ജീവിതത്തിന്റെ വരുംകാലത്തെ കരുത്തിനായി ഈമാനും ഇഹ്സാനും തഖ്‌വയും സ്വബ്റും ആർജിച്ചെടുക്കണം, പുനരുദ്ധാന നാളിൽ ഏതർഥത്തിലും അവന്റെ തൃപ്തിക്ക് അർഹനായിത്തീരണം, സ്വർഗത്തിലിടം വേണം. നരകത്തിൽ നിന്നും അവന്റെ കോപത്തിൽ നിന്നും രക്ഷപ്പെടണം. ഇതൊക്കെയായിരുന്നു റമദാനിൽ ലക്ഷ്യമിട്ടത്. ഇതിനായുള്ള കർമനിർവഹണത്തിൽ അല്ലാഹു സംതൃപ്തനായിരിക്കുന്നു എന്നറിയിച്ചുകൊണ്ട് സമ്മാനിക്കുന്നതാണ് ഈദുൽ ഫിത്വ്ർ.

റമദാൻ പരിസമാപ്തിയിലേക്ക് എത്തുമ്പോൾ ശവ്വാലിൻ പിറ ചക്രവാളത്തിൽ തെളിയുന്നതോടെ നിർബന്ധമാകുന്നതാണ് സകാത്തുൽ ഫിത്വ്ർ. നോമ്പ് സാർഥകമാകുന്നത് അതോടെയാണ്: 'അടിമയുടെ വ്രതാനുഷ്ഠാനം വാന ഭുവനങ്ങൾക്കിടയിൽ കുരുങ്ങിക്കിടക്കുകയായിരിക്കും. ഫിത്വ്ർ സകാത്ത് മുഖേനയല്ലാതെ അത് മേൽപ്പോട്ടുയർത്തപ്പെടുകയില്ല'. ആരും പട്ടിണി കിടക്കാത്ത ലോകത്തെ സ്വപ്നം കാണുന്നതു കൂടിയാണ് ഇസ്‌ലാമിലെ ആരാധനയും ആഹ്ലാദവുമെന്നാണ് ഫിത്വ്ർ സകാത്തിന്റെ അന്തസ്സത്ത.

ഇത്തവണ പരിമിതികളെ സാധ്യതകളാക്കി മാറ്റിയവരാണ് ലോകത്തെല്ലായിടത്തുമുള്ള വിശ്വാസികൾ. അടഞ്ഞ മസ്ജിദുകളും സാമൂഹികാരാധനകൾക്കുള്ള വിലക്കുകളുമാണ് റമദാനിൽ അവരെ വരവേറ്റത്. പക്ഷേ, വീടുകളെ അവർ ആരാധനകൾ കൊണ്ട് നിറച്ചു. ലോകം അടച്ചു പൂട്ടപ്പെട്ടപ്പോൾ അവരുടെ മനസ്സുകൾ ആകാശസഞ്ചാരം നടത്തി, ഒറ്റക്കല്ല, കുടുംബത്തോടൊപ്പം. ഖുർആനിന്റെ ലോകത്ത് വിഹരിച്ചു, സാങ്കേതിക സൗകര്യങ്ങൾ നാനാവിധ ഉദ്ബോധനങ്ങൾ അവരുടെ കാതുകളിലെത്തിച്ചു.

പെരുന്നാളിലെ തക്ബീറിന് ഒരുപാട് അർഥങ്ങളുണ്ട്. ഒന്നാമതായി, അത് അല്ലാഹുവിനുള്ള സമ്പൂർണ വിധേയത്വത്തിന്റെ പ്രഖ്യാപനമാണ്. അതിനാൽ തന്നെ ലോകത്ത് അധികാരം വാഴുന്ന ദൈവേതര ശക്തികളോടുള്ള പുറം തിരിഞ്ഞു നിൽക്കലും ധിക്കാരവുമാണ്. അവരോടുള്ള സമരപ്രഖ്യാപനമാണ്. മനുഷ്യരെ അടിമകളാക്കി വെച്ച് പ്രകൃതിവിഭവങ്ങളെ തന്നിഷ്ടം ഉപയോഗിക്കുന്ന വ്യവസ്ഥിതികൾക്കെതിരിലുള്ള സമര പ്രഖ്യാപനം. റമദാനിലൂടെ കരസ്ഥമാക്കിയ ദൈവസാമീപ്യത്തിന്റെ ബലത്തിലാണ് ഈ പോരാട്ടത്തിന് വിശ്വാസി സജ്ജമാകുന്നത്. അനീതിയുടെയും അധർമത്തിന്റെയും അക്രമത്തിന്റെയും വംശീയതയുടെയും അശ്ലീലതയുടെയും ലോകക്രമത്തോട് എത്ര അമർഷപ്പെടാനാവുന്നുണ്ട് എന്ന് പെരുന്നാളിനെ വരവേൽക്കുന്ന ഓരോരുത്തരും ആത്മ



പരിശോധന നടത്തേണ്ടതാണ്.

നോമ്പെന്ന പോലെ പെരുന്നാളും നമുക്ക് കൊറോണയുടെ കാലത്താണ്. തുടക്കത്തിൽ കോവിഡ്-19 നമുക്കൊരു പകർച്ചവ്യാധിയുടെ പേരായിരുന്നു. ഒന്നു രണ്ട് ആഴ്ചകൾക്കകം കോവിഡ് മുക്തമാകുമെന്നാണ് എല്ലാവരും കരുതിയത്. എന്നാൽ ഇന്നത് നമ്മുടെ വ്യക്തി, സാമൂഹിക, സാമ്പത്തിക ജീവിതക്രമത്തെ അടിമേൽ മാറ്റിപ്പണിയുന്ന പ്രതിഭാസമായി മാറിക്കഴിഞ്ഞിരിക്കുന്നു. രണ്ട്, മൂന്ന് വർഷം കോവിഡ് 19-ന്റെ കൂടെ ലോകത്തിന് സഞ്ചരിക്കേണ്ടി വരുമെന്ന് പല വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു. ഇതെഴുതുമ്പോൾ കോവിഡ് കാരണം മരണപ്പെട്ടവരുടെ എണ്ണം മൂന്ന് ലക്ഷത്തോടടുക്കുകയാണ്. രോഗം ബാധിച്ചവരുടെ എണ്ണം നാലര ദശലക്ഷത്തോടടുക്കുന്നു. ഇവരിലെല്ലാം കൂടി രോഗം പരത്തിയ ആകെ വൈറസുകളുടെ ഭാരം ഏതാനും ഗ്രാമുകളേ വരൂ. നോക്കൂ, ഇത്രയും നിസ്സാരമായ ഒരു സൃഷ്ടി ലോകത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, അധികാര വ്യവസ്ഥയെയും സാമൂഹിക, വ്യക്തി ജീവിതത്തെയും നിർണയിക്കുന്നു എന്നത് വിസ്മയകരമാണ്. മനുഷ്യന്റെ പരിമിതികളിലേക്കും, പരിമിതികളെ മനസ്സിലാക്കാത്ത ധിക്കാരത്തിലേക്കും തീർച്ചയായും കോവിഡ് 19 വിരൽ ചൂണ്ടുന്നുണ്ട്. പോഷകാഹാരക്കുറവു കൊണ്ട് പ്രതിദിനം 22000 കുഞ്ഞുങ്ങൾ മരിക്കുന്ന ലോകക്രമമാണ് നമ്മുടേത്. പക്ഷേ, അതൊട്ടും നമ്മെ അലോസരപ്പെടുത്തിയിരുന്നില്ല, ഇല്ലാത്തവൻ കൂടുതൽ ഇല്ലാത്തവനാവുകയും സമ്പന്നൻ വീണ്ടും തടിച്ചുകൊഴുക്കുകയും ചെയ്യുന്ന നവ ഉദാര ലോകക്രമത്തിൽ നാം അസ്വസ്ഥരായിരുന്നില്ല. ആ ലോകക്രമത്തെയാണ് കോവിഡ് 19 വെല്ലുവിളിച്ചിരിക്കുന്നത്. ദുരന്തമൃത്യുകളും ദാരിദ്ര്യവും പട്ടിണിയും ഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾക്ക് സംവരണം ചെയ്തു കൊടുത്ത ലോകവ്യവസ്ഥയാണ് നിന്ന് വിറക്കുന്നത്. മനുഷ്യരെല്ലാം ഒന്നാണെന്നും ദൈവത്തിന്റെ സൃഷ്ടികളാണെന്നും മനുഷ്യരുടെ ആധിപത്യ, വിധേയത്വ കാഴ്ചപ്പാടുകൾ വെറും മിഥ്യയാണെന്നും പഠിപ്പിച്ചിരിക്കുകയാണ് കോവിഡ് 19. അവിടെ രാഷ്ട്രാതിർത്തികൾക്കോ, വംശ-വർണ വൈജാത്യങ്ങൾക്കോ പ്രസക്തിയില്ല. കോവിഡാനന്തരം പുതിയൊരു ജീവിതക്രമത്തെക്കുറിച്ച ചർച്ച സജീവമാണെങ്ങും. പക്ഷേ, മൗലികമായ ഈ അടിസ്ഥാന ബോധത്തിലേക്കുള്ള മടക്കം മാത്രമാണ് മനുഷ്യരാശിയെ രക്ഷിക്കുക. ഈദിന്റെ അർഥം മടക്കം എന്നാണല്ലോ.

പ്രാർഥനകൾക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്ന സന്ദർഭമാണ് പെരുന്നാൾ. ലോകം അഭിമുഖീകരിക്കുന്ന മഹാദുരന്തത്തിൽ നിന്നും രക്ഷ തേടി നാം അല്ലാഹുവോട് അകമഴിഞ്ഞു പ്രാർഥിക്കണം. കോവിഡിനു ശേഷവും അത് സൃഷ്ടിച്ച ആഘാതം ഏറെക്കാലം നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. ആ പ്രതിസന്ധി കാലത്തെ സ്ഥൈര്യത്തോടെ അഭിമുഖീകരിക്കാൻ അല്ലാഹുവിന്റെ സഹായം കൂടിയേ തീരൂ.

ലോകത്ത് മുസ് ലിം വിരുദ്ധതയും ഇസ്‌ലാമോഫോബിയയും കരുത്താർജിച്ചുവരികയാണ്. കോവിഡിന്റെ ദുരന്ത സാഹചര്യത്തെ പോലും അതിനായി ഉപയോഗപ്പെടുത്തുകയാണ്. ഇന്ത്യയിലെ സംഘ് പരിവാർ സർക്കാറാവട്ടെ, ലോക്ക് ഡൗണിനെ മുസ്‌ലിം വേട്ട നടത്തുന്നതിനുള്ള മികച്ച അവസരമാക്കിയിരിക്കുകയാണ്.

ദൽഹിയിൽ മുസ്‌ലിംകൾക്കെതിരെ നടന്ന വംശഹത്യയിൽ പ്രതിചേർത്ത് ജയിലിലടച്ചിരിക്കുന്നത് പൗരത്വ നിയമത്തിനെതിരെ സമരം നയിച്ച വിദ്യാർഥികളെയാണ്. ഡോ. സഫറുൽ ഇസ്‌ലാം ഖാനെ പോലുള്ള പരിണിത പ്രജ്ഞരായ സാമൂഹിക പ്രവർത്തകർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തിയിരിക്കുന്നു.

ഈ യാഥാർഥ്യങ്ങളെ വിസ്മരിക്കുന്നതായിരിക്കരുത് നമ്മുടെ പെരുന്നാൾ. പൗരത്വ നിയമത്തിനെതിരായ നമ്മുടെ സമരം വിശ്വാസത്തിന്റെ കൂടി ഭാഗമാണ്. സമരം തീക്ഷ്ണമായി ഭാവിയിലേക്ക് നീളേണ്ടത് റമദാനിന്റെയും ഈദിന്റെയും കരുത്തിലാണ്. ഗർഭത്തിലിരിക്കുന്ന കുഞ്ഞ് മാത്രമാണ് സഫൂറാ സർഗാറിന് തടവറയുടെ ഏകാന്തതയിൽ പെരുന്നാൾകൂട്ടെന്ന് നമുക്കെങ്ങനെ വിസ്മരിക്കാനാകും! അങ്ങനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്യായമായി ഭീകര നിയമങ്ങൾ ചുമത്തപ്പെട്ട് ജയിലറകളിൽ കഴിയുന്ന പരസഹസ്രം സഹോദരങ്ങൾ നമ്മുടെ ആഘോഷവേളകളിലും പ്രാർഥനകളിലും ഇടം പിടിക്കണം.

വിശ്വാസത്തിന്റെ ഭാഗമായിരിക്കുമ്പോഴും ആഘോഷങ്ങൾക്ക് അവയെ കവിഞ്ഞു നിൽക്കുന്ന തലമുണ്ട്, ഇസ്‌ലാമിലെ ആഘോഷങ്ങൾക്ക് പ്രത്യേകിച്ചും. അത് മനുഷ്യ സാഹോദര്യത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. എല്ലാ വിവേചനങ്ങളെയും അത് നിരാകരിക്കുന്നു. ചെറിയ പെരുന്നാളിന്റെ ഈ സന്ദേശം നമ്മുടെ സഹോദര സമുദായങ്ങളിലേക്കും അയൽപക്കങ്ങളിലേക്കും പടരണം. എല്ലാവിധ സാമൂഹിക അകലങ്ങൾ പാലിക്കപ്പെടുമ്പോഴും ഈ പങ്കുവെപ്പുകൾ പ്രധാനമാണ്. അതാണ് മാനവരാശിയുടെ കരുത്തും കരുതലും. ●



# ദുരിതകാലത്തെ ഈദാഘോഷം

കവർ സ്റ്റോറി / കെ.ടി ഹുസൈൻ
ktmhkuttoor@gmail.com

വ്രതശുദ്ധിയുടെ രാപ്പകലുകൾക്ക് വിരാമം കുറിച്ച് ചെറിയ പെരുന്നാൾ ഒരിക്കൽ കൂടി സമാഗതമാവുകയാണ്. ലോകം മുഴുക്കെ ഒരു മഹാമാരി തീർത്ത ഭീതിയിലൂടെ കടന്നുപോകുമ്പോഴാണ് ഇപ്രാവശ്യത്തെ പെരുന്നാൾ കടന്നുവരുന്നത് എന്നൊരു പ്രത്യേകത കൂടിയുണ്ട്. ആളുകൾക്ക് രോഗം വരികയും മരിക്കുകയും ചെയ്യുന്നുവെന്നതിലുപരി, നാഗരികതയെ ഏറക്കുറെ സ്തംഭിപ്പിക്കുകയാണ് കൊറോണാ വൈറസ് ചെയ്തത്. ദുരന്തങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. പക്ഷേ നാഗരികമായ ഇത്തരം ഒരു സ്തംഭനാവസ്ഥ മുമ്പുണ്ടായിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. സ്വാഭാവികമായും ഇപ്രാവശ്യത്തെ പെരുന്നാളിനെയും അത് ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ആഘോഷങ്ങൾ സംസ്കാരത്തിന്റെ ചിഹ്നങ്ങളോ അടയാളങ്ങളോ ആണ്. അതിനാൽ ഏതൊരു സമൂഹത്തിന്റെയും സാംസ്കാരിക നിലവാരമളക്കാൻ ആഘോഷങ്ങളോളം പറ്റിയ മറ്റൊന്നില്ല. ഇസ്‌ലാമിലെ രണ്ട് ആഘോഷങ്ങളും അങ്ങനെ തന്നെ. തന്റെ പ്രീതിയും ഇഷ്ടവും മാത്രം കാംക്ഷിച്ച് ഒരു മാസം മുഴുവൻ പകൽ അന്നപാനീയങ്ങളും ജഢിക വികാരങ്ങളും ഒഴിവാക്കി വ്രതമനുഷ്ഠിച്ചതിനും രാത്രി പ്രാർഥനയിൽ കഴിച്ചുകൂട്ടിയതിനും ദാസന്മാർക്ക് അല്ലാഹു നൽകുന്ന സമ്മാനമാണ് ഈദുൽ ഫിത്വ്ർ, അഥവാ ചെറിയ പെരുന്നാൾ. ആ സമ്മാനം ആഹ്ലാദത്തോടെയും സന്തോഷത്തോടെയും ഏറ്റുവാങ്ങുക എന്നത് വിശ്വാസിയുടെ കടമയാണ്. ആ സന്തോഷവും ആഹ്ലാദവും തന്നെയാണ് ഈദിലുടനീളം തിരതല്ലുന്നത്. സാധാരണഗതിയിൽ തനിക്ക് അനുവദനീയമായ കാര്യങ്ങളാണ് വ്രതമാസത്തിലെ പകലുകളിൽ ദൈവപ്രീതി മാത്രം കാംക്ഷിച്ച് അവർ ഒഴിവാക്കിയിരുന്നത്. അത്തരത്തിലുള്ള ഒരു സ്വയം നിയന്ത്രണത്തിൽ നിന്ന് വിശ്വാസി പുറത്തു കടക്കുകയാണ് പെരുന്നാളിലൂടെ. പിളർക്കുക, പുറത്തു കടക്കുക എന്നീ അർഥങ്ങളുള്ള ഫിത്വ്ർ എന്ന പേര് ഈ ആഘോഷത്തിന് വന്നത് അങ്ങനെയാണ്. അതായത് അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഒരു മാസം നാം ആചരിച്ച സ്വയം നിയന്ത്രണങ്ങളിൽ നിന്ന് അല്ലാഹുവിന്റെ തന്നെ കൽപ്പന പ്രകാരം

വിശ്വാസി പുറത്തു കടക്കുന്നതിന്റെ ആഘോഷമാണ് ഈദുൽ ഫിത്വ്ർ.

ഇസ്‌ലാമിലെ ആരാധനകൾക്കെന്ന പോലെ അതിലെ ആഘോഷങ്ങൾക്കുമുണ്ട് വ്യക്തിതലവും സാമൂഹികതലവും. പെരുന്നാൾ ദിനത്തിൽ ദൈവത്തെ കൂടുതൽ കൂടുതൽ പ്രകീർത്തിക്കുകയും വാഴ്ത്തുകയുമാണ് അതിലെ വ്യക്തിതലം. അത് നിർവഹിക്കപ്പെടുന്നത് ഒറ്റക്കായാലും കൂട്ടമായിട്ടായാലും വ്യക്തിശുദ്ധിയാണ് അതിലൂടെ ലക്ഷ്യമിടുന്നത്. റമദാൻ മാസത്തിലെ നോമ്പിനെ കുറിച്ച് പരാമർശിക്കുന്ന *സൂറത്തുൽ ബഖറ*യിലെ സൂക്തത്തിന്റെ അവസാന ഭാഗത്ത്, 'നിങ്ങളെ നേർവഴിയിലാക്കിയതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിന്റെ മഹത്വം കീർത്തിക്കാനും അവനോട് നന്ദിയുള്ളവരാകാനുമാണ്' എന്ന പരാമർശം പെരുന്നാൾ ദിനത്തിൽ ദൈവിക മഹത്വത്തെ പ്രകീർത്തിക്കാനുള്ള ആഹ്വാനമാണ്. പെരുന്നാൾ ദിനത്തിൽ സമൂഹത്തിൽ ആർക്കും ദാരിദ്ര്യം മൂലം പെരുന്നാൾ ആഘോഷിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ നിർബന്ധമാക്കിയ ഫിത്വ്ർ സകാത്താണ് അതിലെ സാമൂഹികതലം. സമസ്യഷ്ടി സ്നേഹമാണ് ഇതിലൂടെ വെളിപ്പെടുന്നത്. അതോടൊപ്പം ജീവിതവിശുദ്ധി നേടാൻ നിർബന്ധമാക്കിയ റമദാനിലെ വ്രതത്തിൽ എന്തെങ്കിലും പാകപ്പിഴവുകൾ വന്നിട്ടുണ്ടെങ്കിൽ അവ കഴുകിക്കളയാനുള്ള ഉപാധി കൂടിയാണ് ഫിത്വ്ർ സകാത്ത്. അതുകൊണ്ടാണല്ലോ സാധാരണ സകാത്ത് സമ്പത്തിനെ ശുദ്ധീകരിക്കുമ്പോൾ ഫിത്വ്ർ സകാത്ത് ശുദ്ധീകരിക്കുന്നത് സ്വന്തത്തെ തന്നെയാണെന്ന് പറയുന്നത്. അതിനാൽ വ്യക്തിശുദ്ധിയും സമസൃഷ്ടി സ്നേഹവും മേളിച്ച ആരാധനയാണ് ഫിത്വ്ർ സകാത്ത്.

ദൈവ പ്രകീർത്തനവും ഫിത്വ്ർ സകാത്തും കഴിഞ്ഞാൽ പെരുന്നാളിലെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനം പള്ളികളിലോ ഈദ്ഗാഹുകളിലോ നടക്കുന്ന പെരുന്നാൾ നമസ്കാരമാണ്. പെരുന്നാൾ നമസ്കാരം ഫിത്വ്ർ സകാത്തിനെ പോലെ നിർബന്ധമല്ലെങ്കിലും പെരുന്നാൾ നമസ്കാരമില്ലാത്ത ഒരു പെരുന്നാൾ വിശ്വാസിക്ക് ഓർക്കാനേ കഴിയില്ല. കാരണം പെരുന്നാൾ ഒരു സാമൂഹികാഘോഷമായി മാറുന്നത് പെരുന്നാൾ നമസ്കാരത്തിലൂടെയാണ്. അതുകൊണ്ടുതന്നെ ഈദ്ഗാഹിലോ പള്ളിയിലോ വെച്ചുള്ള പെരുന്നാൾ നമസ്കാരമില്ലാത്ത ഒരു പെരുന്നാൾ നമ്മുടെ തലമുറയുടെ അനുഭവത്തിൽ ഉണ്ടാവുകയില്ല. എന്നാൽ കോവിഡ് കാരണം ഇപ്രാവശ്യം നിർഭാഗ്യവശാൽ പള്ളിയിലോ ഈദ്ഗാഹിലോ വെച്ചുള്ള പെരുന്നാൾ നമസ്കാരം നടക്കാൻ സാധ്യത വളരെ കുറവാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ലോകത്തും ഇതേ അവസ്ഥ തന്നെയാണ്. ലോകം മുഴുവൻ ബാധിച്ച ഒരു മഹാമാരിയാണല്ലോ കോവിഡ്. ഒരു മാസത്തിലേറേയായി ലോകത്തുടനീളം പള്ളികൾ മുഴുവൻ അടഞ്ഞു കിടക്കുകയാണ്. നിർബന്ധ കർമമായ ജുമുഅ പോലും നടന്നിട്ട് ആഴ്ചകളായി. ഏറ്റവും കൂടുതൽ ജനനിബിഡമാകുന്ന റമദാനിൽ ജനശൂന്യമായ പള്ളികളിൽ നിന്ന് ബാങ്കൊലി മാത്രമാണ് കേട്ടത്. വിശ്വാസിയെ സംബന്ധിച്ചേടത്തോളം അങ്ങേയറ്റം ദുഃഖകരമാണ് ഈ സ്ഥിതിവിശേഷം എന്ന കാര്യത്തിൽ സംശയമില്ല. അതിലേക്കാണ് പെരുന്നാൾ നമസ്കാരം പോലും സാമൂഹികമായി നടത്താൻ പറ്റാത്ത സാഹചര്യം വരുന്നത്. മനുഷ്യജീവന് എന്തിനേക്കാളും വില കൽപ്പിക്കുന്ന മതമാണ് ഇസ്‌ലാം എന്നതിനാൽ, സാംക്രമിക രോഗത്തെ തടയാൻ അത് അനിവാര്യമായതിനാൽ ദൈവിക കൽപ്പന തന്നെയാണ് ഇതിലൂടെ ലോക മുസ്‌ലിംകൾ ശിരസ്സാ വഹിക്കുന്നത്. 'ഒരാളുടെ ജീവൻ രക്ഷിച്ചവൻ മുഴുവൻ



**ജീവിതവിശുദ്ധി നേടാൻ നിർബന്ധമാക്കിയ റമദാനിലെ വ്രതത്തിൽ എന്തെങ്കിലും പാകപ്പിഴവുകൾ വന്നിട്ടുണ്ടെങ്കിൽ അവ കഴുകിക്കളയാനുള്ള ഉപാധി കൂടിയാണ് ഫിത്വ്ർ സകാത്ത്. അതുകൊണ്ടാണല്ലോ സാധാരണ സകാത്ത് സമ്പത്തിനെ ശുദ്ധീകരിക്കുമ്പോൾ ഫിത്വ്ർ സകാത്ത് ശുദ്ധീകരിക്കുന്നത് സ്വന്തത്തെ തന്നെയാണെന്ന് പറയുന്നത്. അതിനാൽ വ്യക്തിശുദ്ധിയും സമസൃഷ്ടി സ്നേഹവും മേളിച്ച ആരാധനയാണ് ഫിത്വ്ർ സകാത്ത്.**

മനുഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയാണ്' എന്നാണല്ലോ ഖുർആന്റെ അനുശാസനം.

റമദാനിലെ പ്രധാന അനുഷ്ഠാനങ്ങളിലൊന്നായ തറാവീഹും പള്ളികളിൽ ഈ വർഷം നടക്കുകയുണ്ടായില്ല. അതിന്റെ തുടർച്ച തന്നെയാണ് ഈദ്ഗാഹിലോ പള്ളികളിലോ പെരുന്നാൾ നമസ്കാരം നിർവഹിക്കാൻ പറ്റാത്ത സാഹചര്യവും. തീർച്ചയായും ഈ വർഷത്തെ ആഘോഷത്തിന്റെ പൊലിമ അത് കുറക്കും എന്ന കാര്യത്തിൽ സംശയമില്ല. ലോകം കോവിഡ് മഹാമാരിയിൽ നിന്ന് മോചനം നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ ആഘോഷത്തിനു തന്നെയും പരിമിതിയുണ്ടാവുമല്ലോ. വിശ്വാസിയെ സംബന്ധിച്ചേടത്തോളം നന്മയാകട്ടെ തിന്മയാകട്ടെ പ്രപഞ്ചത്തിൽ നടക്കുന്നത് എന്തും അല്ലാഹുവിന്റെ ഇഛപ്രകാരം നടക്കുന്നതാണ്. അതിന്റെ പിന്നിലെ യുക്തി അവനു മാത്രമേ അറിയൂ. ദൈവിക ഇഛ നടപ്പിലാകുമ്പോൾ പ്രത്യക്ഷത്തിൽ ഉപദ്രവകരമാണെന്ന് തോന്നുന്നത് ഉപകാരമാകാം, ഉപകാരമാണെന്ന് തോന്നുന്നത് ഉപദ്രവകരവുമാകാം. 'ഗുണകരമായ കാര്യം നിങ്ങൾക്ക് അനിഷ്ടകരമായേക്കാം, ദോഷകരമായത് നിങ്ങൾക്ക് ഹൃദ്യവുമായേക്കാം, അല്ലാഹു അറിയുന്നു, നിങ്ങളോ അറിയുന്നില്ല' എന്ന് ഖുർആൻ (2:216) പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ വൻ പ്രത്യാഘാതമുണ്ടാക്കും എന്ന് നാം പ്രത്യക്ഷത്തിൽ കരുതുന്ന കോവിഡ് 19 എന്ന മഹാമാരി മാനവരാശിയുടെ ജീവിതത്തിൽ ഗുണപരമായ എന്തു മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത് എന്ന കാര്യം അല്ലാഹുവിനേ അറിയൂ. നമുക്കറിയുന്നത് ഒട്ടും ഗുണകരമല്ലാത്ത അതിന്റെ പ്രത്യക്ഷ പ്രത്യാഘാതങ്ങൾ മാത്രമാണ്. ആളുകളുടെ മരണം, സാമ്പത്തിക പ്രതിസന്ധി, തൊഴിൽ നഷ്ടം, വരുമാന കമ്മി തുടങ്ങിയവ. എന്നാൽ കോവിഡ് സാമൂഹിക ജീവിതത്തിന് ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന ആഘാതവും സാമൂഹിക ജീവിത പ്രധാനമായ ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ഗൗരവമുള്ള കാര്യമാണ്. ദിവസവും അഞ്ചു നേരം പള്ളികളിൽ നടക്കുന്ന ജമാഅത്ത് നമസ്കാരം, ആഴ്ചയിൽ ഒരിക്കൽ നടക്കുന്ന ജുമുഅ, പെരുന്നാൾ ദിനം പള്ളിയിലോ ഈദ്ഗാഹിലോ നടക്കുന്ന സംഘടിത നമസ്കാരം തുടങ്ങിയവയെല്ലാം ഇസ്‌ലാമിക സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങ



ളാണ്. കോവിഡ് മൂലം ഇതെല്ലാം താൽക്കാലികമായി സ്തംഭിച്ചിരിക്കുകയാണ്. മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം അങ്ങേയറ്റം വേദനയും അസ്വസ്ഥതയുമുണ്ടാക്കേണ്ട സംഗതികളാണിവ; ആഘോഷ വേളയിൽ വിശേഷിച്ചും. സാമൂഹിക അകലം എന്ന പ്രയോഗത്തിനു പോലും ഇസ്‌ലാമിക കാഴ്ചപ്പാടിൽ പ്രശ്നമുണ്ട്. ശാരീരിക അകലം എന്നതാണ് ശരിയായ പ്രയോഗം. ഇസ്‌ലാമിക കാഴ്ചപ്പാടിൽ ഒരിക്കലും സാമൂഹിക അകലം പാലിക്കാനാവില്ല. കാരണം അപരന്റെ വേദന സ്വന്തം വേദനയായി മാറ്റുന്നവനാണ് വിശ്വാസി. അതിനാൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ശാരീരിക അകലം നിലനിർത്തുമ്പോഴും സാമൂഹികമായ അടുപ്പം ഏറ്റവും കൂടുതൽ കാണിക്കേണ്ട സന്ദർഭമാണിത്. കൊറോണ മൂലം ദുരിതമനുഭവിക്കുന്നവർക്ക് തങ്ങൾ ഒറ്റക്കല്ല എന്ന ബോധം അപ്പോൾ മാത്രമേ ഉണ്ടാവൂ. കോവിഡ് കാലത്തെ പെരുന്നാൾ നമുക്ക് അങ്ങനെ മാറ്റിത്തീർക്കാൻ കഴിയണം.

ലോക്ക് ഡൗൺ കഴിഞ്ഞാലും ശാരീരികമായ കൂടിച്ചേരൽ ഒഴിവാക്കണം എന്നു തന്നെയാണ് വിദഗ്ധരുടെയും സർക്കാറുകളുടെയും തീരുമാനമെങ്കിൽ റമദാനിൽ തറാവീഹിന്റെ കാര്യത്തിൽ ചെയ്തതു പോലെ നമുക്ക് വീടുകളിൽ കുടുംബത്തോടൊപ്പം പെരുന്നാൾ നമസ്കരിക്കേണ്ടി വരും. വീടുകളിൽ പെരുന്നാൾ നമസ്കാരത്തിന് അനുവാദം നൽകുന്ന ഹദീസ് ബുഖാരിയിലും മറ്റും കാണാം. അപ്പോൾ ഖുത്ബ ആവശ്യമില്ല എന്നാണ് കർമശാസ്ത്രാഭിപ്രായം.

ആഘോഷങ്ങളെ ദുഃഖാചരണമായി മാറ്റുന്ന രീതി ഇസ്‌ലാമിലില്ല. ചില സമുദായങ്ങളിൽ അങ്ങനെയൊരു സമ്പ്രദായം കാണാം. അതായത് വീട്ടിൽ ഒരു മരണം നടന്നാൽ ആ വർഷം പ്രസ്തുത വീട്ടുകാർ ഒരാഘോഷവും നടത്തുകയില്ല. ഇസ്‌ലാമിലെ ആഘോഷം ഒരു ഘട്ടത്തിലും അർമാദമല്ലാത്തതിനാൽ കൊറോണ മൂലമുള്ള സാമൂഹിക ദുരന്തത്തിനിടയിലും ആഘോഷം ആഘോഷമായി തന്നെ നടക്കണം. ലോകത്തിന്റെ പല ഭാഗത്തും ഇസ്‌ലാമിക സമൂഹം എത്രയോ കാലങ്ങളായി ലോക്ക് ഡൗണിൽ തന്നെയാണ് പെരുന്നാൾ ആഘോഷിക്കുന്നത്. ഫലസ്ത്വീനും ഉയ്ഗൂരും മ്യാന്മറും കശ്മീരും അതിന്റെ ഉത്തമോദാഹരണങ്ങളാണ്. അവരും നമ്മളെ പോലെ സന്തോഷത്തോടെ പെരുന്നാൾ ആഘോഷിക്കുന്നുണ്ട്. അതിനാൽ കൊറോണയോ ലോക്ക് ഡൗണോ നമ്മുടെയും ആഘോഷത്തിന്റെ പൊലിമ കെടുത്തേണ്ടതില്ല. അതേസമയം ഇസ്‌ലാമിന്റെ സാമൂഹികതയെ കൂടുതൽ പ്രോജ്ജ്വലിപ്പിച്ചുകൊണ്ടായിരിക്കണം കൊറോണാ കാലത്തെ നമ്മുടെ പെരുന്നാൾ ആഘോഷങ്ങൾ. പാവപ്പെട്ടവർക്കു മാത്രമല്ല, അത്യാവശ്യം സൗകര്യപ്രദമായ ജീവിതം നയിച്ചിരുന്ന ഇടത്തരക്കാർക്കും കൊറോണ മൂലം സാമ്പത്തിക ഞെരുക്കമുണ്ടാകാൻ നല്ല സാധ്യതയുണ്ട്. അത് കണ്ടെത്തി പരിഹരിക്കുകയെന്നതും സാമ്പത്തിക ശേഷിയുള്ളവരുടെ ബാധ്യതയാണ്. ●

# AZHARUL ULOOM
COLLEGE OF ISLAMIC AND LINGUISTIC STUDIES

www.azharululoom.in | azharaluva@gmail.com
0484 267 7794 | Azhar Nagar, Marampilly PO, Ernakulam

# അസ്ഹറുൽ ഉലൂമിന് കൈത്താങ്ങാവുക

**പ്രിയ സഹോദരാ,** السلام عليكم ورحمة الله

പ്രാപ്തരായ ഇസ്‌ലാമിക പണ്ഡിതന്മാരെ വളർത്തിയെടുക്കുന്ന കേരളത്തിലെ പ്രശസ്ത സ്ഥാപനമാണ് അസ്ഹറുൽ ഉലൂം കോളേജ് ഓഫ് ഇസ്‌ലാമിക് & ലിംഗ്വിസ്റ്റിക് സ്റ്റഡീസ്. 1990-ൽ **ഡോ. മുഹ്‌യുദ്ദീൻ ആലുവായിയുടെ** നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനം 30 വർഷം പിന്നിട്ടു കഴിഞ്ഞു. ഇസ്ലാമിക വിജ്ഞാനീയങ്ങളിൽ അവഗാഹം നേടാൻ സഹായിക്കുന്നതോടൊപ്പം അറബി, ഇംഗ്ലീഷ്, ഉറുദു, മലയാളം ഭാഷകളിൽ പ്രാവീണ്യം, ഗവേഷണം, ഗ്രന്ഥരചന, വിവർത്തനം തുടങ്ങിയ മേഖലകളിൽ നൈപുണ്യമാർജിക്കാനുതകുന്ന സമഗ്രമായ കരിക്കുലമാണ് അസ്ഹർ പിന്തുടരുന്നത്. എസ്.എസ്.എൽ.സി/+2 വിജയിച്ച ആൺകുട്ടികൾക്കാണ് സ്ഥാപനത്തിൽ പ്രവേശനം. പ്ലസ് വൺ മുതൽ പി.ജി വരെ നിലവിൽ 300-ലധികം വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്ന സ്ഥാപനത്തിന് ഭീമമായ ഒരു സംഖ്യ വർഷം തോറും ചെലവ് വരുന്നു. സകാത്ത്, സ്വദഖ, സ്പോൺസർഷിപ്പ് മുതലായവ യാണ് സ്ഥാപനത്തിന്റെ പ്രധാന അവലംബം. **35000/- രൂപയാണ് ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം ഭക്ഷണത്തിനായി ചെലവ് വരുന്നത്.**

ലോകത്തെ സമൂലം ബാധിച്ച പകർച്ചവ്യാധി ഇത്തരം സ്ഥാപനങ്ങളുടെ മുമ്പിൽ വലിയ ഒരു വെല്ലുവിളിയാണ്. ആയതിനാൽ ഈ പരിശുദ്ധ റമദാനിൽ സാധ്യമാകുന്ന സംഭാവനകൾ നൽകി ഈ ഇസ്‌ലാമിക കലാലയത്തെ സഹായിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

| ചെയർമാൻ | റെക്ടർ | പ്രിൻസിപ്പാൾ |
|---|---|---|
| **എം.എ. മൂസ** | **ഡോ. കുഞ്ഞുമുഹമ്മദ് പുലവത്ത്** | **ഷക്കീർ മുഹമ്മദ് നദ്‌വി** |
| +91 9388405890 | +91 8281143815 | +91 9746420638 |

**സംഭാവന / സ്പോൺസർഷിപ്പ് അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്യുന്നവർ ഡിറ്റെയ്ൽസ് +91 9446288856 / +91 6238843906 എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുക**

A/c Name: AZHARUL ULOOM COLLEGE OF ISLAMIC AND LINGUISTIC STUDIES

| A/c Number | Branch | IFSC |
|---|---|---|
| 673 909 302 71 | SBI, ALUVA | SBIN0070147 |



# പെരുന്നാൾ മഹത്തായ അനുസരണമാണ്


കവർ സ്റ്റോറി / ബാബുലാൽ ബശീർ

babulalmb@gmail.com


റമദാൻ പോലെ വിശ്വാസിയുടെ ജീവിതം ഇത്രമേൽ കർമോത്സുകമാവുന്ന മാസം വേറൊന്നില്ല. റമദാനിന്റെ അമ്പിളി മാനത്തുദിച്ചതു മുതൽ ശവ്വാലിന്റെ വരവറിയുന്നതു വരെ, ഒരു ഒഴുക്കായിരുന്നു. പ്രഭാതവും പ്രദോഷവും നന്മയുടെ വസന്തം വിരിയുന്ന മാസം. മനുഷ്യൻ അഥവാ ഇൻസാൻ മറവിയുടെ കോശങ്ങളെ കരിച്ചു കളഞ്ഞ്, നിന്നും ഇരുന്നും കിടന്നും ദൈവസ്മരണ കൊണ്ട് (*ആലു ഇംറാൻ* 191) ഓർമകളെ തിരിച്ചു പിടിച്ച മാസം. വയറും നാവും പൂട്ടിയിട്ട മാസം. അതാണല്ലോ സ്വൗമും സിയാമും ഇബ്‌ലീസിന്റെ അവസാനത്തെ താഴിനും പൂട്ടിടും എന്ന് പറയുന്നത്. തിന്മകളുടെ പ്രഭവ കേന്ദ്രങ്ങളിൽ കൈവെച്ചു കൊണ്ടാണ് ഇബ്‌ലീസിന്റെയും നാഥൻ, ഇബ്‌ലീസിന്റെ ആയുധങ്ങൾ ഇല്ലാതാക്കുന്നത്. പിന്നെ, നന്മയുടെയും സഹാനുഭൂതിയുടെയും കൊയ്ത്തുത്സവമാണ്. മനസ്സ് പാകപ്പെടുമ്പോൾ, കാവലില്ലാത്ത പോസ്റ്റിലേക്ക് ഗോളടിക്കുന്നതു പോലെ, വിശ്വാസികൾ മത്സരിച്ചു മുന്നേറുന്നുണ്ടാവും. 'അവരാണ് ഇവിടെയും അവിടെയും മുന്നേറ്റക്കാർ. ദിവ്യസാമീപ്യം സിദ്ധിച്ചവർ. അനുഗൃഹീത സ്വർഗസ്ഥർ' (*അൽ വാഖിഅ* 10-12). മത്സരിക്കുന്നവരൊക്കെ (മുന്നേറ്റക്കാരാവാൻ) മത്സരിക്കട്ടെ എന്നാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.

റമദാൻ തന്നിൽ നിന്നകന്നുപോകുന്നത് വിശ്വാസിയുടെ ഹൃദയത്തിന്റെ താളവും കൊണ്ടായിരിക്കും. അവന്റെ മിടിപ്പുകൾക്ക് വല്ലാത്ത വേഗവും ചിലപ്പോഴൊക്കെ കിതപ്പുമായിരുന്നല്ലോ. ഖുർആനിന്റെ ഭാഷയിൽ പറഞ്ഞാൽ ഓലയുടെ പച്ച മടൽ കത്തുക എന്നൊരു അവസ്ഥയാണത്. പടപടാ മിടിക്കും. ചിലപ്പോഴൊക്കെ പൊട്ടും. തീയുടെ സ്വാഭാവികതക്ക് അതിനെ വേഗത്തിൽ എരിച്ചുകളയുക സാധ്യമല്ല. ഈമാനിന്റെ തോതുയർന്ന്, ഉയർന്ന് അത് അസാധ്യമായ അവസ്ഥ പ്രാപിക്കും. മാലാഖമാർക്ക് പോലും അപ്രാപ്യമായ ഒരവസ്ഥ. അപ്പോൾ മാലാഖമാരെ കാവൽ നിർത്തി അല്ലാഹു ആയിരം മാസത്തേക്കാൾ വിശിഷ്ടമായ ഒരു രാത്രിയിൽ അവർക്കു മറക്കാനാവാത്ത വിരുന്നൊരുക്കും. അല്ലാഹുവിന്റെ വിധിപുസ്തകത്തിൽ, 'സമാധാനം' (*അൽഖദ്ർ* 5) അവർക്ക് സമ്മാനിക്കപ്പെടും.

വീടകന്നുപോകുന്ന പ്രിയപ്പെട്ടവനെ സലാം ചൊല്ലി യാത്രയാക്കുമ്പോൾ, ആ കണ്ണീരുപ്പിൽ പെരുന്നാളിന്റെ ഇത്തിരി മധുരം ചേർത്തു വെക്കാൻ ശവ്വാലമ്പിളിയോട് അതിന്റെ നാഥൻ പറയും. അല്ലാഹുവാണ് വലിയവൻ എന്ന അറിയിപ്പോടു കൂടി കാതോട് കാതോരം അതിങ്ങനെ അലയടിക്കും. കരച്ചിൽ അൽപം ചിരിക്കു വഴിമാറേണ്ടുന്ന സന്ദർഭം. ഒരു അനുസരണയുള്ള ഭാവമാറ്റം. അനുസരണം അങ്ങനെയാണ് ഇബാദത്ത് ആവുന്നത്. 'അല്ലാഹുവിനു വേണ്ടി' എന്നതാണതിന്റെ അടിസ്ഥാനം. അവൻ പറഞ്ഞത് മാതിരി എന്നതാണതിന്റെ വഴി. അവൻ പറഞ്ഞാൽ വിശ്വാസി കരയും. ചിരിക്കാൻ പറഞ്ഞാൽ ചിരിക്കും. ആഘോഷിക്കാൻ പറഞ്ഞാൽ ആഘോഷിക്കും. ആഘോഷ ദിവസം നോമ്പ് ഹറാം എന്ന് പറഞ്ഞാൽ ഇന്നലെ വരെ സ്നേഹിച്ചതിനെ അവനു വേണ്ടി വേണ്ടെന്നു വെക്കും. അതാണ് ഈദ്. കേന്ദ്രം അല്ലാഹുവാണ്. ചോദ്യങ്ങൾ ഇല്ല. മനുഷ്യന്റെ എല്ലാ ബോധ്യത്തിന്റെയും താക്കോൽ അവനാണ് സൂക്ഷിക്കുന്നത്. മണ്ണിനോട് ബന്ധിതമായ എല്ലാ അവസ്ഥകളെയും വിണ്ണിന്റെ ഇഷ്ടത്തോട് ചേർത്തു വെച്ച്, മനുഷ്യന്റെ ഔന്നത്യത്തിനു മാറ്റ് കൂട്ടുകയാണ്, റമദാൻ വിടപറഞ്ഞു കടന്നു വരുന്ന ഓരോ ഈദുൽ ഫിത്‌റും. സമർപ്പണത്തിന്റെ സന്തോഷമാണത്. അടിമത്തം അല്ലാഹുവിനാണ് എന്ന് വിശ്വാസി ഉറക്കെ ഉദ്ഘോഷിക്കുന്ന സമ്മോഹന ദിവസം.

റമദാൻ നോമ്പിനു ശേഷം ഈദ് കടന്നു വരുന്നത് ഈദുൽ ഫിത് ർ ആയിട്ടാണ്. നോമ്പുകാലം ഊട്ടലിന്റെ



# കാരുണ്യകേന്ദ്രം

Registration Number 216/07

പ്രിയസുഹൃത്തെ, ക്ഷേമംനേരുന്നു,

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ നടന്നുവരുന്ന ഒരു ജനസേവന സംരംഭമാണ് കാരുണ്യകേന്ദ്രം' അത്താണിക്കൽ.

രോഗികൾ, വൃദ്ധർ, അനാഥർ, വിധവകൾ, ഭിന്നശേഷിക്കാർ, ദരിദ്രർ, ഭവനരഹിതർ, കുടിവെള്ളത്തിന് പ്രയാസപ്പെടുന്നവർ.... തുടങ്ങിയവർക്കിടയിലാണ് കഴിഞ്ഞ പതിനഞ്ച് വർഷമായി 'കാരുണ്യകേന്ദ്രം' ഇടപെട്ട് കൊണ്ടിരിക്കുന്നത്. പ്രതിമാസം ഭീമമായസംഖ്യ ഈരംഗത്ത് ചെലവ് വരുന്നുണ്ട്.

ലോകത്തെയാകെ ഭീതിയിലാഴ്ത്തിയ കോവിഡ്–19 മഹാമാരി നമ്മുടെ സാമൂഹികജീവിതത്തെയാകെ നിശ്ചലമാക്കിയ സമയമാണല്ലോ ഇത്.

എന്നാലും, ദുരിതക്കയത്തിൽ നാം കൈപിടിച്ചുയർത്തിയ നൂറ്കണക്കിന് നിരാലംബരായ രോഗികളെ പെരുവഴിയിലേക്ക് തന്നെ തള്ളിവിടാൻ നമുക്കാവില്ലല്ലോ! നമ്മുടെ തലോടലിലൂടെ നഷ്ടപ്പെട്ടുപോയ ജീവിതം വീണ്ടെടുത്തവരാണവർ. ഈ പ്രതിസന്ധിഘട്ടത്തിലും അവരെ ചേർത്ത്പിടിച്ചേ മതിയാകൂ.

സമൂഹം ഞങ്ങളെ ഏൽപ്പിക്കുന്നതെന്തും ഏറ്റവും ആവശ്യക്കാരുടെ വീട്ട്പടിക്കലേ എത്തൂവെന്ന് ഞങ്ങൾ ഉറപ്പ് തരുന്നു. നമുക്കായി വിധി കുറിച്ചുവെച്ച ഏതെങ്കിലും ദുരന്തങ്ങളെ തട്ടിയകറ്റാൻ ദാനധർമ്മങ്ങൾക്ക് കരുത്തുണ്ടെന്ന് വിശ്വസിക്കുന്നവരാണല്ലോ നമ്മൾ. താങ്കളടക്കമുള്ളവരുടെ സകാത്ത്–സ്വദഖകളിലൂടെ വെയിലേറ്റ് വാടിയ ഒട്ടേറെ ദുരിതജീവിതങ്ങൾ കാരുണ്യകേന്ദ്രത്തിലൂടെ പൂക്കുകയും തളിർക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിലും കാരുണ്യകേന്ദ്രത്തിനൊപ്പം താങ്ങുംതണലുമായി താങ്കളുണ്ടാവണം.

പ്രാർത്ഥനയോടെ,

Account Name:
Karunyakendram Palliative Care Society
**A/c. No: 67230686179**
SBI Mongam. **IFSC: SBIN0070840**

**കാരുണ്യകേന്ദ്രം, അത്താണിക്കൽ, വള്ളുവമ്പ്രം പി.ഒ**
**മലപ്പുറം – 673 642, ഫോൺ: +91 483 2772692 / +91 8281 302692**



കാലം തന്നെയായിരുന്നു. കൈയയച്ചു സഹായിച്ചും കിറ്റുകളായും അത് പട്ടിണിയെ വിളിപ്പാടകലെ നിർത്തി. പട്ടിണി ലോകം കീഴടക്കുമ്പോൾ, സഹാനുഭൂതിയുടെ കഥകളാണ് മുസ്‌ലിം സമുദായത്തിന്റെ കരുത്ത്. അയൽവാസിയുടെ പട്ടിണിയെ ജാതിമതഭേദമന്യേ വിശ്വാസത്തിന്റെ മാറ്റ് ആക്കിയത് ഇസ്‌ലാമിന്റെ പ്രവാചകനാണ്. കറിയിൽ വെള്ളം കൂട്ടി, പട്ടിണിയെ വിഭജിച്ചു തോൽപിക്കണമെന്ന വലിയ സാമൂഹിക പാഠം റസൂലിന്റേതാണ്. നാൽപതു വീടുകളോളം കയറിയിറങ്ങി ഭക്ഷണം കഴിച്ചോ എന്ന് ചോദിച്ചതിനു ശേഷം മാത്രം ഭക്ഷിച്ചിരുന്ന അനുയായിവൃന്ദം പുണ്യപ്രവാചകന്റേതായിരുന്നു. അന്യന്റെ വിശപ്പിനെ ഇത്രമേൽ അറിയാൻ നോമ്പെന്ന പുണ്യകർമത്തെ അവസരമാക്കിയതും ഇസ്‌ലാമാണ്. ആ ആവനാഴിയിലെ അവസാനത്തെ അമ്പാണ്, ഈദുൽ ഫിത്വ്ർ സാധുവാകണമെങ്കിലുള്ള ഫിത്വ്ർ സകാത്ത്. നടുക്ക് ആഘോഷവും ചുറ്റും വിശപ്പും എന്നതാണ് ഈ കാലം. ആഘോഷം കുറേ പേർക്കു മാത്രം വിട്ടുകൊടുക്കാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. എല്ലാവർക്കും കുറച്ചെങ്കിലും എന്നത് ഇസ്‌ലാം മാത്രം മുന്നോട്ടു വെക്കുന്ന ജീവൽ പദ്ധതിയാണ്. ഈദ് മുസ്വല്ലയിലെ സുജൂദ് സ്വീകരിക്കപ്പെടണമെങ്കിൽ മനുഷ്യനോടുള്ള ബാധ്യത പൂർത്തീകരിക്കപ്പെടുക തന്നെ വേണം. അതാണീ ദീനിനെ മഴവില്ലുപോലെ മനോഹരമാക്കുന്നതും.

ഈദ് ഒരു ഇബാദത്താണ്. ജീവിതം മൊത്തത്തിൽ ഇബാദത്താണെന്ന് പ്രഖ്യാപിച്ച ഒരു ദർശനത്തിന് ഒഴിവാക്കാൻ ഒന്നുമില്ല. നമസ്കാരത്തിൽ കൈകെട്ടി നിന്ന് പറയുന്നതും മറ്റൊന്നല്ലല്ലോ, 'എന്റെ നമസ്കാരം, എന്റെ ബലി, എന്റെ ജീവിതവും മരണവും എല്ലാം ലോകരക്ഷിതാവായ റബ്ബിനാണ്.' സന്തോഷദായകമാണ് ഈദിന്റെ നിമിഷങ്ങൾ. പുത്തനുടുപ്പും പുതുമണവും നെഞ്ചോടു നെഞ്ച് ചേർത്ത് ആശംസ കൈമാറലും തുടങ്ങി സമൃദ്ധമായ ഭക്ഷണവും ബന്ധു സന്ദർശനങ്ങളും. അല്ലാഹുവിന്റെ സമ്മാനമാണത്. അത് കലർപ്പില്ലാതെ സൂക്ഷിക്കുകയാണ് വിശ്വാസിയുടെ കടമ. അതിരു വിടാത്ത ആഘോഷങ്ങൾ എന്നതാണ് അതിലൊന്ന്. റസൂൽ (സ) മനുഷ്യവികാരങ്ങളെ ഏറ്റവും മാനിച്ചിരുന്ന ആളായിരുന്നു. ഒരു പെരുന്നാൾ ദിനം. റസൂൽ കടന്നുവന്നപ്പോൾ ആഇശ ബീവി ബുആസ് ഗാനങ്ങൾ കേൾക്കുകയായിരുന്നു. താൽപര്യമില്ലാതെ റസൂൽ തിരിഞ്ഞു കിടന്നെങ്കിലും അവരെ പിന്തിരിപ്പിച്ചില്ല. ഉപ്പ അബൂബക്ർ (റ) ആഇശയെ ശകാരിച്ചപ്പോൾ, വെറുതെ വിട്ടേക്കൂ എന്ന് അബൂബക്റിനോട് പറയുകയാണുണ്ടായത്. പിന്നീട് റസൂൽ പ്രിയപത്നിയുടെ കവിൾ തന്റെ കവിളിനോട് ചേർത്തുവെച്ച് സുഡാനികളുടെ അമ്പെയ്ത്ത് മത്സരം വീക്ഷിക്കുകയും ചെയ്തു. മനുഷ്യന്റെ അഭിരുചികളെ അടിച്ചമർത്തുകയല്ല ഇസ്‌ലാം. റസൂലിൽ അതിനു മാതൃക കണ്ടെത്തുക സാധ്യമല്ല. പക്ഷേ, ആഭാസങ്ങളെ നിറമുള്ള കുപ്പായമിടീച്ച്, സുഹൃദ്ബന്ധങ്ങളുടെ തണലിൽ ഒളിച്ചു കടത്താൻ ശ്രമിക്കുന്നത് ഇന്നൊരു പ്രവണതയാണ്. അത് പലപ്പോഴും ധൂർത്തമായ ഒരു ആഘോഷത്തിലേക്കാണ് നയിക്കുക. ധൂർത്തും അമിതവ്യയവും ഇസ് ലാം നിരോധിച്ചിരിക്കുന്നു. ധൂർത്തന്മാർ പിശാചിന്റെ സഹോദരർ എന്നാണ് ഖുർആന്റെ പക്ഷം. ആഘോഷങ്ങളിൽ സന്തോഷം നിറയേണ്ടത് പണക്കൊഴുപ്പിനാലല്ല. മനസ്സിൽ നിന്ന് മനസ്സിലേക്ക് അതിരില്ലാതെ പകരേണ്ടതാണ് സന്തോഷങ്ങൾ. അതിൽ നിന്ന് പാഠം ചെയ്യാനുള്ള യോഗ്യത മനുഷ്യൻ എന്നത് മാത്രമാവണം.

റമദാനിനും ശവ്വാലിലെ സുന്നത്ത് നോമ്പുകൾക്കുമിടയിലെ ഒറ്റ ദിനമാണ് ഈദുൽ ഫിത്വ്ർ. ജീവിതത്തിലെ അവസ്ഥാന്തരങ്ങളുടെ രേഖപ്പെടുത്തലാണത്. മാറിമറിയുന്ന മനുഷ്യാവസ്ഥയുടെ ഒരു മിനിയേച്ചർ. ജീവിതം ഒരൊറ്റ ദിശയിൽ സഞ്ചരിക്കുക അസാധ്യമാണ്. കാറ്റും കോളും ശാന്തതയും ക്ഷേമവും ക്ഷാമവും അതിന്റെ ഭാവങ്ങളാണ്. അല്ലാഹുവിന്റെ മഹത്തായ സൃഷ്ടിയായതുകൊണ്ടാണ് മനുഷ്യൻ അങ്ങനെ സൃഷ്ടിക്കപ്പെട്ടത്. മലക്കുകൾ അങ്ങനെയല്ല. ഒരേ സഞ്ചാരം, ഒരേ ദിശ. ആ മലക്കുകൾ മനുഷ്യന് സുജൂദ് ചെയ്തു. മനുഷ്യന്റെ ഈ അപാരമായ സാധ്യതയെയാണ് അല്ലാഹു മലക്കുകൾക്കു മുകളിൽ പ്രതിഷ്ഠിച്ചത്. ആ സാധ്യതയുടെ മഴവിൽ അവസ്ഥയാണ് ഓരോ ഈദും. അവൻ നോമ്പിലായിരുന്നു. അവനോട് റബ്ബ് പറഞ്ഞു, 'നിർത്തൂ, ഇന്ന് ആഘോഷിച്ചോളൂ.' അവൻ നിറയെ ഭക്ഷണം കഴിച്ചു. അങ്ങോട്ടും ഇങ്ങോട്ടും ഇറങ്ങി നടന്നു. രാത്രി കുറച്ചധികം ഉറങ്ങി. ഉറങ്ങി എണീറ്റപ്പോൾ റബ്ബ് അവനോട് പറയുന്നു, 'ഇനി നിന്റെ ഊഴമാണ്. വീണ്ടും ഒരു ആറു ദിനം കൂടി നോമ്പിലേക്ക് പോകാമെങ്കിൽ, വരാനിരിക്കുന്ന കാലം മുഴുവൻ നോമ്പനുഷ്ഠിച്ച പ്രതിഫലം നിനക്ക് തരും, പക്ഷേ നിർബന്ധമില്ല.' വിവരണാതീതമായ ഒരു സന്ദർഭമാണത്. ഒരു മാസത്തെ നിർബന്ധ പരിശീലനത്തിനും ഒരു ദിവസത്തെ ആഘോഷത്തിനും ശേഷം, അല്ലാഹു മനുഷ്യന് കാര്യങ്ങൾ വിട്ടുകൊടുത്തിരിക്കുന്നു. മാലാഖമാരേക്കാൾ ഉയരാനും പിശാചിനേക്കാൾ താഴാനുമുള്ള അവന്റെ സാധ്യതയെ അറിഞ്ഞു കൊണ്ടു തന്നെ. ●




# പള്ളികൾ അടഞ്ഞു കിടക്കുമ്പോൾ

ലേഖനം / ശൈഖ് മുഹമ്മദ് കാരകുന്ന്
smkarakunnu@gmail.com

റമദാന്റെ അവസാന ദിനങ്ങളിലേക്കെത്തുമ്പോൾ ഏറ്റവും കൂടുതൽ അസ്വസ്ഥപ്പെടുത്തുന്നത് അവസാനത്തെ പത്തിനെക്കുറിച്ച ആലോചനകളാണ്. കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെക്കാലമായി സാധാരണത്തേതിൽ നിന്ന് തീർത്തും വ്യത്യസ്തമായ ജീവിതം നയിച്ചിരുന്ന പത്ത് ദിവസമാണത്. പൊതുജീവിതത്തിൽ നിന്നും ബഹളമയമായ അന്തരീക്ഷത്തിൽനിന്നും തീർത്തും മാറി നിൽക്കുന്ന നാളുകൾ. ഇഅ്തികാഫിരിക്കുന്ന പള്ളി ഗ്രാമപ്രദേശത്തായതിനാൽ അന്തരീക്ഷം പൂർണമായും ശാന്തവും ആളൊഴിഞ്ഞതുമാണ്. വിശാലമായ പള്ളിയിൽ ഇരു നിലകളിലുമായി നമസ്കാര വേളകളിലൊഴിച്ച് മൂന്നോ നാലോ ആളുകളേ ഉണ്ടാവുകയുള്ളൂ. തനിച്ചാകുന്ന ദിവസങ്ങളും വിരളമല്ല. കൊല്ലത്തിൽ ഇങ്ങനെ ഏതാനും നാളുകൾ ഏകാന്ത ധ്യാനത്തിന് ലഭിക്കുന്നതിന്റെ സംതൃപ്തി വാക്കുകളിൽ വിവരിക്കാവുന്നതിലപ്പുറമാണ്. ഞാനും എന്റെ നാഥനുമായുള്ള ആത്മഭാഷണത്തിന് സ്വൈരമായി ഒഴിഞ്ഞുകിട്ടുന്ന പത്തു നാളുകൾ. ഇക്കൊല്ലം കോവിഡ് അതും നഷ്ടപ്പെടുത്തിയിരിക്കുന്നു. പള്ളിയുമായി അകന്നു കഴിയേണ്ടി വന്നതിലെ ദുഃഖത്തിന്റെ തീവ്രതക്ക് അതും ആക്കം കൂട്ടുന്നു.

പള്ളികളുമായി അകന്നുകഴിയുന്നതിന്റെ വേദന എത്രമേൽ കടുത്തതാണെന്ന് ഓരോ വിശ്വാസിയും അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. മസ്ജിദുകൾ നൽകുന്ന ആത്മീയാനുഭൂതി സമാനതകളില്ലാത്തതാണ്. ആത്മീയാനുഭവങ്ങൾ ശാരീരികാനുഭവങ്ങളേക്കാൾ എത്രയോ ശക്തവും തീവ്രവുമാണെന്ന് കഴിഞ്ഞ നാളുകൾ ഓരോ വിശ്വാസിയെയും ബോധ്യപ്പെടുത്തിയിട്ടുണ്ടായിരിക്കും. ഓരോ പ്രദേശത്തെയും ദിനേനയുള്ള അഞ്ചു നേരത്തെ കൂടിച്ചേരലുകൾ നൽകുന്ന അനുഭൂതി വിവരണാതീതമത്രെ.

**അല്ലാഹുവിന്റെ ഭവനം**

പള്ളി അല്ലാഹുവിന്റെ ഭവനമാണ്. വിശ്വാസികൾക്ക് സ്വന്തം വീടുകളേക്കാൾ ഹൃദയബന്ധം ഉണ്ടാകേണ്ട ഇടം. അവർ ഒത്തുകൂടുന്നിടത്ത് ആദ്യം നിർമിക്കപ്പെടുന്ന ഭവനം. ഇബ്റാഹീം നബി തന്റെ പ്രിയതമ ഹാജറിനെയും മകൻ ഇസ്മാഈലിനെയും താമസിപ്പിച്ചത് വിശുദ്ധ കഅ്ബയുടെ അടുത്താണ്. പ്രവാചകൻ മദീനയിലെത്തിയ ഉടനെ ഉണ്ടാക്കിയത് ഖുബാ മസ്ജിദാണ്. സ്ഥിരതാമസത്തിനുള്ള ഇടം കണ്ടെത്തിയപ്പോൾ അവിടെയും ആദ്യം നിർമിച്ചത് പള്ളി തന്നെ, മസ്ജിദുന്നബവി. പിന്നീട് അദ്ദേഹത്തിന്റെ അനുയായികൾ എന്നൊക്കെ, എവിടെയൊക്കെ സംഘമായെത്തിയോ അവരും ചെയ്തത് അതു തന്നെ.

കേരളത്തിൽ മാലികു ബ്നു ദീനാറിന്റെയും മാലികു ബ്നു ഹബീബിന്റെയും നേതൃത്വത്തിൽ ആദ്യമായെത്തിയ മുസ്‌ലിം സംഘം ചെയ്തതും നാടിന്റെ നാനാ ഭാഗങ്ങളിൽ

പള്ളി ഉണ്ടാക്കുകയാണ്. കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ് ഉൾപ്പെടെ ഒമ്പത് പള്ളികൾ അവർ സ്ഥാപിക്കുകയുണ്ടായി(മാപ്പിള മുസ്‌ലിംസ് ഓഫ് കേരള. പേജ്: 48). ഈ പള്ളികളുടെ ഇടവും അവിടങ്ങളിലെ ആദ്യ ഖാദിമാരുടെ പേരും ശൈഖ് സൈനുദ്ദീൻ മഖ്ദൂം തന്റെ *തുഹ്ഫത്തുൽ മുജാഹിദീനിൽ* പ്രത്യേകം ചേർത്തിട്ടുണ്ട്.

ഏതൊരാളും അവന്റെ സ്രഷ്ടാവുമായി ഏറ്റവും കൂടുതൽ അടുക്കുന്ന സന്ദർഭം സുജൂദാണ്. അല്ലാഹുവുമായുള്ള ആത്മഭാഷണത്തിന്റെയും ആത്മനി



വേദനത്തിന്റെയും ഏറ്റവും ഉജ്ജ്വലവും മഹത്തരവുമായ സന്ദർഭം. പ്രവാചകൻ തന്നെ സുജൂദിനെ വിശേഷിപ്പിച്ചത് അങ്ങനെയാണ്. അത് നടക്കുന്ന ഇടം എന്ന നിലയിലാണ് 'മസ്ജിദ്' എന്ന പദം രൂപം കൊണ്ടിട്ടുള്ളത്. ഇത് യഥാവിധി മനസ്സിലാക്കുന്ന ആർക്കും മസ്ജിദുകൾ വിശ്വാസികൾക്ക് നൽകുന്ന ആത്മീയാനുഭൂതിയും ഉൽക്കർഷവും എത്രമേൽ ശക്തവും തീവ്രവുമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എന്റെ നാഥന്റെ ഭവനം എന്നാണ് ഓരോ വിശ്വാസിക്കും പള്ളിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന, ഉണ്ടാകേണ്ട ബോധം. അതുകൊണ്ടുതന്നെ തന്റെ നാഥന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലത്താണ് താനെന്ന വികാരവും പള്ളിയിലിരിക്കുമ്പോഴെല്ലാം വിശ്വാസിയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. മാലാഖമാരുടെയും മനുഷ്യരുടെയും സംഗമസ്ഥാനമാണ് അവിടമെന്ന കാര്യം അവരോർക്കുന്നു.

'പള്ളികൾ അല്ലാഹുവിനുള്ളതാണ്. അതിനാൽ അല്ലാഹുവോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർഥിക്കരുത്' (ഖുർആൻ 72:18).

ഭൂമിയിൽ ഏറ്റവും കൂടുതൽ ആദരിക്കപ്പെടേണ്ട ഇടമാണ് പള്ളി. അതിനാലാണ് അവിടെ പ്രവേശിക്കുമ്പോൾ അഭിവാദന പ്രാർഥന (തഹിയ്യത്ത്) നിർവഹിക്കണമെന്ന് നിശ്ചയിക്കപ്പെട്ടത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഏറെയേറെ ലഭിക്കുന്ന ഇടവുമാണത്. അതുകൊണ്ടുതന്നെയാണ് അവിടെ പ്രവേശിക്കുമ്പോൾ ഇങ്ങനെ പ്രാർഥിക്കണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നത്; 'അല്ലാഹുവേ, നീ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ. നിന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ എനിക്ക് തുറന്നുവെച്ചു തരേണമേ.'

പള്ളി അല്ലാഹുവിന്റെ ഭവനമായതിനാൽ മറ്റിടങ്ങളിൽ വെച്ച് ചെയ്യുന്ന പലതും പള്ളിയിൽ നടത്തുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അവിടം എപ്പോഴും വൃത്തിയും ശുദ്ധിയുമുള്ളതായിരിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. അതോടൊപ്പം പള്ളിയുള്ളിടങ്ങളിലെല്ലാം അവിടെ വെച്ചാണ് നിർബന്ധ നമസ്കാരം നിർവഹിക്കേണ്ടത്. വിശ്വാസികളുടെ ജീവിതവുമായി ഇവ്വിധം കെട്ടുപിണഞ്ഞു കിടക്കുന്ന പള്ളികളാണ് കഴിഞ്ഞ കുറേ ആഴ്ചകളായി അടഞ്ഞു കിടക്കുന്നത്. അതുണ്ടാക്കുന്ന ഹൃദയവേദനയും ആത്മനൊമ്പരവും വിവരണാതീതം തന്നെ. എന്നാൽ അതിപ്രധാനമായ സാമൂഹിക ആവശ്യനിർവഹണത്തിനു വേണ്ടിയാണെന്നതിനാൽ വിശ്വാസികളെല്ലാം ദുഃഖമൊക്കെയും മനസ്സിലൊതുക്കി ക്ഷമിച്ചും സഹിച്ചും പ്രാർഥിച്ചും കഴിഞ്ഞുകൂടുന്നു, ഒരു നാൾ എല്ലാം മാറുമെന്ന പ്രതീക്ഷയോടെ.

**എല്ലാവർക്കും അനുഗ്രഹം**

ഓരോ പ്രദേശത്തെയും വിശ്വാസികളെ കൂട്ടിയിണക്കുന്ന കണ്ണിയാണ് പള്ളി. പരിസരപ്രദേശങ്ങളിലുള്ളവർ ദിനേന അഞ്ചു നേരം അവിടെ ഒത്തുകൂടുന്നു. കുശലാന്വേഷണങ്ങൾ നടത്തുന്നു. സൗഹൃദം പങ്കിടുന്നു. പ്രദേശത്തെ വിവരങ്ങൾ കൈമാറുന്നു. ഒരുമിച്ച് പ്രാർഥിക്കുന്നു. അവർക്കിടയിൽ സ്നേഹോഷ്മള വികാരം നിറഞ്ഞുനിൽക്കാൻ മറ്റെന്തു വേണം! വെള്ളിയാഴ്ചകളിൽ പള്ളിയുമായി ബന്ധപ്പെട്ട എല്ലാവരും അവിടെ ഒരുമിച്ചു കൂടുന്നു. സമകാലിക സംഭവ വികാസങ്ങളെ ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുന്നത് കേൾക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം ഇടപഴകുന്നു. സുഖ വിവരങ്ങൾ കൈമാറുന്നു.

ഓരോ പള്ളിയും കേന്ദ്രീകരിച്ചുള്ള മഹല്ല് സംവിധാനം ഇസ്‌ലാമിക

ഭരണകൂടത്തിന്റെ അഭാവത്തിൽ അത് നിർവഹിക്കേണ്ട കാര്യങ്ങൾ സാധ്യതയുടെ പരമാവധി പൂർത്തീകരിക്കുന്നു. സാമ്പത്തികമായി പ്രയാസപ്പെടുന്നവരെ സഹായിക്കുക, അഗതികളുടെയും അനാഥരുടെയും പ്രശ്നങ്ങൾ പരിഹരിക്കുക, പ്രദേശത്തെ വിദ്യാർഥികളുടെ പഠന കാര്യങ്ങൾ ശ്രദ്ധിക്കുക, മഹല്ല് നിവാസികളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും ആരോഗ്യപരവും കുടുംബപരവുമായ കാര്യങ്ങൾ ഭംഗിയായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക പോലുള്ളവക്കെല്ലാം ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നു. ഇങ്ങനെ പള്ളികൾ അവയുമായി ബന്ധപ്പെട്ട ജനവിഭാഗത്തിന്റെ ഇരുലോക വിജയത്തിനുമാവശ്യമായ കാര്യങ്ങളിൽ പരമാവധി ശ്രദ്ധിക്കുന്നു. അഥവാ, ഇതൊക്കെയാണ് പള്ളികളിലൂടെ നിർവഹിക്കപ്പെടുന്നത്. അത്തരം ഒരു സ്ഥാപനം അടച്ചുപൂട്ടപ്പെടുമ്പോൾ അതുണ്ടാക്കുന്ന ആഘാതം മനസ്സിലാക്കാവുന്നതേയുള്ളൂ.

ജാതി, മത, വിശ്വാസ, വീക്ഷണ, വൈജാത്യങ്ങൾക്കതീതമായി പ്രദേശത്തെ എല്ലാവർക്കും അനുഗ്രഹമായി മാറും വിധമായിരിക്കണം പള്ളികളെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. നാട്ടുകാരായ ആർക്കും എന്താവശ്യത്തിനും അവിടെ കയറിവരാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അപ്പോഴാണ് പള്ളി പ്രദേശത്തെ മുഴുവൻ ആളുകളുടെയും സ്ഥാപനമായും അനുഗ്രഹമായും മാറുക. കേരളത്തിലെ പല പള്ളികളും അവ്വിധമായിരുന്നതിനാലാണ് അവയുടെ നിർമാണത്തിൽ ഹൈന്ദവ സഹോദരീസഹോദരന്മാർ എടുത്തു പറയാവുന്ന സംഭാവനകളർപ്പിച്ചത്. കേരളത്തിലെ അറിയപ്പെടുന്ന പല പള്ളികളും നിൽക്കുന്ന സ്ഥലങ്ങൾ സഹോദര സമുദായാംഗങ്ങൾ സംഭാവന ചെയ്തവയാണ്. മുസ്‌ലിംകളെ പോലെ അവരും കേസ്സുകൾ പരിഹരിക്കാൻ നീതി തേടി വന്നിരുന്നത് പലപ്പോഴും പള്ളികളിലേക്കാണ്.

ഇങ്ങനെ പള്ളികൾ ഓരോ പ്രദേശത്തെയും പൊതു സ്ഥാപനമായി നിലകൊള്ളണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഭൂമിയിലെ ആദ്യത്തെ ആരാധനാലയമായ വിശുദ്ധ കഅ്ബ നിൽക്കുന്ന ഇടം സുഭിക്ഷവും സുരക്ഷിതവുമാകണമെന്നാണല്ലോ ഇബ്റാഹീം നബി പ്രാർഥിച്ചത്. അവിടത്തുകാരെ പേടിയിൽ നിന്നും പട്ടിണിയിൽ നിന്നും മോചിപ്പിച്ചതായി അല്ലാഹു അറിയിക്കുകയും ചെയ്തു (106:3,4).

ആദ്യകാലം തൊട്ടുതന്നെ പള്ളികൾ വിജ്ഞാനകേന്ദ്രങ്ങളായിരുന്നു. ഇസ്‌ലാമിന്റെ സുവർണ കാലത്ത് അവിടം സർവകലാശാലകളായിരുന്നു. വിവിധ ശാസ്ത്രശാഖകൾ വരെ അവിടെ പഠിപ്പിച്ചിരുന്നു. കേരളത്തിൽ വ്യവസ്ഥാപിത മതവിദ്യാഭ്യാസം ആരംഭിച്ചതു തന്നെ പൊന്നാനി പള്ളിയിൽ നിന്നാണ്. കേരളത്തിലുൾപ്പെടെ ലോകമെങ്ങും ഇന്നും പള്ളികൾ വിജ്ഞാന വിതരണ കേന്ദ്രങ്ങളായി തുടരുന്നു. പ്രഭാഷണങ്ങളിലൂടെയും പഠന ക്ലാസുകളിലൂടെയുമാണെന്നു മാത്രം. ഇങ്ങനെ ഓരോ പ്രദേശത്തും പ്രകാശം പരത്തുന്ന ഇടങ്ങളായി പള്ളികൾ മാറുന്നു.

**പ്രബോധനവും പോരാട്ടങ്ങളും**

പ്രവാചകന്റെ കാലം തൊട്ടുതന്നെ പള്ളികളായിരുന്നു ഇസ്‌ലാമിക പ്രബോധനത്തിന്റെ മുഖ്യ കേന്ദ്രങ്ങൾ. അന്ന് തൊട്ടിന്നോളം ഇതുതന്നെയാണ് ലോകമെങ്ങുമുള്ള അവസ്ഥ. കേരളത്തിൽ ഇസ്‌ലാമിക പ്രചാരണം പ്രധാനമായും ഏറ്റെടുത്ത് നടത്തിയത് പള്ളികൾ തന്നെയാണ്. വിശ്വാസികളെ സംബന്ധിച്ചേടത്തോളം എല്ലാ മഹദ്കൃത്യങ്ങളുടെയും പ്രചോദനം ആരാധനകളാണ്. അവയിൽ ഏറ്റം പ്രധാനം നമസ്കാരം തന്നെ. അത് നിർവഹിക്കപ്പെടുന്ന ഇടമെന്ന നിലയിൽ എക്കാലത്തെയും വിമോചന പോരാട്ടങ്ങളുടെയും സ്വാതന്ത്ര്യ സമരങ്ങളുടെയും സിരാകേന്ദ്രങ്ങൾ കൂടിയായിരുന്നു പള്ളികൾ. കേരളത്തിലും മുസ്‌ലിംകൾ പോർച്ചുഗീസ് വിരുദ്ധ പോരാട്ടങ്ങൾക്കും ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്കും പ്രചോദനമുൾക്കൊണ്ടതും ഇന്ധനം സ്വീകരിച്ചതും പള്ളികളിൽ നിന്നു തന്നെയാണ്. കേരളത്തിൽ പള്ളികളുടെ സംരക്ഷണത്തിനു വേണ്ടിയും പോരാട്ടം നടത്തേണ്ടി വന്നിട്ടുണ്ട്. ചേറൂരും തിരൂരങ്ങാടിയും മമ്പുറവും ഓമാനൂരുമൊക്കെ ചരിത്രത്തിൽ ഇടം നേടിയത് അങ്ങനെയാണ്. ബ്രിട്ടീഷാധിപത്യത്തിൽ ഇരുപതാം നൂറ്റാണ്ടിനു മുമ്പ് നടന്ന തൊണ്ണൂറ് കലാപങ്ങളിൽ മുപ്പത്തി ഒന്നും പള്ളികൾക്കെതിരായ കൈയേറ്റങ്ങളെ പ്രതിരോധിക്കാൻ വേണ്ടിയായിരുന്നുവെന്ന് വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്.

**വ്യക്തിപരമായ നഷ്ടം**

ഏതൊരാളെയും വ്യക്തിജീവിതത്തിൽ വായനക്കും പഠനത്തിനും നിർബന്ധമാക്കുന്ന കർമമാണ് ജുമുഅഃ ഖുത്വ്ബ. ഫറോക്ക് റൗദത്തുൽ ഉലൂം അറബിക് കോളേജിൽ മൂന്നാം വർഷ വിദ്യാർഥിയായിരിക്കെ പതിനേഴാമത്തെ വയസ്സിലാണ് ജുമുഅ ഖുത്വ്ബ നിർവഹിക്കാൻ തുടങ്ങിയത്. ഒന്നിടവിട്ട ആഴ്ചകളിൽ ബേപ്പൂർ



പള്ളിയിൽ ആദരണീയ അധ്യാപകൻ മുഹമ്മദ് അബുസ്സലാഹ് മൗലവിയെ പ്രതിനിധീകരിച്ച് ഖുത്ബ നിർവഹിക്കും. തൊട്ടുള്ള ഇടവിട്ട ആഴ്ചകളിൽ കോഴിക്കോട് നല്ലളത്ത് ബഹുമാന്യനായ ഗുരുനാഥൻ അബ്ദുൽ കരീം തങ്ങളെ പ്രതിനിധീകരിച്ചും. അതിനാൽ എനിക്ക് എല്ലാ ആഴ്ചയും ഖുത്ബ ഉണ്ടാവും. അന്നു തൊട്ടിന്നോളം അത്യപൂർവമായല്ലാതെ ഖുത്ബ മുടങ്ങിയിട്ടില്ല. മൂന്ന് പതിറ്റാണ്ടിലേറെയായി നാട്ടിലെ വീടിനടുത്തുള്ള മസ്ജിദുൽ ഫലാഹിൽ ഖുത്ബ നിർവഹിക്കുന്നു. അനിവാര്യമായ കാരണങ്ങളാൽ ഇടവേളകളിൽ ഏതാനും വർഷം അരീക്കോട്ടും വണ്ടൂരും മഞ്ചേരിയിലും എടവണ്ണ മുണ്ടേങ്ങരയിലും ഖുത്ബ നിർവഹിക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോഴും നാട്ടിൽ തന്നെയാണ് ഖുത് ബ നടത്താറുള്ളത്.

ഖുത്ബ വലിയ ഭാരവും ബാധ്യതയുമായാണ് അനുഭവപ്പെടാറുള്ളത്. പ്രത്യേകിച്ചും ഒരേ സ്ഥലത്ത് കൊല്ലങ്ങളോളം അത് നടത്തേണ്ടിവരുന്നതിനാൽ. എന്നാൽ അത് ഏറെ ആഹ്ലാദകരവുമാണ്.

ഖുത്ബക്ക് തയാറെടുക്കുകയെന്നത് വലിയ ഭാരമാണെന്നതോടൊപ്പം തന്നെ വളരെയേറെ സന്തോഷം നൽകുന്നതും അനുഭൂതിദായകവുമാണ്. വായനക്കും ചിന്തക്കും അന്വേഷണത്തിനുമിടയിൽ പുതിയ എന്തെങ്കിലും അറിവ് ലഭിക്കാതിരിക്കില്ല. അപ്പോഴുണ്ടാകുന്ന നിർവൃതി വളരെ വലുതാണ്. ഖുത്ബ നിർവഹിച്ചുകഴിയുമ്പോഴുണ്ടാകുന്ന ആശ്വാസവും അനിർവചനീയം തന്നെ.

നാട്ടിൽ തന്നെ ഖുത്ബ നടത്തിപ്പോരുന്നതിൽ വ്യക്തിപരമായ ഒരു താൽപര്യവുമുണ്ട്. നാട്ടുകാരെയെല്ലാം ഒരുമിച്ച് കാണാമെന്നതും അവരുമായി സംവദിക്കാമെന്നതും ബന്ധവും സൗഹൃദവും പുതുക്കാമെന്നതുമാണത്. നാലു പതിറ്റാണ്ടോളമായി നാട്ടിലും വീട്ടിലുമുണ്ടാകുന്ന ഏക ദിവസവും വെള്ളിയാഴ്ച തന്നെ.

എന്നാൽ കോവിഡ് എല്ലാറ്റിനെയും തകിടം മറിച്ചിരിക്കുന്നു. പള്ളി വീടിന് വളരെ അടുത്തായിരുന്നിട്ടും അവിടെ പോകാൻ കഴിയുന്നില്ല. ഖുത്ബക്ക് തയാറെടുക്കുന്ന വ്യാഴാഴ്ചയും അത് നിർവഹിക്കുന്ന വെള്ളിയാഴ്ചയും അനുഭവിക്കുന്ന ശൂന്യതയുടെ ആഴവും പരപ്പും വാക്കുകളിലൊതുക്കാവുന്നതല്ല.

**വീടുകൾ ഖിബ്‌ലകളായപ്പോൾ**

വിശ്വാസികൾക്ക് ഒത്തുകൂടാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ എന്തു ചെയ്യും? ഖുർആൻ പഠിപ്പിച്ചതും പ്രവാചകൻ അറിയിച്ചതും പൂർവിക സമൂഹങ്ങൾ ചെയ്തതും പ്രായോഗികമായതും



ഒന്നു തന്നെ. മൂസാ നബിയുടെ കാലത്തെ ഈജിപ്തിലെ വിശ്വാസികൾക്ക് ഒരിടത്തും ഒത്തുകൂടാൻ സാധ്യമായിരുന്നില്ല. അവിടെ നിലനിന്നിരുന്ന ഏകാധിപത്യ, സ്വേഛാധിപത്യ, മർദക, ഭീകര ഭരണകൂടം അവരെ ഒന്നിനും അനുവദിച്ചിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ മൂസാ നബി അവർക്കു നൽകിയ നിർദേശം ഖുർആനിലുണ്ട്: ''മൂസാക്കും അദ്ദേഹത്തിന്റെ സഹോദരന്നും നാം ബോധനം നൽകി: നിങ്ങളിരുവരും നിങ്ങളുടെ ജനതക്കായി ഈജിപ്തിൽ ഏതാനും വീടുകൾ തയാറാക്കുക. നിങ്ങളുടെ വീടുകളെ നിങ്ങൾ ഖിബ്‌ലകളാക്കുക. നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക. സത്യവിശ്വാസികളെ ശുഭവാർത്ത അറിയിക്കുകയും ചെയ്യുക'' (10:87).

കോവിഡും ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുന്നു. അതിനാൽ ലോകമെങ്ങുമുള്ള മുസ്‌ലിം വീടുകളിന്ന് പള്ളികളായി മാറിയിരിക്കുന്നു. ഭൂമിയൊക്കെയും മസ്ജിദുകളാണെന്ന് പ്രവാചകൻ തന്നെ പഠിപ്പിച്ചിട്ടുണ്ടല്ലോ.

വീടുകളിൽ ഒതുങ്ങിക്കൂടുന്ന കാലം കുടുംബത്തെ സംബന്ധിച്ചേടത്തോളം സന്തോഷത്തിന്റെയും നിർവൃതിയുടെയും നാളുകളാണ്. ഇത്ര ദീർഘകാലം കുടുംബാംഗങ്ങൾക്ക് ഒന്നിച്ചു കഴിയാൻ മുമ്പൊരിക്കലും സാധിച്ചിട്ടുണ്ടാവില്ല. അതുകൊണ്ടുതന്നെ പള്ളികൾ അടച്ചുപൂട്ടപ്പെട്ട സാഹചര്യത്തിൽ വിശ്വാസികളുടെ വീടുകൾ ചരിത്രത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ആരാധനാനുഷ്ഠാനങ്ങളുടെയും പ്രാർഥനകളുടെയും കീർത്തനങ്ങളുടെയും ഭക്തിസാന്ദ്രമായ ഇടങ്ങളായി മാറിയിരിക്കുന്നു. അഞ്ചു നേരവും സംഘടിത നമസ്കാരം നടക്കാത്ത വിശ്വാസികളുടെ വീടുകളിന്ന് വളരെ വിരളമായിരിക്കും. ഈ കോവിഡ് കാലത്ത് കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള നമസ്കാരവും പ്രാർഥനകളും ഖുർആൻ പാരായണവും പഠനവും ചർച്ചകളും ഭക്ഷണവും നൽകുന്ന സംതൃപ്തിയും സ്നേഹവികാരങ്ങളുടെ ഊഷ്മളതയും അനുഭവിക്കാത്തവർ നന്നേ കുറവായിരിക്കും.

പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റുന്നവരാണല്ലോ വിശ്വാസികൾ. പ്രയാസത്തോടൊപ്പമാണ് എളുപ്പമെന്ന് അവർ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. കോവിഡ് കാരണം അടഞ്ഞു കിടക്കുന്ന ഓരോ പള്ളിയുമായും ബന്ധപ്പെട്ട വീടുകളെയെല്ലാം പള്ളികളാക്കി മാറ്റിയിരിക്കുകയാണല്ലോ നാം. കോവിഡാനന്തരം പള്ളികൾ തുറക്കപ്പെടുമ്പോൾ, പള്ളികളായി മാറിയ നൂറുകണക്കിനു വീടുകളിൽനിന്ന് ആവാഹിച്ച ആത്മീയോർജവുമായാണ് വിശ്വാസികൾ ഓരോ പള്ളിയിലും എത്തുകയെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിക്കാം.



بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA
www.baithuzzakathkerala.org

കഴിഞ്ഞ 20 വർഷമായി സംഘടിത സകാത്ത് മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ സകാത്ത് സംരംഭമാണ് ബൈത്തുസകാത്ത് കേരള. ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാത്ത ആയിരക്കണക്കിന് ആളുകളുടെ അപേക്ഷകളാണ് ബൈത്തുസകാത്തിന് മുന്നിലെത്തുന്നത്. സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും രൂക്ഷമായ ഈ വറുതിയുടെ കാലത്ത് സകാത്തിന്റെ ശരിയായ വിനിയോഗത്തിലൂടെ നമുക്ക് വലിയ ദൗത്യം നിർവ്വഹിക്കാനുണ്ട്.
**ഏറ്റവും അർഹരിലേക്ക് സകാത്ത് എത്തിക്കാൻ നിങ്ങളുടെ** സകാത്ത് ബൈത്തുസകാത്ത് കേരളയെ ഏൽപിക്കുമല്ലോ

**എം.ഐ അബ്ദുൽ അസീസ്**
അമീർ, ജമാഅത്തെ ഇസ്‌ലാമി കേരള

## മുൻ വർഷങ്ങളിൽ ബൈത്തുസകാത്തിലൂടെ വിതരണം ചെയ്ത സഹായങ്ങൾ

**1654**
വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിനുള്ള സഹായം

**1563**
വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ

**2242**
വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

**1781**
വ്യക്തികൾക്ക് റേഷൻ/പെൻഷൻ

**214**
കുടിവെള്ള പദ്ധതികൾ

**2731**
വീടുകളുടെ നിർമാണ പൂർത്തീകരണത്തിന് സഹായം

**752**
വീടുകളുടെ നിർമാണത്തിന് പൂർണ്ണ സഹായം

**3452**
രോഗികൾക്ക് ചികിത്സാ സഹായം

| | | |
|---|---|---|
| Baithuzzakath Kerala<br>Federal Bank<br>**SB A/C 13890100118107**<br>IFSCODE -FDRL0001389<br>S M Street branch<br>Kozhikode | Baithuzzakath Kerala<br>Federal Bank<br>**CA A/C 13890200007325**<br>IFSCODE -FDRL0001389<br>S M Street branch<br>Kozhikode | Baithuzzakath Kerala<br>Axis Bank<br>**SB A/C 917010070927988**<br>IFSCode: UTIB0002916<br>Mavoor Road Branch<br>Calicut-673004 |

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA
www.baithuzzakathkerala.org

Calicut Charitable Trust Building Mavoor Road, Calicut, Kerala
India - 673004 **Phone : 0495 - 2743701, Mob : 9846888700**

PAN -AACTB0177F
For ensuring receipt please send transfer details to mobile No.
9605000752 (whatsapp) or mail to baithuzzakathkerala@gmail.com



# പ്രതിസന്ധികാലത്ത് സൂറഃ യൂസുഫ് നൽകുന്ന പാഠങ്ങൾ

ലേഖനം / ഡോ. താജ് ആലുവ

tajaluva@gmail.com

വിശുദ്ധ ഖുർആനിൽ ഉമറുബ്നുൽ ഖത്ത്വാബി(റ)ന് ഏറ്റവും ഇഷ്ടപ്പെട്ട അധ്യായങ്ങളിലൊന്നായിരുന്നുവത്രെ സൂറഃ യൂസുഫ്. ഇശാ നമസ്കാരങ്ങളിൽ പതിവായി അത് പാരായണം ചെയ്യുക അദ്ദേഹത്തിന്റെ ശീലമായിരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നിത്യജീവിതത്തിൽ മനുഷ്യൻ അനുഭവിക്കുന്ന പ്രയാസങ്ങളിലും അവൻ കടന്നുപോകുന്ന പ്രതിസന്ധികളിലും തുണയാകുന്ന ഒരുപാട് പാഠങ്ങൾ ഈ അധ്യായം മുന്നോട്ടുവക്കുന്നു. ഖുർആനെക്കുറിച്ച് മൊത്തത്തിൽതന്നെ അല്ലാഹുവിന്റെ വിശേഷണം അത് ഹൃദയവേദനകൾക്ക് ശമനമാണെന്നതാണ്. ഈ അധ്യായത്തിൽ പ്രത്യേകിച്ചും, നിത്യജീവിത പ്രതിസന്ധികളെ അതിജയിക്കാനുതകുന്ന പാഠങ്ങൾ നമുക്ക് കൃത്യമായി വായിച്ചെടുക്കാൻ സാധിക്കുന്നു. കോവിഡ് കാലത്ത് മാനസികപ്രയാസമനുഭവിക്കുന്ന സന്ദർഭത്തിൽ അർഥമറിഞ്ഞ്, ആശയമുൾക്കൊണ്ട് പാരായണം ചെയ്യേണ്ട അധ്യായമാണ് സൂറത്ത് യൂസുഫ്.

ഏത് കടുത്ത ജീവിത സാഹചര്യങ്ങളിലും ശുഭാപ്തി കൈവിടാതെ മുന്നോട്ടുപോകാനുള്ള കരുത്തുണ്ടാകണമെന്നതാണ് യൂസുഫ് നബി(അ)യും പിതാവ് യഅ്ഖൂബ് നബി(അ)യും സ്വജീവിതത്തിലൂടെ നൽകുന്ന സന്ദേശം. ഒന്നിലധികം സന്ദർഭങ്ങളിൽ യഅ്ഖൂബ് നബിയുടെ വചനങ്ങളിലൂടെ അത് അല്ലാഹു നമ്മെ പഠിപ്പിക്കുന്നു. യൂസുഫിനെ ചെന്നായ പിടിച്ചുവെന്ന് പറയുന്ന സഹോദരങ്ങളോട്, അത് വ്യക്തമായ കളവാണെന്ന് ബോധ്യപ്പെട്ടിട്ടുകൂടി, സ്നേഹവത്സലനായ പിതാവ് പറയുന്നത് ശ്രദ്ധിക്കുക: 'നിങ്ങൾ ചെയ്ത കാര്യം നിങ്ങൾക്ക് നല്ലതായി തോന്നുന്നത് നിങ്ങളുടെ ചീത്ത കൽപിക്കുന്ന മനസ്സിന്റെ പ്രശ്നമാണ്. എന്നെ സംബന്ധിച്ചേടത്തോളം ഞാൻ മനോഹരമായി ക്ഷമിക്കാൻ കഴിയുന്നവനാണ്. നിങ്ങൾ ഈ വിശദീകരിക്കുന്ന കാര്യത്തിൽ എന്നെ സഹായിക്കാൻ അല്ലാഹു മാത്രം മതി.'

മക്കൾ ചെയ്ത കൊടുംക്രൂരകൃത്യത്തെയും അവരുടെ സ്വഭാവദൂഷ്യത്തെയും അംഗീകരിച്ചുകൊണ്ട് നടത്തുന്ന ഒരു പ്രഭാഷണമല്ല ഇതെന്ന് ആർക്കും ബോധ്യപ്പെടും. മറിച്ച്, അവർ നൽകിയ വിശദീകരണം വ്യക്തമായ കളവാണെന്ന് തനിക്ക് മനസ്സിലായിരിക്കുന്നു, എന്നാൽ അതിന്റെ പേരിൽ അവരോട് തർക്കിക്കാനോ അവരെ ശിക്ഷിക്കാനോ കൂട്ടാക്കാതെ, തികച്ചും proactive (കഠിനതരമായ സാഹചര്യത്തിൽ തികഞ്ഞ മനോനിയന്ത്രണത്തോടെ പെരുമാറുക) ആയ രൂപത്തിൽ അവരോട് പ്രതികരിക്കുകയാണ് യഅ്ഖൂബ് (അ). അതു തന്നെയാണ് അവരുടെ മാനസാന്തരത്തിനുള്ള ഒന്നാമത്തെ മരുന്നെന്ന് അദ്ദേഹം തീരുമാനിക്കുകയാണ് (പിന്നീട് കഥ പുരോഗമിക്കുമ്പോൾ നമുക്കത് ബോധ്യപ്പെടുകയും ചെയ്യും).

നീണ്ട കാലയളവിൽ അപ്രത്യക്ഷമായിട്ടും (40 വർഷമെന്ന്ചില റിപ്പോർട്ടുകൾ) യൂസുഫി(അ)നെക്കുറിച്ച ശുഭപ്രതീക്ഷ കൈവിടാതെ, അല്ലാഹുവിന്റെ അനന്തമായ കാരുണ്യത്തിൽ വി

ശ്വാസമർപ്പിക്കുന്ന യഅ്ഖൂബ് നബി(അ) യുടെ ചിത്രം ഖുർആൻ വരച്ചുകാണിക്കുന്നത് അത്യന്തം ഹൃദയാവർജകമായിട്ടാണ്. കദനഭാരത്താൽ കണ്ണുകാണാതായിപ്പോകുന്ന ഒരു ഘട്ടത്തിൽ (ഈ ഭാഗം ഖുർആൻ വിവരിക്കുന്നത് പാരായണം ചെയ്യുമ്പോൾ ഉമർ (റ) തേങ്ങിക്കരയുമായിരുന്നു) ആളുകൾ അദ്ദേഹത്തോട് പറയുന്നു: 'താങ്കൾ ഇപ്പോഴും യൂസുഫിനെ ഓർത്തുകൊണ്ടിരിക്കുകയാണോ? ഈയൊരവസ്ഥയിൽ താങ്കൾ നശിച്ചു പോയേക്കാം.' അവിടെ യഅ്ഖൂബ് നബിയുടെ മറുപടി: 'ഞാനെന്റെ പരാതികളും പരിദേവനങ്ങളും സമർപ്പിക്കുന്നത് സർവശക്തനായ അല്ലാഹുവിന്റെ മുന്നിലാണ്. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചും പ്രതിസന്ധികളിലകപ്പെട്ടവരെ അവൻ രക്ഷപ്പെടുത്തുന്ന വഴികളെക്കുറിച്ചും നിങ്ങൾക്ക് അറിയാത്തത് എനിക്കറിയാം' (നമസ്കാരത്തിൽ അബൂബക്റിനെ (റ) കരയിച്ച വാക്കുകളാണിവ).

തന്റെ രണ്ടാമത്തെ മകനും അപ്രത്യക്ഷമാകുന്ന സന്ദർഭം. പുത്രവാത്സല്യത്താൽ തരളിതമായ ആ ഹൃദയത്തിന് താങ്ങാനാവുന്നതിലും അപ്പുറമായിരുന്നു ഈ ആഘാതവും. നേരത്തേതന്നെ മറ്റു മക്കളോട് അല്ലാഹുവിനെ മുൻനിർത്തി കരാറ് ചെയ്തതിനു ശേഷവും ബിന്യാമിനെ രക്ഷിക്കാനവർക്ക് സാധിക്കാത്തതിലുള്ള അദ്ദേഹത്തിന്റെ വ്യസനവും വ്യഥയും അതിന്റെ ഏറ്റവും പാരമ്യത്തിലെത്തുന്നു. പക്ഷേ അവിടെയും അദ്ദേഹം ക്ഷമ കൈവിടുന്നില്ല. മക്കളോടുള്ള അദ്ദേഹത്തിന്റെ നിർദേശം ഇതു മാത്രമാണ്: 'നിങ്ങൾ പോയി യൂസുഫിനെയും അവന്റെ സഹോദരനെയും അന്വേഷിക്കുക. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ പ്രതീക്ഷയറ്റവരാകരുത്. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയറ്റവർ അവനെ അറിഞ്ഞു നിഷേധിക്കുന്ന ജനത മാത്രമാണ്' (സൂക്തം 87). അവസാനം യൂസുഫിന്റെ കുപ്പായവുമായി വരുന്നവരോടുള്ള അദ്ദേഹത്തിന്റെ പ്രതികരണവും അടിയുറച്ച ദൈവാശ്രിതത്വത്തിന്റെ ഉത്തമ നിദർശനമാണ്. ദൂരെ നിന്ന് യൂസുഫിന്റെ വസ്ത്രം മണത്തറിഞ്ഞ അദ്ദേഹം അവരോട് പറയുന്നു: 'ഞാൻ നിങ്ങളോട് പറഞ്ഞിരുന്നില്ലേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങളറിയാത്തത് എനിക്കറിയാമെന്ന്' (സൂക്തം 96).

പ്രതിസന്ധികളിൽ മുൻകൂട്ടി നടത്തേണ്ട ആസൂത്രണത്തെക്കുറിച്ച് യൂസുഫ് (അ) പഠിപ്പിക്കുന്നുണ്ട്. രാജാവിന്റെ സ്വപ്നവ്യാഖ്യാനം നടത്തിയത് അല്ലാഹു അദ്ദേഹത്തിന് പ്രത്യേകമായി കൊടുത്ത കഴിവായിരുന്നെങ്കിൽ കൂടി നിലവിലുള്ള സാഹചര്യത്തെ മുൻനിർത്തി വരാനിരിക്കുന്ന പ്രതിസന്ധികളെ മറികടക്കാനുള്ള പ്രായോഗിക പാഠങ്ങൾ പകർന്നു നൽകുന്നുണ്ട് അദ്ദേഹം. സ്വപ്നത്തിൽ തെളിയുന്നത് ഏഴ് വർഷം ഐശ്വര്യത്തിന്റെ കാലവും തുടർന്ന് ഏഴ് വർഷം ക്ഷാമകാലവുമെന്നതാണെങ്കിൽ ആ ക്ഷാമകാലത്തെ എങ്ങനെ മറികടക്കാമെന്ന ആസൂത്രണവും അതിനുള്ള പ്രായോഗിക പരിപാടികളും യൂസുഫ് നബി(അ)യുടേതാണ്. ഐശ്വര്യകാലത്തെ വിളകൾ ശേഖരിച്ചു വെക്കാനും എല്ലാവർക്കും മിതമായി റേഷൻ ഏർപ്പെടുത്താനും കൈവന്ന സമ്പത്തിനെ സൂക്ഷിച്ചുപയോഗപ്പെടുത്താനുമൊക്കെയുള്ള പ്രായോഗിക ബുദ്ധിയാണ് ക്ഷാമത്തിന്റെ കെടുതികളിൽനിന്ന് ഈജിപ്തിനെ രക്ഷിക്കുന്നത്. കൊറോണ പോലുള്ള മഹാമാരിയുടെ ഘട്ടത്തിൽ വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ആഴം വിദഗ്ധർ നമുക്ക് വിവരിച്ചുതരുന്നുണ്ട്. അത് വ്യാവസായിക-വാണിജ്യ മേഖലയിലുള്ള മാന്ദ്യവും



തൊഴിൽ നഷ്ടവും ആഭ്യന്തര ഉൽപാദനത്തിലെ ഇടിവും പണപ്പെരുപ്പവുമൊക്കെയായി നമ്മുടെ മുന്നിൽ നിറയുമ്പോൾ, പകച്ചുനിൽക്കുന്നതിനു പകരം ഉള്ള വിഭവങ്ങളെ സൂക്ഷിച്ചുപയോഗിക്കാനും ധൂർത്തും ദുർവ്യയവുമൊക്കെ ഒഴിവാക്കാനും അടുത്ത ഏതാനും വർഷങ്ങൾ കരുതലോടെ ജീവിതം മുന്നോട്ടു നയിക്കാനുമൊക്കെയുള്ള പാഠങ്ങൾ തീർച്ചയായും യൂസുഫ് നബി(അ)യുടെ കഥയിൽനിന്ന് നമുക്ക് ലഭിക്കും.

സൂറഃ യൂസുഫിലെ മറ്റൊരു പാഠം: വ്യക്തിപരമായ സത്യസന്ധത കാത്തുസൂക്ഷിക്കുകയും താൻ വിശ്വസിക്കുന്ന മൂല്യങ്ങളോട് ഏത് പ്രതികൂലാവസ്ഥയിലും പ്രതിബദ്ധത പുലർത്തുകയും (Perosnal Integrity) ചെയ്യുന്നവന്, അനിതരസാധാരണമായ ധൈര്യവും ഭാവിയെക്കുറിച്ച ശുഭാപ്തിയും കൈവരുന്നു. അത്തരമൊരു വ്യക്തിയെ താൽക്കാലികമായി വേണമെങ്കിൽ ചില നീചർക്ക് കുതന്ത്രങ്ങളിലൂടെയും ചതിപ്രയോഗങ്ങളിലൂടെയും അവന്റെ വ്യക്തിപ്രഭാവത്തിന്മേൽ കരിനിഴൽ വീഴ്ത്താൻ കഴിഞ്ഞേക്കാം. പക്ഷേ അന്തിമമായി തന്റെ വ്യക്തിത്വത്തിന്റെ മികവു കൊണ്ടുതന്നെ അവൻ എല്ലാവർക്കും മേൽ ആധിപത്യം സ്ഥാപിക്കും. അപ്പോൾ, തന്നെ എതിർത്തവരും തന്റെ കാൽക്കീഴിൽ പ്രണമിക്കുന്നത് അവന് കാണാനാകും. യൂസുഫ് നബി (അ) തന്റെ ജീവിതം കൊണ്ട് അതാണ് തെളിയിച്ചത്. ആദ്യം അദ്ദേഹത്തിന്റെ സഹോദരങ്ങൾ പിതാവിൽനിന്ന് അദ്ദേഹത്തെ അടർത്തിയെടുത്തു. തികച്ചും അദ്ദേഹത്തിന്റേതല്ലാത്ത കാരണത്താൽ. എട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ അദ്ദേഹത്തെ പൊട്ടക്കിണറ്റിലെറിയുമ്പോൾ അവർ വിചാരിച്ചത് പിതാവിന്റെ സ്നേഹം തങ്ങൾക്ക് മാത്രമായി കിട്ടുമെന്നാണ്. തുടർന്ന് നല്ലവരായി ജീവിക്കാമെന്നും അവർ കരുതി. എന്നാൽ

യൂസുഫിനെ സംബന്ധിച്ചേടത്തോളം തന്റെ തുടർന്നുള്ള ജീവിതത്തിൽ ഒരു വലിയ ദുരിതക്കടൽ താണ്ടാൻ കാരണക്കാരായ ഈ സഹോദരരെ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചായിരുന്നില്ല അദ്ദേഹത്തിന്റെ ചിന്ത. തനിക്ക് എല്ലാ അനുഗ്രഹങ്ങളും ലഭ്യമായ ആദ്യത്തെ അവസരത്തിൽ തന്നെ അവർക്ക് മാപ്പുനൽകുകയും അവരെക്കൂടി തന്റെ സന്തോഷത്തിൽ പങ്കുചേർക്കുകയുമായിരുന്നു അദ്ദേഹം.

ഇളയ സഹോദരനെ തന്നോടൊപ്പം പിടിച്ചുവെക്കാൻ ഉപായം പ്രയോഗിക്കുന്ന യൂസുഫിന്റെ മുന്നിൽ ഒരു നമ്പരിറക്കുന്നുണ്ട് സഹോദരങ്ങൾ. തങ്ങളുടെ മുന്നിൽ നിൽക്കുന്നത് യൂസുഫാണെന്ന് അറിയാതെയാണവരതിന് മുതിരുന്നത്. 'ഇവൻ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ ഇവന്റെ സഹോദരനും മുമ്പ് മോഷ്ടിച്ചിട്ടുണ്ട് ' (സൂക്തം 77) എന്ന് ആരോപിക്കുന്നു. അത് വ്യക്തമായ കളവാണെന്ന് ബോധ്യപ്പെട്ടിട്ടു കൂടി അതവരോട് തുറന്നുപറയാതെ അദ്ദേഹം ആത്മഗതം ചെയ്യുന്നതിത്രമാത്രം- 'നിങ്ങളിപ്പോൾ പറഞ്ഞ വ്യക്തിയുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ മോശമായ നിലവാരത്തിലാണുള്ളത്, നിങ്ങൾ നടത്തുന്ന ഇത്തരം വ്യാജപ്രചാരണങ്ങളെക്കുറിച്ച് അല്ലാഹു നന്നായറിയുന്നു' (സൂക്തം 77). അവസാനം യൂസുഫിനെ അവർ തിരിച്ചറിയുമ്പോൾ, വളരെ സുപ്രധാനമായ ഒരു ജീവിതപാഠം അദ്ദേഹമവർക്ക് വിവരിച്ചുകൊടുക്കുന്നു: 'ജീവിതത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ പരീക്ഷണങ്ങളിൽ ക്ഷമയവലംബിക്കുകയും ചെയ്യുന്ന സുകൃതവാന്മാരുടെ കർമങ്ങളെ അല്ലാഹു നിഷ്ഫലമാക്കുകയില്ല' (സൂക്തം 90).

അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ താൽക്കാലികമായിരിക്കും. ആത്യന്തികമായി വിജയത്തിന്റെ മധുരം അവർ നുണയുക തന്നെ ചെയ്യും. അന്ന് അവരെ പരിഹസിച്ചവരും ഉപദ്രവിച്ചവരും അവരുടെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കും. സഹോദരന്മാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന ഈ ഘട്ടത്തിൽ അവരെ കുറ്റപ്പെടുത്തുന്നില്ല യൂസുഫ് നബി. അവരുടെ മനസ്സിനെ പിശാചിന്റെ ദുർബോധനങ്ങൾ സ്വാധീനിച്ചതിനാലാണ് അതെന്ന് അദ്ദേഹം വിശദീകരിക്കുക (സൂക്തം 100) മാത്രമാണ് ചെയ്യുന്നത്.

സൂറഃ യൂസുഫിലെ മറ്റൊരു ജീവിതപാഠം ധാർമിക മൂല്യങ്ങളുമായി ബന്ധപ്പെട്ടതാണ്. മനുഷ്യരിൽ പലരും ജീവിതസുഖത്തെ പലതരം ആസക്തികളുമായും ആഡംബരങ്ങളുമായും ബന്ധിച്ചിരിക്കുന്നു. ഏതുവിധത്തിലും തങ്ങളുടെ ആസക്തികളെ പൂർത്തീകരിക്കലാണ് സുഖജീവിതം എന്നതാണ് അവരുടെ ധാരണ. എന്നാൽ നൈമിഷിക സുഖങ്ങളല്ല ജീവിതത്തെ അർഥവത്താക്കുന്നതെന്ന വലിയ പാഠം യൂസുഫ് (അ) മുന്നോട്ടുവെക്കുന്നു. മുഴുജീവിതത്തിലും കാത്തുസൂക്ഷിക്കേണ്ട ധാർമിക മൂല്യങ്ങളെ അൽപനേരത്തെ ആസ്വാദനത്തിനു വേണ്ടി പണയം വെക്കരുതെന്നും അതാണ് ഇഹ-പര വിജയത്തിന് നിദാനമെന്നും അദ്ദേഹം മനസ്സിലാക്കിത്തരുന്നു. ഒരർഥത്തിൽ സഹോദരങ്ങളിൽനിന്ന് നേരിട്ട പരീക്ഷണത്തേക്കാൾ കുടുത്തതായിരുന്നു യൂസുഫിനെ സംബന്ധിച്ചേടത്തോളം പ്രഭുപത്നിയിൽനിന്ന് അനുഭവിക്കേണ്ടിവന്ന പ്രലോഭനം. അനിതര സാധാരണമായ ദൈവഭയത്താൽ പ്രചോദിതമായ മനശ്ശക്തിയുടെ സഹായത്താൽ ആ പ്രലോഭനത്തെ അദ്ദേഹം തട്ടിനീക്കുന്നു. പക്ഷേ, പ്രഭുപത്നിയുടെ ഗൂഢതന്ത്രങ്ങൾ ഒരു രാത്രികൊണ്ട് അവസാനിക്കുന്നില്ല. അവർ പിന്നെയും പ്രലോഭനങ്ങൾ തുടരുന്നു. അവിടെ യൂസുഫിന് തീരുമാനമെടുക്കേണ്ടി വരുന്നു, ഈയൊരു ഭീഷണ സാഹചര്യത്തിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് ജയിലാണെന്ന്. അദ്ദേഹത്തിന്റെ ആത്മാർഥമായ പ്രാർഥന: 'എന്റെ നാഥാ, അവർ എന്നെ ക്ഷണിക്കുന്ന ഈ തിന്മയേക്കാൾ എനിക്ക് നല്ലത് ജയിലാണ്. അവരുടെ കുതന്ത്രത്തെ എന്നിൽനിന്ന് നീ തട്ടിനീക്കിയില്ലെങ്കിൽ ഞാൻ അവിവേകികളിൽ പെട്ടുപോകും' (സൂക്തം 33). അങ്ങനെ, സ്വഛന്ദമായ ധാർമിക ജീവിതത്തിനു വേണ്ടി പ്രഭുകുടുംബത്തിലെ ആഡംബര സൗകര്യങ്ങളേക്കാൾ ജയിൽമുറിയിലെ ഇരുളാർന്ന ഇത്തിരിവട്ടം അദ്ദേഹം തെരഞ്ഞെടുത്തു.

ജയിലിലായ യൂസുഫ് (അ) നിരാശനോ നിഷ്ക്രിയനോ ആയിരുന്നില്ലെന്നും വളരെ ക്രിയാത്മകമായാണ് തന്റെ സമയം വിനിയോഗിച്ചതെന്നും കാണാം (സൂക്തങ്ങൾ 36 - 52). അദ്ദേഹത്തോടൊപ്പം ജയിലിലായ രണ്ടു പേരോട് ചങ്ങാത്തം കൂടുകയും അവർ അദ്ദേഹത്തോട് തങ്ങൾ കണ്ട സ്വപ്നത്തെക്കുറിച്ച് വിവരിക്കാൻ മാത്രം അവരുടെ വിശ്വാസം നേടിയെടുക്കുകയും ചെയ്യുന്നു. സ്വപ്ന വ്യാഖ്യാനം തനിക്ക് അല്ലാഹു നൽകിയ കഴിവാണെന്ന് വ്യക്തമാക്കിയ ശേഷം, അവരുടെ ഭക്ഷണം തളികയിലെത്തുന്നതിനു മുമ്പ് സ്വപ്നങ്ങൾക്ക് വിശദീകരണം നൽകുമെന്നും ഉറപ്പ് നൽകുന്നു. തുടർന്ന് അവരുടെ ജീവിതത്തേക്കാളും വിലപ്പെട്ട സന്ദേശം അദ്ദേഹമവർക്ക് കൈമാറുന്നു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്ത ജനതയുടെ മാർഗത്തിൽനിന്ന് വഴിമാറി നടന്നവനാണ് താൻ. കാരണം, യഥാർഥ ജീവിതവിജയം നേടിത്തരുന്ന വഴി പൂർവപിതാക്കളായ ഇബ്റാഹീമിന്റേതും ഇസ്ഹാഖിന്റേതും യഅ്ഖൂബിന്റേതുമാണ് (അലൈഹിമുസ്സലാം). ഒരുപാട് രക്ഷകരെ തേടാതെ സർവവിധ അധികാരങ്ങളും കൈവശമുള്ള ഏകനായ ദൈവത്തിലേക്ക് സർവവുമർപ്പിക്കുന്നതാണ് ഏറ്റവും ഉത്തമമായ വഴി. അവനാണ് ഭൂമിയിൽ മനുഷ്യന്റെ വിധികർത്താവ്. ഈ സന്ദേശം അവരെ കേൾപ്പിച്ച ശേഷം സ്വപ്നത്തിന്റെ വ്യാഖ്യാനം അവർക്ക് പറഞ്ഞുകൊടുക്കുന്നു.

മുഹമ്മദ് നബി(സ)ക്ക് സൂറത്ത് യൂസുഫ് അവതരിക്കുന്ന സമയം അതിപ്രാധാന്യമുള്ളതാണ്. ദുഃഖ വർഷം എന്നറിയപ്പെടുന്ന നുബുവ്വത്തിന്റെ ഒമ്പതാം വർഷത്തിൽ, തനിക്ക് ഏറ്റവും പ്രിയപ്പെട്ട രണ്ടു വ്യക്തിത്വങ്ങൾ (പിതൃവ്യൻ അബൂത്വാലിബും ഭാര്യ ഖദീജയും) വിട പറഞ്ഞതിനെത്തുടർന്നുള്ള കഠിന വ്യഥയുടെ സന്ദർഭത്തിലാണ് ഈ അധ്യായം അവതരിച്ചത്. അല്ലാഹു തന്റെ പ്രിയപ്പെട്ട ദൂതന്റെ മാനസിക വിഷമങ്ങൾ കണ്ടറിഞ്ഞ് അതിന് ശമനം നൽകാൻ ഉദ്ദേശിച്ചാണ് ഈ പൂർവിക ചരിത്രം അദ്ദേഹത്തിന് പറഞ്ഞുകൊടുത്തത്. അതുകൊണ്ടുതന്നെ ഈ അധ്യായത്തെക്കുറിച്ച് പറയപ്പെടുന്നതുതന്നെ 'ദുഃഖിതരുടെ അധ്യായ'മെന്നാണ്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞതായി ഇബ്നു അത്താഅ് റിപ്പോർട്ട് ചെയ്യുന്നു: 'സൂറത്ത് യൂസുഫ് പാരായണം ചെയ്യുന്ന ഏത് ദു:ഖിതന്റെ മനസ്സിനും അല്ലാഹു സന്തോഷം പ്രദാനം ചെയ്യും.' ●

# മുർശിദാബാദിൽനിന്ന് കാരുണ്യത്തിനായി

**പശ്ചിമ ബംഗാളിലെ മുർഷിദാബാദിൽ 2004-ൽ സ്ഥാപിതമായ മത ഭൗതിക വിദ്യാഭ്യാസ സ്ഥാപനം മൗണ്ട് ഹിറാ സ്കൂൾ ജില്ലയിലെ നിലവാരമുള്ള സ്കൂളുകളിൽ ഒന്നാണ്. സ്കൂളിനും ഹോസ്റ്റലിനും പുറമേ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ചെലവുകളും റമദാൻ കളക്ഷനിലൂടെയാണ് കണ്ടെത്തുന്നത്.**





ശമ്പളം = 6000 X 12 = ₹ 72,000
യൂനിഫോം, പഠനോപകരണം :
(അനാഥ/ അഗതികൾക്ക് ) ₹ 1700
ഹോസ്റ്റൽ, ഭക്ഷണം: 1600 X 10 = 16000
അഗതി / അനാഥ/ വിധവകൾക്ക്
വീട് = 3,00,000
കുഴൽ കിണർ = 22,500
പബ്ലിക് ടോയ്‌ലറ്റ് = 65,000

കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നിർമിച്ചത്
വീടുകൾ = 4
പബ്ലിക് ടോയ്‌ലറ്റ് = 4
കുടുംബങ്ങൾക്ക് 10
കുഴൽ കിണർ 26

സംഭാവനകൾക്ക് 80G പ്രകാരം
ഇൻകം ടാക്സ് ഇളവ് ലഭിക്കും.

**താങ്കളുടെയും കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും സകാത്ത്/ സ്വദഖകൾ RTGS/NEFT ചെയ്യുക.**

**MOUNT HIRA FOUNDATION**
**A/c. No: 10900100242667**
**IFSC: FDRL0001090**
Federal Bank, Mukkom

**P.P Abdurahman,** Kodiyathur, Chairman,
**Mob: 9447701741**
**Musthafa Mohammed**, Treasurer, **Mob: 9895727374**
Mount Hira Foundation, Sankarpur
P.O Kodiyathur, Kozhikode - 673 602



# കേരളം കാത്തുവെച്ച കാരുണ്യ നനവ്

അഭിമുഖം / വി.കെ അലി

ബൈത്തുസ്സകാത്ത് ചെയർമാൻ വി.കെ അലി സംസാരിക്കുന്നു

സകാത്ത് എങ്ങനെ നൽകണം എന്നത് ഇന്നും നമ്മുടെ നാട്ടിലെ ഒരു പ്രധാന ചർച്ചാ വിഷയമാണല്ലോ. ഇതുമായി ബന്ധപ്പെട്ട സുനിശ്ചിതമായ നിയമങ്ങൾ ഖുർആനിലും ഹദീസിലും ചരിത്രത്തിലും കാണാൻ കഴിയുമെങ്കിലും എങ്ങനെയൊക്കെ സകാത്ത് നൽകാതിരിക്കാമെന്നതിനെക്കുറിച്ച ആലോചനയിലാണ് ധാരാളം ആളുകൾ എന്ന് പറയാതിരിക്കാൻ വയ്യ. സകാത്തിനെ കേവലം യാചനയുടെ തലത്തിലേക്കെത്തിച്ച് റമദാനിലെ ഇരുപത്തി ഏഴാം രാവിൽ യാചിക്കുന്ന ഒരു മുസ്‌ലിം സമൂഹത്തെ സൃഷ്ടിച്ചത് ഇവിടെ സംഘടിത സകാത്തിനെതിരെ പ്രചാരണങ്ങൾ നടത്തുന്നവരാണ്. സകാത്ത് വ്യക്തികൾ അവർക്കിഷ്ടമുള്ളവർക്ക് കൊടുത്തോളൂ, അല്ലെങ്കിൽ ഒരാളെ വക്കീലാക്കി അയാളെ ഏൽപിക്കൂ എന്നതാണ് സംഘടിത സകാത്തിനെതിരെ നിലപാടെടുക്കുന്ന പണ്ഡിതന്മാർ കൊടുക്കുന്ന ഫത്‌വ. വക്കീലിനെ ഏൽപിച്ച സകാത്തിന്റെ കണക്ക് ചോദിക്കാൻ പാടില്ല എന്ന നിയമവും ചിലയിടങ്ങളിലുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ വ്യക്തികൾ സ്വന്തമായി വിതരണം ചെയ്തും വക്കീലിനെ എൽപിച്ചുമുള്ള സകാത്ത് ഫണ്ട് വിനിയോഗിച്ച് അതിലൂടെയുണ്ടായ സാമൂഹിക പുരോഗതിയെന്ത് എന്ന് നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ടോ?

സംഘടിതമായി സകാത്ത് ശേഖരിച്ച് കേരളത്തിലെ സാമൂഹിക സുരക്ഷാ പദ്ധതികളിലും പുരോഗതിയിലും പങ്കാളികളായതിന്റെ മികച്ച മാതൃകയാണ് ബൈത്തുസ്സകാത്ത് കേരള. കേരളത്തിന്റെ സാമൂഹിക സാഹചര്യം വിലയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് പാവപ്പെട്ടവരുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കുക എന്നതാണ് ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുന്നത്. 1654 വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിനുള്ള സഹായം, 1563 വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ, 2242 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, 1781 വ്യക്തികൾക്ക് റേഷൻ/പെൻഷൻ, 214 കുടിവെള്ള പദ്ധതികൾ, 2731 വീടുകളുടെ നിർമാണ പൂർത്തീകരണത്തിന് സഹായം, 752 വീടുകളുടെ നിർമാണത്തിന് പൂർണ സഹായം, 3452 രോഗികൾക്ക് ചികിത്സാ സഹായം തുടങ്ങിയവ സകാത്ത് ശേഖരിച്ച് ബൈത്തുസ്സകാത്ത് കേ

രള കഴിഞ്ഞ കാലങ്ങളിൽ നിർവഹിച്ച പ്രവർത്തനങ്ങളാണ്.

ഞങ്ങൾ സ്വന്തമായി സകാത്ത് നൽകിക്കൊള്ളാം എന്ന് പറയുന്നവർ ധാരാളമുണ്ട്. വ്യക്തികൾ സാധാരണയായി അവർക്ക് താൽപര്യമുള്ളവർക്കും യാചിച്ചു വരുന്നവർക്കും ബന്ധുക്കൾക്കും അയൽക്കാർക്കും സ്വന്തം ഷോപ്പിലെയും തോട്ടത്തിലെയും ജോലിക്കാർക്കും വീട്ടുവേലക്ക് നിൽക്കുന്നവർക്കും മറ്റും ഓരോ വർഷവും സ്ഥിരമായി റമദാനിൽ നൽകുന്ന ഒരു സംഖ്യയാണ് സകാത്തായി കണക്കാക്കി വരുന്നത്. എന്നാൽ ഒരു നിർബന്ധ കർമമെന്ന നിലയിലും കൃത്യമായ നിയമാവലികളും രീതികളും നിർദേശങ്ങളുമുള്ള ആരാധനയെന്ന നിലയിലും ഈ രീതി ഇസ്‌ലാം അനുവദിക്കുന്നില്ല. സകാത്തിന്റെ അവകാശികളിൽ സകാത്ത് ജോലിക്കാരെ മൂന്നാമതായി നിശ്ചയിച്ചതു തന്നെ സകാത്ത് കണക്കാക്കുന്നതിന്റെ പ്രാധാന്യം എത്രത്തോളമുണ്ട് എന്നു കൂടി മനസ്സിലാക്കാനാണ്. ഓരോ വ്യക്തിയുടെയും സകാത്ത് അത് നിസ്വാബ് പൂർത്തിയായാൽ ഉടനെ തന്നെ കൊടുത്തു വീട്ടണം. അതിന് റമദാൻ ആവണമെന്നില്ല. സകാത്ത് സംഘടിതമായി ശേഖരിച്ച് സാമൂഹിക പുരോഗതി ലക്ഷ്യമാക്കി വിനിയോഗിക്കുക എന്നതാണ് ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്. അല്ലാഹു നിശ്ചയിച്ച അവകാശികൾക്ക് സകാത്ത് ലഭിക്കുന്നതിനും സകാത്ത് കൃത്യമായി ശേഖരിക്കുന്നതിനും സംഘടിത സകാത്ത് സംവിധാനങ്ങൾ അനിവാര്യമാണ്. സകാത്തിന്റെ അവകാശികളെ കണ്ടെത്തുകയെന്നത് വ്യക്തികൾക്ക് പൂർണമായും സാധ്യമായ കാര്യമല്ല. സകാത്ത് വാങ്ങുന്നവന് സകാത്ത് നൽകുന്നവനോട് വിധേയത്വം പാടില്ല എന്നതാണ് മറ്റൊരു സുപ്രധാന കാര്യം. എന്നാൽ വ്യക്തികൾ വ്യക്തികൾക്ക് സകാത്ത് നൽകുന്നതിലൂടെ ഈ വിധേയത്വം ബലപ്പെടുകയാണ് ചെയ്യുന്നത്.

സകാത്തിന്റെ സൗന്ദര്യത്തെ അടയാളപ്പെടുത്തി രണ്ട് പതിറ്റാണ്ടായി കേരളക്കരയിൽ നിറഞ്ഞു നിൽക്കുകയാണ് ബൈത്തുസ്സകാത്ത് കേരള. സകാത്ത് സംഘടിതമായി ശേഖരിച്ച് കൃത്യമായ ആസൂത്രണത്തോടെ നിർവഹിച്ചാൽ സമൂഹത്തിൽ പ്രകടമാവുന്ന മാറ്റങ്ങളെ കഴിഞ്ഞ 20 വർഷമായി അത് അടയാളപ്പെടുത്തുന്നുണ്ട്. പബ്ലിക് റിലീജിയസ് ട്രസ്റ്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയാണ് ബൈത്തുസ്സകാത്ത് കേരള. സകാത്തിന്റെ വിശ്വാസപരവും സാമൂഹികവുമായ പ്രാധാന്യവും പ്രസക്തിയും പ്രചരിപ്പിക്കുക, സകാത്ത് ശേഖരണത്തിനും വിതരണത്തിനും സുശക്തമായ സംവിധാനമൊരുക്കുക, സമൂഹപുരോഗതിക്കനുസൃതമായ രീതിയിൽ സകാത്ത് ഫലപ്രദമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്‌കരിച്ചു നടപ്പിലാക്കുക, സകാത്ത് വിഷയങ്ങളിൽ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പ്രാദേശിക സകാത്ത് സംരംഭങ്ങൾക്ക് അഫിലിയേഷൻ, ട്രെയ്നിംഗ്, ഗൈഡൻസ്, ഓഡിറ്റിംഗ് തുടങ്ങിയവയാണ് ബൈത്തുസ്സകാത്ത് കേരളയുടെ പ്രവർത്തനങ്ങൾ. കേരളം മുഴുവൻ പ്രവർത്തന സംവിധാനമുള്ള ഏറ്റവും വലിയ സംഘടിത സകാത്ത് സംരംഭമാണ് ബൈത്തുസ്സകാത്ത് കേരള.

### സുതാര്യമായ സകാത്ത് അഡ്മിനിസ്ട്രേഷൻ

സകാത്ത് പാവപ്പെട്ടവരുടെയും ആവശ്യക്കാരുടെയും അവകാശമാണ്. ആ അവകാശം അവർക്ക് ലഭ്യമാവണമെങ്കിൽ പൊതു സകാത്ത് മാനേജ്മെന്റ് സംവിധാനങ്ങൾ ഉണ്ടായേ മതിയാവൂ. സകാത്തിനർഹനായ വ്യക്തിക്ക് നേരിട്ട്



സകാത്തിന് അപേക്ഷിക്കാൻ സാധിക്കണം. അത് വ്യക്തികളുടെ മുന്നിൽ പോയി യാചിച്ചു വാങ്ങേണ്ടതല്ല. സകാത്ത് നൽകേണ്ടവർ അത് സകാത്ത് ഏജൻസിയെ ഏൽപ്പിക്കുക. സകാത്തിനർഹരായവർ സകാത്ത് ഏജൻസിയിൽ അപേക്ഷിച്ച് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുക. ഇതാണ് ലോകത്തുടനീളം നടന്നുകൊണ്ടിരിക്കുന്ന സകാത്ത് സംഭരണ-വിതരണ രീതി.




തികച്ചും സുതാര്യമായ അഡ്മിനിസ്ട്രേഷൻ സംവിധാനമാണ് ബൈത്തുസ്സകാത്തിനുള്ളത്. മുഴുവൻ സമയ ഓഫീസ് സംവിധാനവും ജീവനക്കാരും ബൈത്തുസ്സകാത്തിനുണ്ട്. സകാത്തിനർഹനായ ഏതൊരു വ്യക്തിക്കും www.baithuzzakathkerala.org എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ആയി ഭവന നിർമാണം, സ്വയംതൊഴിൽ, ചികിത്സ, കടബാധ്യത തീർക്കൽ, കുടിവെള്ള പദ്ധതി, റേഷൻ, പെൻഷൻ തുടങ്ങിയ പദ്ധതികളിലേക്ക് അപേക്ഷ അയക്കാം. ഓൺലൈൻ ആയി ലഭിക്കുന്ന അപേക്ഷകളെക്കുറിച്ച് ബൈത്തുസ്സകാത്ത് കേരളയുടെ കോഡിനേറ്റർമാർ ഫീൽഡിൽ പോയി പഠിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. കേരളത്തിൽ 1526 പ്രാദേശിക കോഡിനേറ്റർമാരും 142 ഏരിയാ കോഡിനേറ്റർമാരും 14 ജില്ലാ കോഡിനേറ്റർമാരും ബൈത്തുസ്സകാത്ത് കേരളക്കു വേണ്ടി സേവനമനുഷ്ഠിക്കുന്നുണ്ട്. അപേക്ഷകരുമായുള്ള അഭിമുഖം, പ്രാദേശിക സകാത്ത് യൂനിറ്റുകളുടെ അഭിപ്രായം, കോഡിനേറ്റർമാരുടെ റിപ്പോർട്ട് തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രാദേശിക സകാത്ത്/റിലീഫ് സംരംഭങ്ങളുടെയും ഗുണഭോക്താക്കളുടെയും സഹകരണത്തോടെ പങ്കാളിത്ത പദ്ധതികളും ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് സകാത്ത് എത്തിക്കുന്നു. വലിയ പ്രോജക്റ്റുകൾക്ക് പദ്ധതിയുടെ പുരോഗതി വിലയിരുത്തി ഘട്ടംഘട്ടമായി ഫണ്ട് അനുവദിക്കുന്നു. ഓരോ പദ്ധതിക്കും അനുവദിക്കുന്ന ഫണ്ട് അതത് മേഖലയിൽ കൃത്യമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള വിപുലമായ സംവിധാനം ബൈത്തുസ്സകാത്ത് കേരളക്കുണ്ട്. പ്രാദേശിക സകാത്ത് സംരംഭങ്ങൾക്കുള്ള പരിശീലന പരിപാടികൾ, വാർഷിക ഓഡിറ്റ്, സർവേ, അവലോകന റിപ്പോർട്ടുകൾ തുടങ്ങിയവയും ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുന്ന സുപ്രധാന പ്രവർത്തനങ്ങളാണ്.

സകാത്തിന്റെയും സംഘടിത സകാത്തിന്റെയും പ്രചാരണമാണ് ബൈത്തുസ്സകാത്ത് കേരളയുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തന മേഖല. സകാത്തുമായും സംഘടിത സകാത്തുമായും ബന്ധപ്പെട്ട ആശയ പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിലുടനീളം സകാത്ത് സെമിനാറുകൾ, ടേബ്ൾ ടോക്കുകൾ, സകാത്ത് പദ്ധതി വിതരണ പരിപാടികൾ, മൊബൈൽ ആപ് തുടങ്ങിയവ ബൈത്തുസ്സകാത്ത് കേരളയുടെ സകാത്ത് അഡ്മിനിസ്ട്രേഷൻ സംവിധാനത്തിന്റെ ഭാഗമാണ്. കേരളത്തിലുടനീളം മഹല്ല് തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശിക സകാത്ത് സംരംഭങ്ങൾക്ക് അഫിലിയേഷനും അവയുമായി സഹകരിച്ചുള്ള പദ്ധതികളും ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുന്നുണ്ട്.

**പ്രതിസന്ധികളെ അതിജീവിക്കണം**

കോവിഡ് 19 സൃഷ്ടിച്ച സാമൂഹിക-സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചു മുന്നേറുക എന്നതാണ് വരും വർഷങ്ങളിലെ സുപ്രധാന വെല്ലുവിളി. ലോകത്തുടനീളം കൊറോണ വൈറസ് ആഞ്ഞടിക്കുമ്പോൾ ഓരോ മനുഷ്യരിലും ആശങ്ക വർധിക്കുകയാണ്. കൊറോണാ വൈറസ് സമ്പദ് വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്ന് എല്ലാവരും പ്രവചിച്ചു കഴിഞ്ഞു.

കോവിഡാനന്തരമുള്ള സാമ്പത്തിക-രാഷ്ട്രീയ ചർച്ചകളിൽ നിരവധി സാധ്യതകൾ ഉണ്ട് എന്നതാണ് ആഗോളതലത്തിൽ നടക്കുന്ന പഠനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കോവിഡ് എത്രകാലം ലോക്ക്ഡൗൺ സൃഷ്ടിക്കും എന്നതിനെക്കൂടി ആശ്രയിച്ചാണ് ആ നിഗമനങ്ങൾ ശരിയാവുക. നിലവിലെ മാർക്കറ്റ് ഓറിയന്റഡ് എക്കണോമിക്ക് തന്നെയാണ് സാധ്യത കൂടുതലെങ്കിലും അതിന്റെ രീതിക്രമങ്ങളിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കാം. തൊഴിൽ നഷ്ടം, തൊഴിലാളി അവകാശ നഷ്ടം, സാമൂഹിക സേവന മേഖലയിൽ നിന്നുള്ള കോർപറേറ്റുകളുടെ പിന്മാറ്റം എന്നതൊക്കെ അതിൽ സംഭവിക്കാം.

കേരളത്തിന്റെ കഴിഞ്ഞ രണ്ടു മൂന്നു വർഷത്തെ സാഹചര്യം പരിശോധിച്ചാൽ തുടർച്ചയായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനം, നിപ്പ, കൊറോണ തുടങ്ങി മാരകമായ പകർച്ചവ്യാധികൾ കാരണം രൂക്ഷമായ തൊഴിലില്ലായ്മയും സാമ്പത്തിക പ്രതിസന്ധിയും സാധാരണക്കാരുടെ നിത്യ ജീവിതം ഏറെ പ്രയാസമുള്ളതാക്കിത്തീർത്തിരിക്കുന്നു.



SSLC കഴിഞ്ഞവർക്ക് ആറു വർഷത്തെ
ഇന്റഗ്രേറ്റഡ് ബിരുദ കോഴ്സ്
+2 കഴിഞ്ഞവർക്ക് അഞ്ചുവർഷത്തെ
ഇന്റഗ്രേറ്റഡ് ബിരുദാനന്തരബിരുദ കോഴ്സ്
പ്രവേശന പരീക്ഷയുംഅഭിമുഖവും
SSLC,+2 റിസൽട്ടിനു ശേഷം
Online Registration Started
azharululoom.net/admission
AZHARUL ULOOM
COLLEGE OF ISLAMIC AND LINGUISTIC STUDIES
Chalakkal, Alwaye-5
0484 2 677794, 940 042 7270
828 983 9836, 974 642 0638
ഉയർന്ന
ഇസ്‌ലാമിക പഠനവും
ഉന്നത വിദ്യാഭ്യാസവും ഒരുമിച്ച്
മുപ്പതു വർഷത്തിന്റെ വൈജ്ഞാനിക പാരമ്പര്യവുമായി
പുതിയ അധ്യയന വർഷത്തിലേക്ക്




ഈ യാഥാർഥ്യത്തെ പ്രായോഗികവും ക്രിയാത്മകവുമായ പദ്ധതികളിലൂടെ അഭിമുഖീകരിക്കേണ്ടതുണ്ട്.

സാമൂഹിക സേവന സംരംഭങ്ങൾ കൂടുതൽ ജാഗ്രതയോടെ സജീവമായി പ്രവർത്തിക്കേണ്ട സമയമാണ് വന്നുചേരുന്നത്. പ്രതിസന്ധി മറികടക്കുന്നതിന് മനുഷ്യവിഭവങ്ങളുടെ പരമാവധി ഉപയോഗവും പരിശീലനവും അനിവാര്യമാണ്. കാർഷിക മേഖലയുടെ പുനർജീവനം, മൈക്രോ ഫിനാൻസ്, ജനകീയ വിദ്യാഭ്യാസ - സാമ്പത്തിക സുരക്ഷാ പദ്ധതികൾ, കണക്റ്റിവിറ്റിയുള്ള പൊതു തൊഴിൽ സംരംഭങ്ങളും സംവിധാനങ്ങളും തുടങ്ങിയവയൊക്കെ പങ്കാളിത്ത അടിസ്ഥാനത്തിൽ ആലോചിക്കേണ്ടതാണ്.

കഴിഞ്ഞ പ്രളയ കാലങ്ങളിൽ കേരളം ഒത്തൊരുമയോടെയാണ് പ്രതിസന്ധികളെ നേരിട്ടത്. സാമ്പത്തികവും ശാരീരികവുമായ സമർപ്പണത്തിലൂടെ പരസ്പരം കണ്ണീരൊപ്പാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് പ്രളയത്തിലും നഷ്ടം പറ്റിയവരെ പുനരധിവസിപ്പിക്കാൻ 35 കോടി രൂപയുടെ പദ്ധതികളാണ് പീപ്പ്ൾസ് ഫൗണ്ടേഷൻ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയത്. 305 വീടുകളുടെ നിർമാണം, ഭാഗികമായി തകർന്ന 888 വീടുകളുടെ നിർമാണം, 811 കുടുംബങ്ങൾക്ക് ജീവനോപാധികൾ, 34 കുടിവെള്ള പദ്ധതികൾ, 3100 ആരോഗ്യ കാർഡുകൾ തുടങ്ങിയവയാണ് പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് പീപ്പ്ൾസ് ഫൗണ്ടേഷൻ നിർവഹിച്ചത്. കോവിഡാനന്തര കേരളത്തെ കെട്ടിപ്പടുക്കുന്നതിൽ സകാത്ത് സംവിധാനങ്ങൾക്ക് വലിയ പങ്കുണ്ട്. കേരളത്തിന്റെ സാമ്പത്തിക - തൊഴിൽ പുരോഗതിയും ഭക്ഷ്യ സുരക്ഷയും വിദ്യാഭ്യാസ മുന്നേറ്റവും എന്ത് വിലകൊടുത്തും നിലനിർത്താൻ നാം പരിശ്രമിക്കേണ്ടതുണ്ട്. കോവിഡാനന്തര കേരളത്തിൽ സകാത്ത് ഫണ്ടുകൾ ഇത്തരം അടിസ്ഥാന ആവശ്യങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള റിസോഴ്സായി ഉപയോഗപ്പെടുത്തുന്നതിനുള്ള സ്ട്രാറ്റജി രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

**ബൈത്തുസ്സകാത്ത് കേരളയെ ശക്തിപ്പെടുത്തുക**

ബൈത്തുസ്സകാത്ത് കേരളയുടെ ദൗത്യം വളരെ സുപ്രധാനമാണ്. മുഖ്യധാരാ സേവന സംരംഭങ്ങളും സർക്കാർ പദ്ധതികളും പടിക്ക് പുറത്തു നിർത്തിയ മലയോര - തീരദേശങ്ങളിലും ചേരിപ്രദേശങ്ങളിലും ദുരിതപൂർണ ജീവിതം നയിക്കുന്ന മേഖലകളിൽ ബൈത്തുസ്സകാത്ത് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ദരിദ്ര കുടുംബങ്ങൾ, വിധവകൾ, അനാഥർ, മാരക രോഗങ്ങളുടെ ചികിത്സക്കു വേണ്ടി വീടും കിടപ്പാടവുമടക്കം നഷ്ടപ്പെട്ടവർ, തൊഴിൽ നഷ്ടം സംഭവിച്ച് ദരിദ്രരായവർ, കടക്കെണിയിൽ പെട്ട് വലയുന്നവർ, പ്രവാസ ജീവിതം അവസാനിപ്പിച്ച് വെറുംകൈയോടെ മടങ്ങിയവർ, കുടിവെള്ളമില്ലാതെ വലയുന്നവർ, നട്ടെല്ലിനു ക്ഷതമേറ്റ് ശരീരം തളർന്ന് ജീവിതകാലം മുഴുവൻ വീൽചെയറിലും മുച്ചക്ര വാഹനങ്ങളിലും ജീവിതം തള്ളി നീക്കുന്നവർ, കടബാധ്യതയിൽ പൊറുതി മുട്ടി മാനം നഷ്ടപ്പെടുന്ന ഹതഭാഗ്യർ, കാൻസർ, കിഡ്നി രോഗം, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ മാരക രോഗങ്ങളാൽ വീർപ്പുമുട്ടി ചികിത്സാ ചെലവിൽ പതറിപ്പോകുന്നവർ തുടങ്ങിയവരെയാണ് ബൈത്തുസ്സകാത്ത് കേരള പ്രഥമമായി പരിഗണിക്കുന്നത്.

സുരക്ഷിതമായ വീട്, സുസ്ഥിരമായ തൊഴിൽ, മികച്ച വിദ്യാഭ്യാസം, പെൻഷൻ പദ്ധതി, കുടിവെള്ള പദ്ധതി, ചികിത്സാ പദ്ധതികൾ, കടബാധ്യത തീർക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയാണ് ബൈത്തുസ്സകാത്ത് കേരള ഫണ്ട് വിനിയോഗിക്കുന്ന മേഖലകൾ. പുതിയ പ്രവർത്തന കാലയളവിൽ തൊഴിൽ പദ്ധതികൾ, വിദ്യാഭ്യാസം, ഭവന നിർമാണം, ചികിത്സ തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പദ്ധതികളാണ് ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുക. കേരളത്തിലെ ആയിരത്തി അഞ്ഞൂറ് കുടുംബങ്ങളുടെ പുനരധിവാസവും അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണവുമാണ് 2020-'21 പ്രവർത്തന വർഷങ്ങളിൽ ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുക.

ആർത്തിയും പിശുക്കും തട്ടിപ്പും അധാർമിക സമ്പാദ്യവും വ്യക്തികളുടെ സാമ്പത്തിക ദർശനമായിത്തീർന്ന ഇക്കാലത്ത് തന്റെ സമ്പത്തിൽ ദരിദ്ര സഹോദരന്റെ അവകാശത്തെ യഥാവിധി നൽകി സമ്പത്തിനെ ശുദ്ധീകരിച്ച് ഇസ്‌ലാമിക സാമ്പത്തിക ദർശനത്തിന്റെ മാനവിക തലത്തെ മണ്ണിലിറക്കുന്ന വിശ്വാസികളുടെ പ്രവർത്തനമാണ് സകാത്ത്. ക്രിയാത്മക പ്രവർത്തനങ്ങൾ നിർവഹിച്ച് പവിത്രമായ സകാത്തിലൂടെ സമൂഹം നേടിയെടുക്കേണ്ട ഉന്നതിയിലേക്ക് നയിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയാണ് ബൈത്തുസ്സകാത്ത് കേരള. ഇസ്‌ലാം നിർദേശിച്ച പ്രകാരം സകാത്ത് നിർവഹിക്കണമെങ്കിൽ, അർഹരായ വ്യക്തികളിലേക്ക് സകാത്ത് എത്തിച്ചേരണമെങ്കിൽ നിങ്ങളുടെ സകാത്ത് ബൈത്തുസ്സകാത്ത് കേരളയെ ഏൽപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു. ●

തയാറാക്കിയത്:
**സി.പി ഹബീബ് റഹ്മാൻ**

We Care
We Share

# നിർധന രോഗികൾക്കായി കാരുണ്യത്തിന്റെ ഒരു കൈത്താങ്ങ്



madhyamam
healthcare

**നിർധന രോഗികളുടെ ചികിത്സക്കുള്ള ഫണ്ട് സമാഹരണത്തിൽ പങ്കാളികളാകുക**

Madhyamam Healthcare Trust,
Silver Hills, Calicut-12
**Phone: 0495 2730848**
Bank A/c No.13000200014749
IFSC:FDRL0001300, Federal Bank,
West Nadakkavu, Calicut-11
Cheque / DD in favour of
**MADHYAMAM HEALTH CARE TRUST**

TAX
മാധ്യമം ഹെൽത്ത് കെയറിലേക്ക് നൽകുന്ന സംഭാവനകൾക്ക് 50% ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്

**സംഭാവനകൾ അയക്കേണ്ട വിലാസം**

The Manager, Madhyamam Health Care trust
Post Box: 1708, Silver Hills P.O,
Calicut, Kerala, Pin - 673012,
Ph: 0495 2730848, healthcare@madhyamam.in



# കോവിഡ് പ്രതിരോധത്തിൽ മികച്ച മാതൃകയായി ഒമാൻ

വിശകലനം /റഹ്മത്തുല്ല മഗ്രിബി

rmagribi@gmail.com

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ഇടിഞ്ഞുനിൽക്കുന്ന പശ്ചാത്തലത്തിലാണ് കോവിഡ് 19 മഹാമാരി ഗൾഫ് നാടുകളെ ഭീതിയിലാഴ്ത്തി കടന്നുവന്നത്. മൂന്നു നാലു വർഷമായി ക്രൂഡ് ഓയിലിന്റെ വില പകുതിയിലധികം താഴുകയും, മിച്ച ബജറ്റിൽ പോയിരുന്ന ഗൾഫ് നാടുകൾ കമ്മി ബജറ്റിലേക്ക് മാറുകയും, ചിലരെങ്കിലും ബജറ്റ് കമ്മി നികത്താൻ അന്താരാഷ്ട്ര സാമ്പത്തിക സഹായം സ്വീകരിക്കുന്നതിനെക്കുറിച്ച് കാര്യമായി ചർച്ച നടത്തുകയും ചെയ്തിരുന്നു കഴിഞ്ഞ മൂന്നു വർഷങ്ങളിൽ.

സാമ്പത്തിക മാന്ദ്യം ചെറുകിട- വൻകിട ബിസിനസ്സുകളെ ബാധിക്കുകയും, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ചില കമ്പനികളിലെങ്കിലും പ്രയാസങ്ങൾ നേരിടുകയും ചെയ്ത കാലമായിരുന്നു പൊതുവെ കോവിഡിനു മുമ്പ് ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായിരുന്നത്. അതിൽ നിന്ന് ഭിന്നമായ ഒരു അവസ്ഥ ആയിരുന്നില്ല ഒമാനിലും.

വുഹാനിൽ കോവിഡ് 19 പൊട്ടിപ്പുറപ്പെട്ടപ്പോൾ ചൈനയിൽ നിന്നുള്ള ഉൽപ്പന്നങ്ങളും അസംസ്കൃത വസ്തുക്കളും ഇറക്കുമതി ചെയ്യുന്നത് ഒമാൻ നിർത്തിവെച്ചു. ചൈനയിൽ നിന്നു നേരിട്ട് ഉൽപന്നങ്ങൾ ഇറക്കി വിതരണം ചെയ്യുന്നവരും, നേരിട്ട് ഇറക്കുമതി ചെയ്തിരുന്ന വലിയ റീട്ടെയ്ൽ വ്യാപാരികളും അസംസ്കൃത വസ്തുക്കൾ ഇറക്കി പ്രാദേശികമായി ഉൽപ്പന്നങ്ങൾ നിർമിക്കുന്നവരുമെല്ലാം പ്രതിസന്ധിയിലായി. ഗൾഫ് വിപണിയിലെ റീട്ടെയ്ൽ മേഖലയിൽ 50 ശതമാനത്തിൽ കൂടുതലും ചൈനയിൽ നിന്നുള്ള ഇറക്കുമതികൾ ആണ്. അതിനനുസരിച്ച് അസംസ്കൃത വസ്തുക്കൾ ചൈനയിൽ നിന്ന് ഇറക്കാൻ പറ്റാത്തതു മൂലം ചെരുപ്പ് നിർമാണ കമ്പനികൾ, കളിപ്പാട്ടങ്ങൾ നിർമാണം, പരസ്യ മേഖല, മറ്റു ഉപഭോഗവസ്തുക്കൾ നിർമിക്കുന്ന കമ്പനികൾ എന്നിവയുടെ ഉൽപാദനം നിലച്ച സാഹചര്യം 2019 ഡിസംബർ അവസാനം മുതൽ തന്നെ ഉണ്ടായിരുന്നു. 2020 ജനുവരി ആദ്യത്തിൽ ആധുനിക ഒമാന്റെ ശിൽപി സുൽത്താൻ ഖാബൂസ് ബിൻ സഈദ് മരണപ്പെട്ടു. പുതിയ സുൽത്താൻ ഹൈത്തം ബിൻ താരിഖ് ഭരണമേറ്റെടുക്കുകയും കാര്യങ്ങൾ പതുക്കെ പുരോഗതി പ്രാപിച്ചു വരികയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഒമാനിൽ കോവിഡ് 19 എത്തുന്നത്.

**കോവിഡിനെ നേരിട്ട വിധം**

കോവിഡ് 19 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ

# ദാറുന്നുജൂം പേരാമ്പ്ര

പേരാമ്പ്ര,673525,കോഴിക്കോട്
PH:0496 2610272,2616746,9497410272
www.darunnujoomorphanage.org ,Email:dnoperambra@gmail.com

1971 ൽ പ്രവർത്തനമാരംഭിച്ച് ദാറുന്നുജൂം ഇന്ന് പേരാമ്പ്രയിലെയും സമീപപ്രദേശങ്ങളിലെയും അഗതികൾക്കും അനാഥർക്കും വിജ്ഞാന ദാഹികൾക്കും ആശാകേന്ദ്രമാണ്.പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച സ്ഥാപനമിന്ന് സുമനസ്സുകളുടെ അകൈതവമായ സഹായത്താൽ 150 ഓളം വിദ്യാർത്ഥികളുള്ള യതീംഖാനയ്ക്കൊപ്പം ഒരു എയ്ഡഡ് എൽ പി സ്കൂൾ,2 നഴ്സറി, 2 മദ്രസ, 3 മസ്ജിദ് ,കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത ഒരു കോളേജും നടത്തിവരുന്നു.

2 വർഷം മുമ്പ് തുടക്കം കുറിച്ച ദാറുന്നുജൂം പുനരധിവാസ പദ്ധതിയിലൂടെ ഉദാരമതികളുടെ സഹകരണത്തോടെ നാല് കുടുംബങ്ങൾക്ക് കിടപ്പാടമൊരുക്കി നൽകുവാൻ ഇതിനോടകം സാധിച്ചു.

കുട്ടികളുടെ മുഴുവൻ സാമ്പത്തിക ചിലവുകളുമേറ്റെടുത്ത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക് പ്രതിമാസം നാല് ലക്ഷത്തിൽ പരം രൂപ ചിലവ് വരും. ഉദാരമനസ്കരുടെ ദാനധർമ്മങ്ങളും നാമമാത്രമായ ഗ്രാന്റുമാണ് മുഖ്യവരുമാനം.

പുണ്യങ്ങൾക്ക് ഏറെ പ്രതിഫലം ലഭിക്കുന്ന റമദാനിലാണ് ചെലവിന്റെ ഗണ്യമായ വിഹിതം വന്നു ചേരാറുള്ളത്. ലോകം തന്നെ അടച്ചു പൂട്ടപ്പെട്ട ഈ കോവിഡ് കാലത്ത് വന്നെത്തിയ പുണ്യമാസത്തിൽ താങ്കളുടെ സക്കാത്ത് സദഖകളുടെ വലിയ വിഹിതം നൽകി ഈ അനാഥ - അഗതി മന്ദിരത്തെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു, സ്ഥാപനത്തെ അകമഴിഞ്ഞ് സഹായിച്ചവരും, ഇപ്പോഴും സഹായിക്കുന്നവരുമായ എല്ലാവർക്കും അള്ളാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

സെക്രട്ടറി

Bank Detail

**Holder Name :SECRETARY DARUNNUJOOM ORPHANAGE**

**State Bank of India**
**Perambra Branch**
**A/C No : 10671812380**
**IFSC : SBIN0003995**

**Canara Bank**
**Perambra Branch**
**A/C No :0762101024147**
**IFSC :CNRB0000762**




തന്നെ ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന തരത്തിലുള്ള തയാറെടുപ്പുകളും മുൻകരുതലുകളും എടുക്കാൻ ആരോഗ്യ മന്ത്രാലയം ശുഷ്കാന്തി കാണിച്ചിരുന്നു. വളരെ മാതൃകാപരമായ പ്രവർത്തനങ്ങളായിരുന്നു ഒമാനിലെ ആരോഗ്യ മന്ത്രാലയത്തിന്റേത്. ആദ്യമായി കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് ചൈനയിലേക്കും ശേഷം ഇറ്റലിയിലേക്കും ഇറാനിലേക്കും പോയ തദ്ദേശീയരിൽ ആയിരുന്നു. അവരിൽ നിന്ന് സമൂഹ വ്യാപനം ഉണ്ടാകാത്ത രൂപത്തിൽ പിടിച്ചുനിർത്താൻ ഐസൊലേഷൻ വഴി ഒരു പരിധിവരെ സാധിച്ചിരുന്നു. ഇതിനിടെ ഇറ്റലിയിൽ നിന്നുള്ള സഞ്ചാരികൾ വന്ന രണ്ടു-മൂന്നു ടൂറിസ്റ്റ് കപ്പലുകൾ ഒമാനിലെ മത്ര തുറമുഖത്ത് വരികയും അതിലെ വിനോദസഞ്ചാരികൾ അവിടത്തെ പുരാതനമായ സൂഖിൽ ഷോപ്പിംഗ് നടത്തുകയും ചെയ്തപ്പോഴാണ് സാമൂഹിക വ്യാപനത്തിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചത്. ഈ സൂഖിലും അതിന്റെ ചുറ്റുപാടുമുള്ള സ്ഥലങ്ങളിലും അയ്യായിരത്തിലധികം വ്യത്യസ്ത ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഭൂരിഭാഗവും നടത്തുന്നത് മലയാളികളാണ്. അതുകൊണ്ടുതന്നെ പെട്ടെന്ന് പ്രവാസികളിലേക്ക് കൂടി കോവിഡ് 19 ബാധ പകരുകയുണ്ടായി. പക്ഷേ മന്ത്രാലയത്തിന്റെയും സന്നദ്ധ സംഘടന-സേവന പ്രവർത്തകരുടെയും നിതാന്ത ജാഗ്രത മൂലം മറ്റു പല രാജ്യങ്ങളിൽ നിന്ന് വിഭിന്നമായി സാമൂഹിക വ്യാപനം നിയന്ത്രിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട് എന്ന് തന്നെയാണ് മനസ്സിലാകുന്നത്.

ഒമാൻ ആരോഗ്യ മന്ത്രാലയം സമൂഹ മാധ്യമങ്ങളിലൂടെ നിരന്തരമായി ജനങ്ങളെ ബോധവൽക്കരിച്ചു കൊണ്ടിരുന്നു. ഓരോ മേഖലയിലെയും ഹെൽത്ത് സെന്ററുകൾ ചെക്കപ്പിനായി ഉപയോഗപ്പെടുത്തിക്കൊണ്ടും, ചില ഏരിയകളിൽ സെന്ററുകൾ പൂർണമായും പ്രവാസികൾക്കു വേണ്ടി തുറന്നിട്ടു കൊണ്ടും ഒമാൻ മാതൃകയായി. കോവിഡ് ടെസ്റ്റ് എല്ലാവർക്കും സൗജന്യമാക്കി. വലിയ ഹോട്ടലുകൾ ഐസൊലേഷൻ കേന്ദ്രങ്ങളാക്കി മാറ്റി. പോസിറ്റീവ് കേസുകൾ കൃത്യമായി നിരീക്ഷിക്കുകയും വേണ്ട നിർദേശങ്ങൾ കൊടുക്കുകയും ചെയ്തു. ഇതെഴുതുമ്പോൾ ഒമാനിലെ കോവിഡ് ബാധിതരുടെ എണ്ണം 3000

# ഒമാനിലെ കോവിഡ് സേവനപ്രവർത്തനങ്ങൾക്ക് കരുത്തു പകർന്ന് പ്രവാസി വെൽഫെയർ ഫോറം

റിപ്പോർട്ട് / **മുനീർ കെ. മസ്കത്ത്**

ഫെബ്രുവരി അവസാനം ഒമാനിൽ ആദ്യ കോവിഡ് ബാധ റിപ്പോർട്ട് ചെയ്തതു മുതൽ ലോക്ക് ഡൗൺ മുന്നിൽ കണ്ട് സംഘടന സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള വിഭവ, ധനസമാഹരണത്തിന് ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. രാജ്യത്തെ വിവിധ മേഖലകളായി തിരിച്ച് ഹെൽപ് ഡെസ്കുകൾ രൂപവത്കരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്രതല കമ്മിറ്റി രൂപവത്കരിക്കുകയും ചെയ്തു.

ലോക്ക് ഡൗൺ നിലവിൽ വന്നയുടൻ എല്ലാ പ്രദേശങ്ങളിലും പ്രയാസമനുഭവിക്കുന്നവരുടെ കണക്കുകൾ ശേഖരിച്ച് അവർക്ക് ഭക്ഷണ കിറ്റുകൾ സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. സ്പോൺസർമാരെ കണ്ടെത്തി ഒരു കുടുംബത്തിന് മൂന്ന് ആഴ്ചക്ക് വേണ്ട ഭക്ഷണ പദാർഥങ്ങൾ ഉൾക്കൊള്ളുന്ന കിറ്റുകൾ ഒരുക്കി വിതരണം നടത്തുകയായിരുന്നു ആദ്യം ചെയ്തത്. ജോലി നഷ്ടപ്പെട്ടതിനാലും മറ്റും മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക്ആശ്വാസമേകുക എന്നതും വെല്ലുവിളിയായിരുന്നു. കൗൺസലിങ് മേഖലയിൽ പ്രവർത്തനം കാര്യക്ഷമമാക്കാൻ 25 - ഓളം പ്രവർത്തകർക്ക് രണ്ട് സെഷനുകളിലായി ഓൺലൈൻ പരിശീലനം നൽകി. വിവിധ രോഗങ്ങൾക്ക് ഇന്ത്യയിൽ നിന്ന് മരുന്ന് കൊണ്ടുവന്ന് കഴിച്ചിരുന്നവർ വിമാന വിലക്ക് മൂലം അത് ലഭിക്കാതെ ബുദ്ധിമുട്ടുന്ന സാഹചര്യം മറികടക്കാൻ മെഡിക്കൽ ഫീൽഡിൽ ജോലി ചെയ്യുന്ന പ്രവർത്തകരെ ഉൾപ്പെടുത്തി മെഡിക്കൽ ഹെൽപ് ലൈനിന് രൂപം നൽകി. മരുന്നുകൾ സംബന്ധിച്ച അന്വേഷണങ്ങൾക്ക് ഒമാനിൽ ലഭ്യമായ മരുന്നുകളും മറ്റു മാർഗങ്ങളും നിർദേശിച്ചു കൊടുക്കാൻ സാധിച്ചു.

ഇന്ത്യക്കാർ അടക്കം 30 പേർ അൽ ഖുവൈറിലെ താമസസ്ഥലത്ത് പ്രയാസമനുഭവിക്കുന്നതായി അറിഞ്ഞത് ഒരു ദിവസം രാത്രിയാണ്. വൈകാതെ



പിന്നിട്ടിരിക്കുന്നു. അവരിൽ ആയിരത്തിലധികം പേർ തങ്ങളുടെ താമസസ്ഥലത്തേക്ക് തിരിച്ചുപോയിട്ടുണ്ട്.

കോവിഡ് സംബന്ധമായ എല്ലാ ടെസ്റ്റുകളും പ്രവാസികൾക്ക് സൗജന്യമായിരിക്കുമെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഒമാൻ ആണ്. ഒമാനിലെ നിലവിലെ സമ്പ്രദായമനുസരിച്ച് സ്വദേശികൾക്കും ആരോഗ്യമേഖലയിൽ മന്ത്രാലയത്തിനു കീഴിൽ നേരിട്ടു ജോലി ചെയ്യുന്ന വിദേശികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആണ് ആരോഗ്യ മന്ത്രാലയം നേരിട്ട് നടത്തുന്ന ഹോസ്പിറ്റലുകളിൽ സൗജന്യ ചികിത്സയുള്ളത്.

കോവിഡ് 19 പശ്ചാത്തലത്തിൽ ചട്ടം മാറ്റുകയും എല്ലാ പ്രവാസികൾക്കും സൗജന്യ പരിശോധനയും ചികി



ത്സയും ഏർപ്പെടുത്തുകയുമായിരുന്നു.

ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ അവശ്യസാധനങ്ങളുടെ കടകളും മറ്റും ഒഴികെ ബാക്കി എല്ലാ സ്ഥാ

തന്നെ നാലു പ്രവർത്തകർ അവർക്ക് ഒരാഴ്ചത്തേക്ക് വേണ്ട ഭക്ഷണ സാധനങ്ങൾ സംഘടിപ്പിച്ച് ക്യാമ്പിൽ എത്തി. രണ്ട് ദിവസമായി ഇവർ മുഴുപ്പട്ടിണിയിലായിരുന്നു എന്ന കാര്യം അപ്പോഴാണ് അറിയുന്നത്. പരിശോധനയിൽ കോവിഡ് പോസിറ്റീവ് ആണെന്നറിഞ്ഞിട്ടും ക്യാമ്പിൽ തന്നെ താമസിക്കേണ്ടി വന്ന



പത്തനംതിട്ടക്കാരുടെ വിവരം അറിഞ്ഞത് അവരുടെ വീട്ടുകാർ വെൽഫെയർ പാർട്ടി സംസ്ഥാന നേതാക്കളെ അറിയിച്ചപ്പോഴാണ്. വാദീ കബീറിലുള്ള ക്യാമ്പിലേക്ക് ഉടൻ വിളിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകിയപ്പോൾ അവർക്കുണ്ടായ ആശ്വാസം ചില്ലറയല്ല. പിറ്റേന്ന് പ്രവർത്തകർ അവരെ സന്ദർശിച്ച് ആവശ്യമായ ഭക്ഷണ കിറ്റുകൾ നൽകി.

ലോക്ക് ഡൗണിനിടയിലാണ് വിശുദ്ധ റമദാൻ സമാഗതമായത്. ഭക്ഷ്യോൽപന്ന കമ്പനിയായ നൂർ ഗസലിന്റെ സഹായത്തോടെ പ്രവർത്തകർ കടക്കം 1000 റമദാൻ കിറ്റുകൾ വിതരണം നടത്തിയത്. ഇന്ത്യൻ എംബസി സാമൂഹിക സേവനത്തിൽ താൽപര്യമുള്ളവരെ കണ്ടെത്താൻ നടത്തിയ രജിസ്ട്രേഷനിൽ ഓരോ മേഖലയിൽ നിന്നും ചുരുങ്ങിയത് അഞ്ചു പേരെങ്കിലും രജിസ്റ്റർ ചെയ്തു. വിവിധ ആവശ്യങ്ങൾക്കായി എംബസിയിൽ പൊതുജനങ്ങൾ ബന്ധപ്പെടുമ്പാൾ വെൽഫെയറിന്റേതടക്കം വളന്റിയർമാരെയാണ് എംബസി ആശ്രയിക്കുന്നത്. പ്രവർത്തകരുടെ ആരോഗ്യ - സാമ്പത്തിക സർവേ നടത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളിലെല്ലാം സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. സ്ത്രീകളുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ എല്ലാ മേഖലകളിലും വനിതാ ഘടകം രൂപവത്കരിക്കാനും നിർദേശം നൽകി.

നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായുള്ള നോർക്കയുടെയും എംബസിയുടെയും രജിസ്ട്രേഷന് പൊതുജനത്തെ സഹായിക്കാൻ ഹെൽപ് ഡെസ്കുകൾ വെൽഫെയർ ഫോറം സംവിധാനിച്ചിരുന്നു. മറ്റു തൊഴിൽ നിയമ സഹായങ്ങളും ചെയ്തുവരുന്നുണ്ട്. രോഗവ്യാപനം വിവിധ മേഖലകളിൽ പല തലത്തിലായതിനാൽ സർക്കാർ നിയന്ത്രണങ്ങളും വ്യത്യാസപ്പെട്ടിരുന്നു. ഇതനുസരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. കൂടുതൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട മസ്കത്ത് ഗവർണറേറ്റിലാണ് പ്രവർത്തകരെ കൂടുതലായി നിയോഗിക്കേണ്ടി വന്നത്. 1300 -ഓളം കിറ്റുകളാണ് (ഏകദേശം 18 ടൺ ഭക്ഷ്യവിഭവങ്ങൾ) വിതരണം ചെയ്തത്. 150 -ലധികം പേർക്ക് കൗൺസിലിങ് സേവനങ്ങൾ നൽകി. 25 -ഓളം പേർക്ക് മരുന്ന് എത്തിച്ചു. റമദാൻ കിറ്റ് വിതരണവും സജീവമായി നടക്കുന്നുണ്ട്. നെസ്റ്റോ, നൂർ ഗസൽ, സുഹൂൽ അൽ ഫൈഹ തുടങ്ങിയ നിരവധി ഗ്രൂപ്പുകളും വ്യക്തികളും സഹായങ്ങൾ നൽകി പ്രവാസി വെൽഫെയർ ഫോറവുമായി സഹകരിച്ചിട്ടുണ്ട്. ●

എത്തിയിട്ടുള്ളൂ. ഇതു വരെ രാജ്യത്ത് മൊത്തം ഇരുപതിൽ താഴെ ആളുകളാണ് കോവിഡ് മൂലം മരണപ്പെട്ടത്.

**കാലത്തെ സേവനപ്രവർത്തനങ്ങൾ**

കോവിഡ് കാല മലയാളി കൂട്ടായ്മകൾ പ്രധാനമായും രണ്ടു മൂന്നു തരത്തിലുള്ള സേവന പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിൽ ഒന്നാമത്തേതും പരമ പ്രധാനവുമായ കാര്യം, കോവിഡ് 19 സ്ഥിരീകരിച്ച ആളുകളുടെ ഐസൊലേഷൻ കേന്ദ്രങ്ങൾ ഉണ്ടാക്കുകയും അവിടെ അവർക്കു വേണ്ട പരിചരണം നൽകുകയും ചെയ്യുക എന്നുള്ളതാണ്. സർക്കാർ തല സംവിധാനങ്ങൾ പരിമിതമായതിനാൽ ഗുരുതരമായ പോസിറ്റീവ് കേസുകൾ മാത്രമേ ഹോസ്പിറ്റലുകളിൽ പ്രവേശിപ്പിച്ചിരുന്നുള്ളൂ. ഐസൊലേഷൻ കേന്ദ്രങ്ങൾ വേണ്ടത്ര ഇല്ലാത്തതിനാൽ പോസിറ്റീവ് ആയ ആളുകളോട് തിരിച്ച് അവരവരുടെ താമസ ഇടങ്ങളിലേക്കു തന്നെ പോയി അവിടെ സ്വയം ഐസോലേഷനിൽ കഴിയാനാണ് ആവശ്യപ്പെട്ടത്. പരിമിത സൗകര്യങ്ങളുള്ള ബാച്ചിലർ താമസ കേന്ദ്രങ്ങളിലും മറ്റും സാമൂഹിക വ്യാപനം മുൻകൂട്ടി കണ്ടുകൊണ്ട് സാമൂഹിക സംഘടനകൾ മുൻകൈയെടുത്ത് ഐസോലേഷൻ കേന്ദ്രങ്ങൾ ഒരുക്കുകയും അതിൽ എത്തപ്പെട്ട രോഗികളെ പരിചരിക്കുകയും ചെയ്തു. പ്രവാസികളുടെ നേതൃത്വത്തിലുള്ള ആശുപത്രികൾ അതുമായി സഹകരിച്ചതോടെ രോഗികൾക്ക് മരുന്നുകൾ എത്തിക്കാനുള്ള സംവിധാനവും ഒരുങ്ങി. സാമൂഹിക സംഘടനകൾ ഐസോലേഷനിൽ കഴിയുന്നവർക്ക് ഭക്ഷണം എത്തിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

മസ്കത്തിൽ കെ.എം.സി.സി സംഘടിപ്പിച്ച ഐസോലേഷൻ കേന്ദ്രത്തിൽ ഭക്ഷണം നൽകാൻ വേണ്ടി മലയാളി ഉടമസ്ഥതയിലുള്ള ഒരു റസ്റ്റോറന്റിനെ ചുമതലപ്പെടുത്തിയിരുന്നു. ഐസോലേഷൻ കേന്ദ്രങ്ങളിൽ ഭക്ഷണം വാതിലിനു പുറത്തു വെച്ച് തിരിഞ്ഞുപോവുകയാണ് പതിവ്. സന്നദ്ധ പ്രവർത്തകർ പോയതിനു ശേഷം മാത്രമേ വാതിൽ തുറന്നു ഭക്ഷണം എടുക്കൂ. എന്നാൽ ചിലരെങ്കിലും അത്രതന്നെ സാമൂഹിക ബോധം ഇല്ലാതെ സന്നദ്ധ പ്രവർത്തകരെ കാണാനും സംസാരിക്കാനും ശ്രമിക്കാറുള്ളത് ചെറിയ പ്രയാസങ്ങൾ ഉണ്ടാക്കി.

പനങ്ങളും അടഞ്ഞുതന്നെ കിടന്നു. ഇറച്ചി, മത്സ്യം എന്നിവയുടെ വിൽപ്പനക്ക് കുറച്ചു കാലത്തേക്ക് നിയന്ത്രണം ഉണ്ടായിരുന്നു. ഹൈപ്പർ മാർക്കറ്റുകളിൽ സുരക്ഷിത അകലം പാലിക്കാൻ പ്രത്യേകം അടയാളങ്ങൾ പതിച്ചു. കാഷ് കൗണ്ടറുകളിൽ സാമൂഹിക അകലം പാലിച്ചുതന്നെയാണ് ക്യൂ എന്ന് ഉറപ്പു വരുത്താൻ പ്രത്യേകം വരകൾ ഇട്ടു വെച്ചു. ഹൈപ്പർ മാർക്കറ്റുകളിൽ കയറുന്നവരുടെ ശരീരോഷ്മാവ് പരിശോധിച്ചു. ട്രോളി സാനിറ്റൈസ് ചെയ്തതിനു ശേഷമാണ് ഓരോരുത്തരെയും പ്രവേശിപ്പിച്ചിരുന്നത്. അതുപോലെ ഒരു കുടുംബത്തിൽ ഒരാൾ മാത്രം സാധനങ്ങൾ വാങ്ങാൻ എത്തിയാൽ മതിയെന്ന നിർദേശം ഉപഭോക്താക്കൾക്ക് വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ ഹൈപ്പർ മാർക്കറ്റുകൾ നൽകിയിരുന്നു.

ഒരാൾക്ക് തനിക്ക് കോവിഡ് 19 ആണെന്ന് സംശയം തോന്നിയാൽ നേരെ മന്ത്രാലയം ഒരുക്കിയിട്ടുള്ള ഹെൽത്ത് സെന്ററിൽ ചെല്ലാം, അവിടെ സ്വാബ് കൊടുത്ത് തന്റെ റിസൾട്ടിനു വേണ്ടി കാത്തുനിൽക്കാം. രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ അവർ വിളിച്ചു വിവരം പറയും. പോസിറ്റീവ് ആണെങ്കിൽ ഐസൊലേഷനിൽ കഴിയാൻ നിർദേശിക്കും. ഐസൊലേഷൻ ഒരാൾക്ക് സ്വന്തം വീട്ടിലോ അല്ലെങ്കിൽ ഹോട്ടലുകളിലോ അല്ലെങ്കിൽ മന്ത്രാലയം തന്നെ ഒരുക്കിയ സ്ഥലങ്ങളിലോ ആകാവുന്നതാണ്. ഇതിനു പുറമെ സന്നദ്ധ സംഘടനകളും റൂമിൽ ഐസോലേഷൻ സൗകര്യമില്ലാത്ത പ്രവാസികൾക്കു വേണ്ടി ഹോട്ടൽ മൊത്തമായി എടുത്ത് ഐസോലേഷൻ കേന്ദ്രങ്ങൾ ഒരുക്കിയിരുന്നു. ഇത്തരത്തിൽ എടുത്തു പറയേണ്ട ഐസൊലേഷൻ സൗകര്യം മസ്കത്ത് കേന്ദ്രീകരിച്ച് കെ.എം.സി.സി ഒരുക്കിയിരുന്നു. ഐസൊലേഷനിൽ കഴിയുന്നവർക്ക് ഭക്ഷണവും ഡോക്ടർമാർ നിർദേശിക്കുന്ന മരുന്നുകളും കൃത്യമായി അവിടെ എത്തിക്കുന്നതിൽ പ്രവർത്തകർ ശുഷ്കാന്തി കാണിച്ചു. കോവിഡ് 19 പോസിറ്റീവ് ആയ ഒരുപാട് പ്രവാസികൾക്ക് വലിയ ആശ്വാസമായിരുന്നു കെ.എം.സി.സിയുടെ ഈ പ്രവർത്തനം.



ഐസോലേഷനിൽ കഴിയുന്ന സന്ദർഭത്തിൽ രോഗിക്ക് ശ്വാസതടസ്സം, വയറിളക്കം, ചുമ, തൊണ്ടവേദന എന്നിങ്ങനെ എന്തെങ്കിലും അനുഭവപ്പെടുകയാണെങ്കിൽ മന്ത്രാലയമോ മന്ത്രാലയം നിർദേശിച്ചിട്ടുള്ള ആശുപത്രിയോ ആംബുലൻസ് അയക്കുകയും രോഗിയെ എടുത്ത് ഐ.സി.യുവിൽ പ്രവേശിപ്പിക്കുകയും ചെയ്യും. രോഗം സ്ഥിരീകരിച്ച മിക്ക ആളുകളും ഐസൊലേഷൻ കേന്ദ്രങ്ങളിൽ നിന്നുതന്നെ രോഗം ഭേദപ്പെട്ടാണ് തിരിച്ചുപോകുന്നത്. പ്രായാധിക്യമുള്ളവരിലും മറ്റു പല രോഗങ്ങളാൽ പ്രയാസപ്പെടുന്നവരിലും രോഗലക്ഷണങ്ങൾ ആദ്യഘട്ടത്തിൽ കാര്യമായെടുക്കാത്തവരിലും മാത്രമേ രോഗം പൊതുവെ ഗുരുതരാവസ്ഥയിലേക്ക്

ഇത്തരം സെന്ററുകളിലും ഗവൺമെന്റ് ഐസൊലേഷൻ സെന്ററുകളിലും പ്രവേശിപ്പിക്കപ്പെട്ട 95 ശതമാനം പേർക്കും കാര്യമായി രോഗലക്ഷണങ്ങൾ ഒന്നുംതന്നെ ഇല്ല. രോഗം ബാധിച്ച ചിലർക്ക് ചെറിയ തൊണ്ടവേദന, ചിലർക്ക് ചെറിയ ചുമ, ചിലർക്ക് ഒന്നോ രണ്ടോ ദിവസം മാത്രം നീണ്ടുനിന്ന തലവേദന, ചിലർക്ക് ശരീരത്തിൽ ചെറിയ അസ്വസ്ഥത എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ മാത്രം.

കേരളത്തിൽ നിന്ന് ഭിന്നമായി ആദ്യതവണ ടെസ്റ്റ് ചെയ്ത് പോസിറ്റീവ് ആയതിനു ശേഷം പിന്നീട് കൂടുതൽ പ്രയാസങ്ങളിലേക്ക് പോകുമ്പോൾ മാത്രമാണ് കൂടുതൽ പരിചരണവും രണ്ടാമത്തെയും മൂന്നാമത്തെയും ഒക്കെ ടെസ്റ്റുകളും നടത്തുന്നത്. ആദ്യ ടെസ്റ്റ് പോസിറ്റീവ് ആണെങ്കിലും പിന്നീട് കാര്യമായ ലക്ഷണങ്ങളൊന്നും ഇല്ലെങ്കിൽ പിന്നീട് ടെസ്റ്റുകൾ ഒന്നും നടത്താതെ തന്നെ തിരിച്ചയക്കുകയാണ് പതിവ്. ഗുരുതരമായാൽ വിളിച്ച് അറിയിക്കാനും ആവശ്യപ്പെടും. ഇടക്കിടെ ആരോഗ്യ മേഖലയിലുള്ളവർ വിളിക്കും.

ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ ജോലി താൽക്കാലികമായെങ്കിലും നിലക്കുകയും വരുമാനം നഷ്ടപ്പെടുകയും ജീവിത ചെലവ് കണ്ടെത്താൻ പ്രയാസപ്പെടുകയും ചെയ്യുന്ന ആളുകൾക്ക് ആശ്വാസമായി ഭക്ഷണ കിറ്റുകൾ എത്തിച്ചുകൊടുക്കാൻ എല്ലാ പ്രവാസി സംഘടനകളും സജീവമായി രംഗത്തുണ്ടായിരുന്നു. ചില മലയാളി പ്രവാസികളുടെ ഉടമസ്ഥതയിലുള്ള ഭക്ഷ്യധാന്യ കമ്പനികളിൽനിന്ന് ഒമാനിലെ എല്ലാ ഭാഗങ്ങളിലേക്കും സൗജന്യമായി നിരവധി ഭക്ഷണ കിറ്റുകൾ എത്തിച്ചു. പ്രവാസി വെൽഫെയർ ഫോറം, കെ.എം.സി.സി, ഒ.ഐ.സി.സി, കൈരളി, സുന്നി, മുജാഹിദ്, പോപ്പുലർ ഫ്രണ്ട് സംഘടനകൾ തുടങ്ങി മുഴുവൻ കൂട്ടായ്മകളും പ്രവർത്തകരിൽ നിന്നും അല്ലാതെയും സ്വരൂപിച്ച ഫണ്ട് കൊണ്ട് ഭക്ഷണ സാധനങ്ങൾ വാങ്ങി അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്.

സന്നദ്ധ പ്രവർത്തകർക്ക് മറക്കാനാവാത്ത പല അനുഭവങ്ങളുമുണ്ടായിരുന്നു ലോക്ക് ഡൗൺ കാലത്ത്. ഒരു അനുഭവം പ്രവാസി വെൽഫെയർ ഫോറം പ്രവർത്തകൻ പങ്കുവെച്ചു. ഒരിക്കൽ അദ്ദേഹം ഭക്ഷണ കിറ്റ് വിതരണത്തിനു വേണ്ടി ടൗണിൽ വന്നു, മസ്കത്തിലെ റൂവിയിൽ. വിതരണം കഴിഞ്ഞുപോകാൻ നിൽക്കുമ്പോൾ പശ്ചിമ ബംഗാൾ സ്വദേശിയായ ഒരാൾ വന്ന് അൽപം അരിയും പരിപ്പും തരുമോ എന്ന് ചോദിച്ചു. എല്ലാം വിതരണം ചെയ്തു കഴിഞ്ഞതിനാൽ നാളെ എത്തിക്കാം എന്നു ഇദ്ദേഹം മറുപടി പറഞ്ഞു. ഇന്ന് അരിയും പരിപ്പും എത്തിക്കാൻ പറ്റുമോ, നാളെ വേറെ ഒരാൾ കൊണ്ടുതരാമെന്ന് ഏറ്റിട്ടുണ്ട് - അയാൾ പറഞ്ഞു. താൻ ഒറ്റക്ക് ആണെങ്കിൽ ചോദിക്കില്ലായിരുന്നുവെന്നും വീട്ടിൽ ഭാര്യക്കും കുട്ടികൾക്കും വൈകുന്നേരം കഴിക്കാൻ ഒന്നുമില്ലെന്നും പറയുന്നത് കേട്ടപ്പോൾ പ്രവാസി വെൽഫെയർ പ്രവർത്തകൻ അപ്പോൾ തന്നെ തന്റെ ഫ്ളാറ്റിൽ പോയി ഭക്ഷണസാധനങ്ങൾ എടുത്തു വന്നു കൊടുത്തു. അദ്ദേഹം വരുന്നതും നോക്കി ആ വ്യക്തി അവിടെ തന്നെ കാത്തുനിന്നിരുന്നു.

സ്തുത്യർഹമായ സേവന പ്രവർത്തനങ്ങൾ നടന്ന മറ്റൊരു മേഖല കൗൺസലിങ് ആണ്. ഐസൊലേഷനിൽ എത്തിയവരിൽ പലർക്കും ജീവിതം ഇതോടുകൂടി അവസാനിച്ചുവെന്നും ഇതുവരെ സമ്പാദിച്ചതൊക്കെ നഷ്ടമായി എന്നുമുള്ള ആധി വന്നിട്ടുണ്ടായിരുന്നു. അടുത്ത സുഹൃത്തുക്കളുടെ മരണം പലരെയും ഡിപ്രഷനിൽ വരെ എത്തിച്ചു. ചെറിയ സാമ്പത്തിക പ്രതിസന്ധി അതിജയിച്ച് ജീവിതവുമായി മുന്നോട്ടു പോയിരുന്ന ചെറുകിട ബിസിനസുകാർ കടകൾ പൂട്ടി ഇരിക്കേണ്ടി വന്നപ്പോൾ ഒരുപാട് നെഗറ്റീവ് ചിന്തകൾ വരികയും അവർ വിഷാദ രോഗത്തിന്റെ വഴിയിലെത്തുകയും ചെയ്തതായി കൗൺസലിങ് വിദഗ്ധർ പറയുന്നു. ഐസോലേഷനിൽ കഴിയുന്നവരും കോവിഡ് പോസിറ്റീവായി ചികിത്സയിൽ കഴിയുന്നവരുമായ ചിലരെയെല്ലാം വിഷാദ രോഗം ബാധിച്ചിട്ടുണ്ടായിരുന്നു. ഇവരെ നിരന്തരമായി വിളിക്കുകയും അവരോട് സംവദിക്കുകയും അവർക്ക് ധൈര്യം പകരുകയും ചെയ്യുക എന്നുള്ളതായിരുന്നു പ്രധാനമായും കൗൺസലിങ് വിദഗ്ധർക്കും സന്നദ്ധ പ്രവർത്തകർക്കും ചെയ്യാനുണ്ടായിരുന്നത്.

ഇസ്‌ലാമിക പ്രവർത്തകരെ സംബന്ധിച്ചേടത്തോളം ലോക്ക് ഡൗൺ കാലം രോഗികളെ സേവിക്കാനുള്ള മികച്ച അവസരമായിരുന്നു. തൊഴിൽ നഷ്ടപ്പെടുമെന്ന ഭീതിയിൽ മാനസികാഘാതമേറ്റവരെയും രോഗം വന്നു ഐസോലേഷനിൽ എത്തി മാനസിക പ്രശ്നം അനുഭവിക്കുന്നവരെയുമൊക്കെ അവർ വേണ്ടവിധം തന്നെ പരിചരിച്ചു. ലോക്ക് ഡൗൺ ഇനിയും തുടരുന്ന പക്ഷം കൂടുതൽ സേവന മേഖലകൾ തുറക്കപ്പെടുമെന്നതും അവിടെ ഒക്കെ ഇടപെടലുകൾ നടത്തേണ്ടിവരുമെന്നതും തീർച്ച. ●


## 'കിം' അറിയിപ്പ്

കേരളത്തിൽ സാമൂഹിക സേവന മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കിം പോസ്റ്റൽ ലൈബ്രറിയുടെ പ്രവർത്തന ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകണമെന്ന് അഭ്യർഥിക്കുന്നു.

സെക്രട്ടറി,
'കിം' പോസ്റ്റൽ ലൈബ്രറി, പി.ബി നമ്പർ 48,
ഒയാസിസ് കോമ്പൗണ്ട്, എം.പി റോഡ്,
കോഴിക്കോട് - 673001. ഫോൺ: **9495808689**

Bank: PUNJAB NATIONAL BANK, Pallikkandi Branch
**A/C No: 4329000100547092**
IFSC: PUNB0432900
Name: KIM CHARITABLE TRUST

✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1065

# സൂറ – 34 / സബഅ്

## സൂക്തം: 42 – 44

ഇന്ന നാട്ടിൽ ഇന്ന കുടുംബത്തിൽ ഇന്ന തീയതി ഒരു പ്രവാചകൻ ആഗതമാകുമെന്നും അയാളുടെ ഗുണഗണങ്ങൾ ഇന്നിന്നതൊക്കെയാണെന്നും പൂർവവേദങ്ങൾ കൃത്യമായി പ്രസ്താവിക്കാറില്ല. ഭാവി പ്രവാചകന്റെ ദേശവും കാലവുമൊക്കെ ലക്ഷണങ്ങളിലൂടെ ലഘുവായി സൂചിപ്പിക്കുകയേ ഉള്ളൂ. ഇത് ആഴത്തിൽ പഠിച്ച് പ്രവാചകത്വവാദിയുടെ ഗുണഗണങ്ങളുമായി സൂക്ഷ്മമായി താരതമ്യം ചെയ്യുന്നവർക്കേ പ്രവചനങ്ങളിലൂടെ പ്രവാചകനെ തിരിച്ചറിയാൻ കഴിയൂ.

فَٱلْيَوْمَ لَا يَمْلِكُ بَعْضُكُمْ لِبَعْضٍ نَّفْعًا وَلَا ضَرًّا وَنَقُولُ لِلَّذِينَ
ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿٤٢﴾

42. അന്നാളിൽ ആർക്കും പരസ്പരം ഉപകാരം ചെയ്യാനോ ഉപദ്രവിക്കാനോ കഴിവുണ്ടാവില്ല. അക്രമം പ്രവർത്തിച്ചവരോടു നാം കൽപിക്കുന്നു: ഇനി ഭൗതിക ജീവിതത്തിൽ നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന ആ നരക ശിക്ഷ അനുഭവിച്ചുകൊള്ളുവിൻ.

**42**

فَالْيَوْمَ = അന്നാളിൽ لَا يَمْلِكُ = (ആർക്കും) ഉടമത്വവും അധികാരവും (കഴിവ്) ഉണ്ടാവില്ല

بَعْضُكُمْ لِبَعْضٍ = നിങ്ങളിൽ ചിലർ ചിലർക്ക് (പരസ്പരം) نَّفْعًا = ഉപകാരത്താൽ (കരം ചെയ്യാൻ)

وَلَا ضَرًّا = ഉപദ്രവത്താലും (ഉപദ്രവിക്കാനും) وَنَقُولُ = നാം പറയും (കൽപിക്കും)

لِلَّذِينَ ظَلَمُوا = അക്രമം പ്രവർത്തിച്ചവരോട് ذُوقُوا = (ഇനി) നിങ്ങൾ അനുഭവിച്ചുകൊള്ളുക

عَذَابَ النَّارِ = നരക ശിക്ഷ الَّتِي كُنتُم بِهَا تُكَذِّبُونَ = (ഭൗതിക ജീവിതത്തിൽ) നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നതായ

ആ വിചാരണ നാളിൽ ആരും ആർക്കും ഒരുപകാരവും ചെയ്യില്ല. ആരും ആരെയും ദ്രോഹിക്കുകയുമില്ല. അവർ സ്വന്തം നിലയിൽ അതൊന്നും വേണ്ടെന്നു വെച്ചതുകൊണ്ടല്ല. മാറ്റേതെങ്കിലും ശക്തി അവരെ തടയുന്നതുകൊണ്ടുമല്ല. രക്ഷിക്കാനും ശിക്ഷിക്കാനും അധികാരമോ ശക്തിയോ ആർക്കും ഉണ്ടായിരിക്കുകയില്ല എന്നതാണ് കാര്യം. അതുകൊണ്ട് ഈ ദൈവങ്ങൾ ആരെയെങ്കിലും സഹായിക്കാനോ ദ്രോഹിക്കാനോ ആഗ്രഹിച്ചാലും അതു നടക്കുകയില്ല. لَا يَمْلِكُ എന്ന പ്രയോഗം അതാണ് വ്യക്തമാക്കുന്നത്. ഭൗതിക ലോകത്ത് സൃഷ്ടികൾക്കുണ്ടായിരുന്ന പരിമിതമായ അധികാരവും ഉടമസ്ഥതയും പോലും അന്ന് ആർക്കുമുണ്ടാവില്ല.

يَوْمَ تُبَدَّلُ الْأَرْضُ غَيْرَ الْأَرْضِ وَالسَّمَاوَاتُ ۖ وَبَرَزُوا لِلَّهِ الْوَاحِدِ الْقَهَّارِ ﴿٤٨﴾

(അന്ന് ഭൂമിയും വാനലോകവും അതല്ലാത്തതായി മാറ്റിമറിക്കപ്പെടുന്നു. സൃഷ്ടികളൊക്കെയും എല്ലാം അടക്കി ഭരിക്കുന്ന സർവാധിപതിയായ അല്ലാഹുവിന്റെ മുന്നിൽ മറയേതുമില്ലാതെ നേരിട്ടു ഹാജരാകുന്നു - 14: 48).

يَوْمَ هُم بَارِزُونَ ۖ لَا يَخْفَىٰ عَلَى اللَّهِ مِنْهُمْ شَيْءٌ ۚ لِّمَنِ الْمُلْكُ الْيَوْمَ ۖ لِلَّهِ الْوَاحِدِ الْقَهَّارِ ﴿١٦﴾

(അവരാസകലം അല്ലാഹുവിന്റെ മുമ്പിൽ മറയില്ലാതെ നേരിട്ട് ഹാജരാകുന്ന ആ ദിവസം അവരുടെ യാതൊരു കാര്യവും അവന്ന് അദൃശ്യമാകുന്നില്ല. ഇന്ന് ആർക്കാണ് അധികാരമഖിലവും എന്നുചോദിക്കുമ്പോൾ സകലത്തെയും അടക്കി ഭരിക്കുന്ന അല്ലാഹുവിന്നുമാത്രം' എന്ന് സർവലോകവും വിളിച്ചു പറയുന്നു - 40: 16).

ഈ ലോകത്ത് സത്യ-ധർമങ്ങൾ നിഷേധിച്ച് അക്രമങ്ങളും അനീതികളുമനുവർത്തിച്ചു വാണവർക്ക് അന്ന് അല്ലാഹുവിന്റെ കൽപന അനുസരിക്കുകയല്ലാതെ യാതൊരു ഗതിയുമുണ്ടായിരിക്കുകയില്ല. ഇനി ഭൗതിക ലോകത്ത് നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന ആ നരക ശിക്ഷ നിത്യമായി അനുഭവിച്ചു കൊള്ളുവിൻ എന്നായിരിക്കും ആ കൽപന. ●

---

وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ قَالُوا مَا هَٰذَا إِلَّا رَجُلٌ يُرِيدُ أَن يَصُدَّكُمْ عَمَّا كَانَ يَعْبُدُ آبَاؤُكُمْ وَقَالُوا مَا هَٰذَا إِلَّا إِفْكٌ مُّفْتَرًى ۚ وَقَالَ الَّذِينَ كَفَرُوا لِلْحَقِّ لَمَّا جَاءَهُمْ إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ ﴿٤٣﴾

43. നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ ഓതിക്കൊടുത്താൽ അവർ നിഷേധിക്കുകയായി: ഇവൻ ഒരു മനുഷ്യൻ മാത്രമാകുന്നു. നമ്മുടെ പൂർവപിതാക്കൾ ആരാധിച്ചുപോന്ന ദൈവങ്ങളിൽനിന്ന് നമ്മെ തടയാൻ ശ്രമിക്കുകയാണവൻ. ഈ ഖുർആൻ കെട്ടിച്ചമക്കപ്പെട്ട കള്ളമല്ലാതൊന്നുമല്ലെന്നും വാദിച്ചു. സത്യധർമങ്ങൾ നിഷേധിച്ചവർ യാഥാർഥ്യം കൺമുമ്പിൽ വന്നപ്പോൾ ഇതൊക്കെയും തെളിഞ്ഞ ആഭിചാരം തന്നെ എന്നും ഘോഷിച്ചു.

**43**

وَإِذَا تُتْلَىٰ عَلَيْهِمْ = അവർക്ക് ഓതപ്പെട്ടാൽ (ഓതിക്കൊടുത്താൽ) آيَاتُنَا = നമ്മുടെ സൂക്തങ്ങൾ

بَيِّنَاتٍ = സുവ്യക്തമായ قَالُوا = അവർ പറഞ്ഞു (നിഷേധിക്കുകയായി)

مَا هَٰذَا = ഇത് (ഇവൻ) അല്ല (ആകുന്നു) إِلَّا رَجُلٌ = ഒരു പുരുഷൻ അല്ലാതെ (മനുഷ്യൻ മാത്രം)

يُرِيدُ = അവൻ ഉദ്ദേശിക്കുന്നു (ശ്രമിക്കുകയാണ്) أَن يَصُدَّكُمْ = നിങ്ങ(നമ്മ)ളെ തടയാൻ

عَمَّا كَانَ يَعْبُدُ آبَاؤُكُمْ = നിങ്ങളു(നമ്മു)ടെ പൂർവപിതാക്കൾ ആരാധിച്ചതി(ച്ചു പോന്ന ദൈവങ്ങളി)ൽ നിന്ന്

وَقَالُوا = അവർ പറഞ്ഞു (വാദിച്ചു) مَا هَٰذَا = ഇത് (ഈ ഖുർആൻ അല്ല) എന്നും

إِلَّا إِفْكٌ مُّفْتَرًى = കെട്ടിച്ചമക്കപ്പെട്ട കള്ളമല്ലാതെ (ഒന്നും)

وَقَالَ الَّذِينَ كَفَرُوا = (സത്യധർമങ്ങൾ) നിഷേധിച്ചവർ പറഞ്ഞു (ഘോഷിച്ചു)

لِلْحَقِّ = യാഥാർഥ്യത്തെക്കുറിച്ച് لَمَّا جَاءَهُمْ = അത് അവർക്ക് (കൺമുമ്പിൽ) വന്നപ്പോൾ

إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ = ഇത് ഒരു തെളിഞ്ഞ ആഭിചാരം അല്ലാതെയല്ല (ആഭിചാരം തന്നെ എന്നും)

സുവ്യക്തവും സുതാര്യവുമായ ദൈവിക സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചു പ്രബോധനം ചെയ്യുന്ന പ്രവാചകനിൽനിന്ന് സാമാന്യ ജനങ്ങളെ അകറ്റാൻ സത്യനിഷേധത്തിന് നേതൃത്വം നൽകുന്ന വരേണ്യവർഗം ഉന്നയിക്കുന്ന പലതരം കുതർക്കങ്ങളിൽ അതിശയം കൂറുകയാണീ സൂക്തം. പ്രവാചകൻ ഓതിക്കേൾപ്പിക്കുന്ന ധർമസൂക്തങ്ങളുടെയും നീതിസാരങ്ങളുടെയും യാഥാർഥ്യത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാൻ അവർ തയാറാകുന്നില്ല. സാധാരണക്കാരെ അതിനനുവദിക്കുന്നുമില്ല. സന്ദേശത്തിന്റെ സത്യാവസ്ഥ പരിശോധിക്കുന്നതിനു പകരം സന്ദേശവാഹകനെ തള്ളിപ്പറയാനാണ് അവർ ആദ്യം ശ്രമിക്കുന്നത്. ഇയാൾ നിങ്ങളെപ്പോലൊരു വെറും മനുഷ്യൻ മാത്രമാണ്. പൂർവ പിതാക്കളുടെ കാലം മുതൽ നമ്മൾ പരമ്പരാഗതമായി ആരാധിച്ചുവരുന്ന ദൈവങ്ങളെ നമ്മൾ ഉപേക്ഷിക്കുന്നതിനും നമ്മെ അയാളുടെ പിഴച്ച വഴിക്കു നയിച്ച് നശിപ്പിക്കുന്നതിനും വേണ്ടിയാണയാൾ ശ്രമിക്കുന്നത്. പ്രവാചകനെതിരെ ജനങ്ങളുടെ വംശീയ, ദേശീയ വികാരങ്ങൾ ഇളക്കിവിടുന്ന ഈ തന്ത്രം പൈശാചിക ശക്തികൾ എല്ലാ പ്രവാചകന്മാർക്കെതിരെയും സ്വീകരിച്ചു വന്നിട്ടുള്ളതാണ്. പ്രവാചക പരമ്പരക്കു ശേഷം പിൻഗാമികളായ സത്യപ്രബോധകർക്കെതിരെയും എല്ലായിടത്തും ഇതേ തന്ത്രം പ്രവർത്തിക്കുന്നതായി കാണാം. മുഹമ്മദ് നബി (സ) ആഗതനാകുമ്പോൾ മക്കയിൽ രാജാവോ ഭരണകൂടമോ ഉണ്ടായിരുന്നില്ല. വിഗ്രഹാരാധനയും ഗോത്രവ്യവസ്ഥയുമായിരുന്നു അവരെ ഒന്നിപ്പിച്ചിരുന്നത്. രാജാവും ഭരണകൂടവുമുള്ള സമൂഹങ്ങളിൽ പ്രവാചകന്മാർ ചെല്ലു

മ്പോള്‍ അവരെ അധികാരം പിടിച്ചെടുക്കാന്‍ ശ്രമിക്കുന്ന അട്ടിമറിക്കാരും പൈതൃക സംസ്‌കാരത്തിന്റെ ധ്വംസകരുമായി മുദ്രകുത്തുന്നു. മൂസാ നബിക്കെതിരെ ഫറവോന്‍ ഈ തന്ത്രം സമര്‍ഥമായി ഉപയോഗിച്ചിരുന്നതായി കാണാം. ഇന്ന് ശിലാവിഗ്രഹങ്ങള്‍ക്കും പൈതൃകാചാരങ്ങള്‍ക്കും പുറമെ ജനാധിപത്യം, മനുഷ്യാവകാശം, സ്ത്രീ സ്വാതന്ത്ര്യം പോലുള്ള ചില ആഖ്യാനങ്ങളെ കൂടി വിഗ്രഹവല്‍ക്കരിച്ച് ഇസ്‌ലാമിക ദര്‍ശനത്തെ പരാജയപ്പെടുത്താന്‍ ഉപയോഗിച്ചു വരുന്നുണ്ട്.

മുഹമ്മദ് നബിയെക്കുറിച്ച് അവര്‍ പറയുന്നു: ഇയാള്‍ പ്രവാചകനല്ല. ഇയാള്‍ ഓതുന്ന ഖുര്‍ആന്‍ ദിവ്യസന്ദേശവുമല്ല; അത് ഇയാള്‍ സ്വയം കെട്ടിച്ചമച്ച കള്ളങ്ങള്‍ മാത്രമാണ്. നുണയും മന:പൂര്‍വം നുണ പറയുകയുമാണ് إِفْكٌ . കള്ളം കെട്ടിച്ചമക്കലാണ് افتراء. ബോധപൂര്‍വം കെട്ടിച്ചമച്ച കള്ളമാണ് إِفْكٌ مُّفْتَرًى. ഖുര്‍ആന്‍ മുഹമ്മദ് (സ) കെട്ടിച്ചമച്ചതാണ് എന്ന അര്‍ഥത്തില്‍ إِفْكٌ എന്നും അല്ലാഹുവിങ്കല്‍നിന്ന് ബോധനം ചെയ്യപ്പെട്ടത് എന്ന് വ്യാജമായി അവകാശപ്പെടുന്നത് എന്ന അര്‍ഥത്തില്‍ مفترى എന്നും അവിശ്വാസികള്‍ ഖുര്‍ആനിനെ വിശേഷിപ്പിച്ചു.

ദീനുല്‍ ഇസ്‌ലാം അതിന്റെ എല്ലാ നന്മകളോടും വൈശിഷ്ട്യത്തോടും കൂടി അവരുടെ മുന്നില്‍ തെളിഞ്ഞു വന്നിട്ടും അത് മൊത്തത്തില്‍ ആളുകളെ വശീകരിക്കുന്ന ആഭിചാരം മാത്രമാണെന്നു വാദിക്കാനും അവര്‍ ധൃഷ്ടരാകുന്നു. പ്രവാചകന്‍ പ്രബോധനം ചെയ്യുന്ന ദൈവിക സൂക്തങ്ങളിലൂടെയും, അദ്ദേഹത്തിന്റെയും ശിഷ്യന്മാരുടെയും പരിശുദ്ധമായ ജീവിത ചര്യയിലൂടെയും ഈ ദീന്‍ തികച്ചും സത്യമാണെന്നു ബോധ്യപ്പെടാന്‍ ചിന്താശേഷിയുള്ളവര്‍ക്ക് ഒരു ബുദ്ധിമുട്ടുമില്ല. എന്നിട്ടും ഇങ്ങനെ പറയാന്‍ അവരെ പ്രേരിപ്പിക്കുന്നത് അവരുടെ സത്യനിഷേധമാണെന്ന് സൂചിപ്പിക്കാനാണ് قال യുടെ കര്‍ത്താവിനെ الَّذِينَ كَفَرُوا എന്ന് വ്യക്തമായി പ്രസ്താവിച്ചത്. حَقّ യാഥാര്‍ഥ്യമാണ്. ഇവിടെ ഇതുകൊണ്ടുദ്ദേശ്യം തൗഹീദ്, ആഖിറത്ത്, രിസാലത്ത്, ശരീഅത്ത് തുടങ്ങി ദീനീ തത്ത്വങ്ങളുടെ സാകല്യമാണ്. حق കൊണ്ടുദ്ദേശ്യം ഖുര്‍ആന്‍ ആണെന്നും വ്യാഖ്യാനമുണ്ട്. قَالَ .... لِلْحَقِّ എന്നാല്‍ യാഥാര്‍ഥ്യത്തോടു പറഞ്ഞ എന്നാണര്‍ഥം. ഇവിടെ لِ എന്ന ശബ്ദം فِي എന്ന ശബ്ദത്തിനു പകരമായി ഉപയോഗിച്ചിട്ടുള്ളതാണ്. യാഥാര്‍ഥ്യത്തിന്റെ കാര്യത്തില്‍, യാഥാര്‍ഥ്യത്തെക്കുറിച്ച് എന്ന് താല്‍പര്യം. ●

---

وَمَآ ءَاتَيْنَٰهُم مِّن كُتُبٍ يَدْرُسُونَهَا ۖ وَمَآ أَرْسَلْنَآ إِلَيْهِمْ قَبْلَكَ مِن نَّذِيرٍ ﴿٤٤﴾

44. നാം അവര്‍ക്ക് വേദഗ്രന്ഥങ്ങളൊന്നും നല്‍കിയിട്ടില്ല; അതവര്‍ വായിച്ചു പഠിക്കാന്‍. നിനക്കു മുമ്പ് ഒരു മുന്നറിയിപ്പുകാരനെ അവരിലേക്കയച്ചിട്ടുമില്ല.

**44**

وَمَا آتَيْنَاهُم = നാം അവര്‍ക്കു നല്‍കിയിട്ടില്ല
مِّن كُتُبٍ = വേദങ്ങളൊന്നും
يَدْرُسُونَهَا = അതവര്‍ വായിച്ചു പഠിക്കാന്‍
وَمَا أَرْسَلْنَا إِلَيْهِمْ = നാം അവരിലേക്കയച്ചിട്ടുമില്ല
قَبْلَكَ = നിനക്കു മുമ്പ്
مِن نَّذِيرٍ = ഒരു മുന്നറിയിപ്പുകാരനെയും

ഈ വചനത്തിന് രണ്ട് ആശയമുണ്ട്. അറബികളുടെ, വിശേഷിച്ചും ഖുറൈശികളുടെ പ്രവാചകനോടുള്ള എതിര്‍പ്പും നിഷേധവും തികച്ചും അടിസ്ഥാനരഹിതമാണെന്ന് സമര്‍ഥിക്കുന്നതാണ് ഒന്ന്. അറബികള്‍ക്ക് പൂര്‍വകാലത്ത് വേദഗ്രന്ഥമൊന്നും അവതരിച്ചിട്ടില്ല. പ്രവാചകന്‍ നിയുക്തനാകുന്നത് അഭൗതികലോകത്തുനിന്നാണ്. വേദം അവതരിക്കുന്നതും അവിടെ നിന്നുതന്നെ. വേദത്തെ ദൈവിക വചനമായി തിരിച്ചറിയുന്നത് പ്രവാചകനിലൂടെയാണ്. പ്രവാചകനെ ദൈവദൂതനായി തിരിച്ചറിയുന്നത് വേദത്തിലൂടെയും. സ്വാധാരണ ഗതിയില്‍ പ്രവാചകത്വം അവകാശപ്പെട്ടു രംഗത്തു വരുന്ന ഒരാള്‍ പ്രവാചകന്‍ തന്നെയോ എന്ന് ഉറപ്പുവരുത്തേണ്ടത് വേദപ്രമാണങ്ങള്‍ അയാളുടെ ആഗമനത്തെ സത്യപ്പെടുത്തുന്നുണ്ടോ എന്നും അയാള്‍ വേദപ്രമാണങ്ങളെ സത്യപ്പെടുത്തുന്നുണ്ടോ എന്നും നോക്കിയിട്ടാണ്. സത്യപ്രവാചകനാണെങ്കില്‍ വേദം അയാളെ സത്യപ്പെടുത്തണം. ചുരുങ്ങിയ പക്ഷം നിഷേധിക്കാതിരിക്കുകയെങ്കിലും വേണം. ഇങ്ങനെ ഒരു പഠനം നടത്താന്‍ അറബികളുടെ കൈവശം ഒരു വേദമില്ല. പ്രവാചകനെ തിരിച്ചറിയാനുള്ള മറ്റൊരു വഴി പൂര്‍വ പ്രവാചകന്മാരുടെ ചരിത്രവും അധ്യാപനങ്ങളുമാണ്. അങ്ങനെ ചില പ്രവാചകന്മാര്‍ അറേബ്യയില്‍ ആഗതരായിട്ടുണ്ടായിരുന്നുവെങ്കിലും അവരും അവരുടെ സമുദായവും ചരിത്രവുമെല്ലാം തികച്ചും മാഞ്ഞുപോയിരിക്കുന്നു. ഇസ്മാഈല്‍ (അ) മാത്രമേ അവരുടെ ഓര്‍മയിലുള്ളൂ. അദ്ദേഹം ഇബ്‌റാഹീമീ വേദത്തിന്റെ അനുഗാമിയായിരുന്നു. ഇബ്‌റാഹീമീ വേദവും-صحف ابراهيم-ചരിത്രത്തില്‍നിന്ന് മാഞ്ഞുപോയിരിക്കുന്നു. ഇസ്മാഈല്‍ നബിയുടെ ആദര്‍ശങ്ങളും നിയമങ്ങളും കേവലം വാമൊഴിയായിട്ടാണ് പിന്‍തലമുറകള്‍ക്ക് പകര്‍ന്നുകിട്ടിയത്. അതിനിടയില്‍ അതില്‍ ഓരോ തലമുറകള്‍ക്ക് തോന്നിയ മാറ്റങ്ങള്‍ വരുത്തിക്കൊണ്ടിരുന്നു. കാലാന്തരത്തില്‍ ഇസ്മാഈല്‍ നബി പഠിപ്പിച്ച ദൈവികമതം വിഗ്രഹമതമായി പരിണമിച്ചു. അതിനാല്‍ പൂര്‍വ പ്രവാചകന്‍ പ്രബോധനം ചെയ്ത തത്ത്വങ്ങളും

നിയമങ്ങളും മാനദണ്ഡമാക്കിയും അറബികൾക്ക് ഈ പ്രവാചകനെ അളക്കാനാവില്ല. എന്നിരിക്കെ മുഹമ്മദ് നബിയുടെ ജീവിത വിശുദ്ധിയും സത്യസന്ധതയും അദ്ദേഹത്തിലൂടെ പ്രത്യക്ഷമാകുന്ന ദിവ്യാത്ഭുതവും അടിസ്ഥാനമാക്കി വേണം അവർ പ്രവാചകനെ മനസ്സിലാക്കാൻ. അദ്ദേഹം അവതരിപ്പിക്കുന്ന വേദം യഥാർഥ ദൈവിക വചനങ്ങളാണോ അതല്ല, ദൈവത്തിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കള്ളങ്ങളാണോ എന്ന് തീരുമാനിക്കാനുള്ള പ്രഥമ മാനദണ്ഡം അദ്ദേഹത്തിന്റെ സത്യസന്ധതയും സ്വഭാവ മഹിമയും തന്നെയാണ്. സത്യസന്ധനും വിശിഷ്ട സ്വഭാവിയുമായ ഒരാൾ സ്വയം കുറേ വചനങ്ങൾ കെട്ടിച്ചമച്ച് അത് ദൈവം തനിക്ക് ദിവ്യബോധനം ചെയ്ത ദൈവിക വചനങ്ങളാണെന്നു പറയാൻ ധൈര്യപ്പെടുകയില്ല. മുഹമ്മദ് നബിയുടെ സത്യസന്ധതയും ഉത്കൃഷ്ട സംസ്കാരവും ശത്രുക്കൾ പോലും സമ്മതിച്ചതാണ്. അൽ അമീൻ- സത്യസന്ധൻ - എന്നാണ് അവരദ്ദേഹത്തെ വിളിച്ചിരുന്നത്. എന്നിട്ടും സംശയം തീരുന്നില്ലെങ്കിൽ ഈ വചനങ്ങൾ അദ്ദേഹത്തിന്റെ വൈജ്ഞാനിക നിലവാരവുമായും ഭാഷാവൈഭവവുമായും പൊരുത്തപ്പെടുന്നുണ്ടോ എന്നു നോക്കണം. നിരക്ഷരനായ അദ്ദേഹത്തിനു ഇങ്ങനെയൊരു ഗ്രന്ഥം രചിക്കാനാവില്ല. മറ്റാരെങ്കിലും അദ്ദേഹത്തെ പഠിപ്പിക്കുന്നതായും അറിയില്ല. ഇതൊക്കെയും സാക്ഷ്യപ്പെടുത്തുന്നത് ഖുർആൻ ദൈവിക ഗ്രന്ഥം തന്നെ എന്നത്രെ. സർവോപരി ഇത് മനുഷ്യരചനയാണെങ്കിൽ ഇതുപോലുള്ളത് രചിക്കാൻ മറ്റു മനുഷ്യർക്കും കഴിയേണ്ടതാണ്. ഖുർആൻ മുഹമ്മദിന്റെ രചനയാണെന്ന് സംശയിക്കുന്നുവെങ്കിൽ ഇതുപോലുള്ളത് നിങ്ങളും രചിച്ചു കാണിക്കുക എന്ന് ഖുർആൻ പ്രതിയോഗികളെ ആവർത്തിച്ചു വെല്ലുവിളിക്കുന്നുണ്ട്. ആരും ആ വെല്ലുവിളി ഏറ്റെടുക്കാൻ തയാറായിട്ടില്ല. ഖുർആൻ മുഹമ്മദ് നബിയിലൂടെ പ്രത്യക്ഷപ്പെട്ട ദിവ്യാത്ഭുതമാണ്. പ്രവാചക വ്യക്തിത്വത്തെ കാര്യകാരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് പ്രവാചകത്വത്തെ തള്ളിക്കളയുന്നവർ കാരണ വ്യവസ്ഥക്കതീതമായി പ്രത്യക്ഷപ്പെടുന്ന ഈ ദൃഷ്ടാന്തമെങ്കിലും അംഗീകരിക്കേണ്ടതാണ്.

സൂക്തത്തിന്റെ രണ്ടാമത്തെ ആശയമാനം ഇതാണ്: മുഹമ്മദ് നബി(സ)ക്കു മുമ്പ് അറബികളെ സത്യധർമങ്ങളുപദേശിക്കുകയും സന്മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്ന വേദമോ പ്രവാചകനോ ഉണ്ടായിട്ടില്ല. സുദീർഘമായ നൂറ്റാണ്ടുകളായി അവർ കൊടിയ പ്രജ്ഞാശൂന്യതയിലായിരുന്നു. അജ്ഞതയുടെ ഗാഢനിദ്രയിൽനിന്ന് അവരെ ഉണർത്താനാണ് പ്രവാചകനും ഖുർആനും അവരിൽ ആഗതമായത്. ഈ സാഹചര്യത്തിൽ അതിനെ അതിമഹത്തായ ദൈവാനുഗ്രഹമായി മനസ്സിലാക്കി ആവേശത്തോടെ, ആദരവോടെ സ്വീകരിക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. എങ്കിൽ അവരുടെ ഭാവി ഇഹത്തിലും പരത്തിലും ശോഭനമാവുകയും അവർ ലോകത്തിന്റെ മാർഗദർശകരും മാതൃകാ സമൂഹവുമായി മാറുകയും ചെയ്യും. അതിനുവേണ്ടി സമാഗതനായ പ്രവാചകനെ തള്ളിപ്പറയുകയും ദ്രോഹിക്കുകയും അദ്ദേഹത്തിന്റെ ദർശനങ്ങളെ കണ്ണടച്ചു നിഷേധിക്കുകയും ചെയ്യുന്നത് എന്തുമാത്രം ദൗർഭാഗ്യകരമാണ്! ഇവിടെ كتب - പുസ്തകങ്ങൾ - കൊണ്ട് വിവക്ഷിക്കുന്നത് വേദഗ്രന്ഥങ്ങളാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാണ്. دَرَس-യിൽനിന്നുള്ള ഭാവികാല ക്രിയാരൂപമാണ് تَدْرُس. മാഞ്ഞു പോകുന്നതിനും പഠിക്കുന്നതിനും دَرَس ഉപയോഗിക്കും. പാഠം, ക്ലാസ് എന്നീ പ്രയോഗാർഥവുമുണ്ട്. دَرَس القرآن ഖുർആൻ ക്ലാസാണ്. دِرَاسة പഠനം. പള്ളിക്കൂടം مدرسة. അധ്യാപകൻ مدرّس ആണ്. ഉയർന്ന നിലവാരത്തിലുള്ള പഠനത്തിനാണ് സാധാരണ درس ഉപയോഗിക്കുക. പ്രാഥമിക പള്ളിക്കൂടവും മദ്റസയാണെങ്കിലും അവിടത്തെ പഠനത്തിന് درس എന്നോ അധ്യാപകന് مدرس എന്നോ പറയാറില്ല. تعليم എന്നും معلّم എന്നുമാണ് പറയുക. ഗവേഷണ പഠനത്തിന് دراسة എന്നു പറയുന്നു. يَدْرُسُونَهَا -യുടെ ആശയം നിങ്ങൾ പതിവായി പാരായണം ചെയ്തു പഠിക്കുന്ന എന്നും വായിച്ചു മനനം ചെയ്യുന്ന എന്നും അർഥമാവാം. രണ്ടാമതു പറഞ്ഞതാണ് കൂടുതൽ സന്ദർഭോചിതം. ഇന്ന നാട്ടിൽ ഇന്ന കുടുംബത്തിൽ ഇന്ന തീയതി ഒരു പ്രവാചകൻ ആഗതമാകുമെന്നും അയാളുടെ ഗുണഗണങ്ങൾ ഇന്നിന്നതൊക്കെയാണെന്നും പൂർവവേദങ്ങൾ കൃത്യമായി പ്രസ്താവിക്കാറില്ല. ഭാവി പ്രവാചകന്റെ ദേശവും കാലവുമൊക്കെ ലക്ഷണങ്ങളിലൂടെ ലഘുവായി സൂചിപ്പിക്കുകയേ ഉള്ളൂ. ഇത് ആഴത്തിൽ പഠിച്ച് പ്രവാചകത്വവാദിയുടെ ഗുണഗണങ്ങളുമായി സൂക്ഷ്മമായി താരതമ്യം ചെയ്യുന്നവർക്കേ പ്രവചനങ്ങളിലൂടെ പ്രവാചകനെ തിരിച്ചറിയാൻ കഴിയൂ. വേദപ്രമാണങ്ങളെ മുൻവിധിയോടെ വ്യാഖ്യാനിച്ച് സത്യപ്രവാചകനെ തള്ളിപ്പറയുന്നവരും ഏറെയാണ്. അതാണ് മുഹമ്മദീയ പ്രവാചകത്വത്തോട് യഹൂദ-ക്രൈസ്തവ വിഭാഗങ്ങൾ സ്വീകരിച്ച നിലപാട്. ●

Malabar Kushtaroga Sahaya Committee
Reg No. 274/78, P.O Chalappuram, Near PVS Bus Stop,
Calicut - 673 002, Mob: 9744451213

അമ്പതിൽപരം ഭാഗ്യഹീനരുടെ അഭയകേന്ദ്രമാണ് മലബാർ കുഷ്ഠരോഗ സഹായ കമ്മിറ്റി. ഗവൺമെന്റ് അംഗീകാരമുണ്ട്. രോഗികളായ 50-ൽപരം മുസ്‌ലിം സഹോദരന്മാരും സഹോദരികളും ഇവിടെ കഴിയുന്നു. നിങ്ങളുടെ സകാത്ത്-സ്വദഖകൾ അവശരും നിരാലംബരുമായ ഞങ്ങൾക്ക് അയച്ചുതന്ന് സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

A/c No. 200401010006007
IFS Code VIJB0002004
വിജയാ ബാങ്ക് ചാലപ്പുറം, കോഴിക്കോട് -2

സെക്രട്ടറി,
മലബാർ കുഷ്ഠരോഗ സഹായ കമ്മിറ്റി,
പി.ഒ ചാലപ്പുറം, കോഴിക്കോട് - 673 002
ഫ്രാൻസിസ് റോഡ്,
പി.വി.എസ് ബസ് സ്റ്റോപ്പിന് സമീപം



# സകാത്തുൽ ഫിത്വ്ർ പണമായി നൽകാമോ?

പ്രശ്നവും വീക്ഷണവും / മുശീർ

ഞങ്ങളുടെ മഹല്ലിൽ ദരിദ്രരും അഗതികളുമായ മിക്കവാറും എല്ലാ കുടുംബങ്ങളിലും സൗജന്യ റേഷനായും റമദാൻ കിറ്റുകളായും ധാരാളം ഭക്ഷ്യവിഭവങ്ങൾ ലഭിച്ചിട്ടുണ്ട്. പെരുന്നാൾ വരെയും അതിലപ്പുറവും കഴിഞ്ഞുകൂടാനുള്ള വക ഇപ്പോൾ അവർക്കുണ്ട് എന്നർഥം. അതേസമയം അവരിൽ പലർക്കും പണത്തിന് ആവശ്യമുണ്ടു താനും. ഇവർക്ക് സകാത്തുൽ ഫിത്വ് ർ പണമായി നൽകാമോ?

സമാനമായ മറ്റൊരു ചോദ്യം:

തങ്ങളുടെ താമസസ്ഥലത്ത് സ്വന്തമായി ഭക്ഷണം പാകംചെയ്ത് കഴിക്കാൻ സൗകര്യമില്ലാത്തതിനാൽ സ്ഥിരമായി ഹോട്ടലിലും മെസ്സിലും പോയി ഭക്ഷണം കഴിക്കുന്ന ധാരാളം തൊഴിലാളികൾ ഞങ്ങളുടെ പരിസരത്തുണ്ട്. അവർ സകാത്തുൽ ഫിത്വ്റിന് അർഹരുമാണ്. അവർക്ക് പക്ഷേ അരി കിട്ടിയതുകൊണ്ട് കാര്യമില്ല, കിട്ടിയാൽതന്നെ അത് വിറ്റ് കാശാക്കി ആ കാശ് കൊണ്ട് ഭക്ഷണം മേടിച്ച് കഴിക്കേണ്ട അവസ്ഥയാണ്. ഇങ്ങനെയുള്ളവർക്ക് സകാത്തുൽ ഫിത്വ്ർ പണമായി നൽകാമോ?

പ്രധാനമായും രണ്ട് യുക്തികളാണ് സകാത്തുൽ ഫിത്വ്റിന്റേതായി ഹദീസുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്: ഒന്ന്, നോമ്പുകാരുമായി ബന്ധപ്പെട്ടതാണ്. എത്ര സൂക്ഷ്മത പുലർത്തിയാലും എന്തെങ്കിലും അല്ലറ ചില്ലറ വീഴ്ചകൾ പറ്റിപ്പോകാൻ സാധ്യതയുണ്ട്. ഒരു മാസം പൈദാഹങ്ങൾ സഹിച്ച്, കാമവികാരങ്ങൾ നിയന്ത്രിച്ച് എടുത്ത ഒരു ഇബാദത്തിന്റെ പ്രതിഫലം ഒട്ടും കുറയാതെ തന്നെ വിശ്വാസികൾക്ക് ലഭിക്കണമെന്ന കാരുണ്യവാനായ അല്ലാഹുവിന്റെ കൃപയാണ് അത്. അതുകൊണ്ടുതന്നെ നമസ്കാരത്തിൽ മറവി പറ്റിയാൽ ചെയ്യുന്ന സുജൂദിനോട് ചില പണ്ഡിതന്മാർ ഇതിനെ താരതമ്യപ്പെടുത്തിയിരിക്കുന്നു (മുഗ്നി അൽ മുഹ്താജ്). പെരുന്നാൾ ദിവസം യാചകരോ പട്ടിണി കിടക്കുന്നവരോ ഉണ്ടാവരുതെന്ന് മാത്രമല്ല, അവരവരുടെ വീടുകളിൽ സദ്യയൊരുക്കി സന്തോഷത്തോടെ ഭക്ഷണം കഴിക്കാനും ഊട്ടാനും അവസരം ഉണ്ടാവട്ടെ എന്ന സാമൂഹിക ലക്ഷ്യമാണ് രണ്ടാമത്തേത്.

അതിനാൽ ആഹാരത്തിന് ഉപയുക്തമായ ഭക്ഷ്യധാന്യങ്ങൾ തന്നെ നൽകണമെന്നതാണ് മൗലികമായ വിധി. എങ്കിലും ചോദ്യത്തിൽ പരാമർശിച്ചതുപോലെ ഭക്ഷ്യധാന്യങ്ങൾ കിട്ടിയതുകൊണ്ട് പ്രത്യേകിച്ച് ഒരു ഗുണവുമില്ലെന്ന് മാത്രമല്ല, അതൊരു പ്രയാസം കൂടി ആയിത്തീരുന്ന ചില സാഹചര്യങ്ങൾ വന്നുപെട്ടേക്കാം. അത്തരം സാഹചര്യങ്ങളിൽ മഹാനായ ഖലീഫ ഉമറുബ്നു അബ്ദിൽഅസീസ്, ഇമാം ബുഖാരി തുടങ്ങിയ മഹാന്മാരുടെയും, ലോകത്ത് ഏറ്റവും കൂടുതൽ മുസ്‌ലിംകൾ പിന്തുടരുന്ന മദ്ഹബായ ഹനഫീ മദ്ഹബിന്റെയും, സലഫീ ആശയക്കാർക്ക് അഭിമതനായ ശൈഖുൽ ഇസ് ലാം ഇബ്നുതൈമിയ്യയുടെയും വീക്ഷണമനുസരിച്ച് പണമായി നൽകുന്നതായിരിക്കും ഉത്തമം എന്നാണ് നമുക്ക് പറയാനുള്ളത്.

സുൽത്വാനുൽ ഉലമാ എന്നറിയപ്പെടുന്ന ഇമാം കാസാനി പറയുന്നു: പെരുന്നാൾ പോലുള്ള ദിവസത്തിൽ യാചിക്കാൻ ഇടവരാത്തവിധം അവരെ സുഭിക്ഷതയുള്ളവരാക്കുക എന്ന പ്രവാചക വചനത്തിന്റെ അടിസ്ഥാനത്തിൽ ദരിദ്രർക്ക് സുഭിക്ഷത നൽകി സ്വയംപര്യാപ്തരാക്കുക എന്നതാണ് യഥാർഥ വാജിബ്. ഈ സ്വയംപര്യാപ്തത ഭക്ഷ്യധാന്യങ്ങളുടെ വിലകൊടുത്തു കൊണ്ടായാലും സംഭവിക്കും. എന്നല്ല അതാണ് ഏറ്റവും അന്യൂനവും ഏറ്റവും സമൃദ്ധവും. കാരണം ആവശ്യപൂർത്തീകരണത്തിന് അതാണ് ഏറ്റവും സൗകര്യം. ഇതിലൂടെ സുഭിക്ഷതയുണ്ടാക്കലിലാണ് നബിവചനത്തിന്റെ യുക്തി എന്നും, അല്ലാതെ പണമായി നൽകുന്നതിലല്ലെന്നും വ്യക്തമായി (ബദാഇഉസ്സ്വനാഇഅ്: 4/129).

ഇമാം നവവി പറയുന്നു: പണമായി നൽകാം എന്ന് വാദിക്കുന്നവർ തെളിവാക്കുന്നത്, നബി (സ) മുആദി(റ) നെ സകാത്ത് പിരിക്കാനും മറ്റുമായി യമനിലേക്ക് നിയോഗിച്ചയച്ചപ്പോൾ, അദ്ദേഹം യമൻ നിവാസികളോട് പറഞ്ഞതാണ്. അദ്ദേഹം അവരോട് പറഞ്ഞു: ബാർളിക്കും ചോളത്തിനും പകരം ഉടയാടകളും വസ്ത്രങ്ങളും കൊണ്ടുവരിക. അതാണ് നിങ്ങൾക്ക് ഏറ്റവും സൗകര്യം. മദീനയിലുള്ള നബി(സ)യുടെ സ്വഹാബിമാർക്ക് ഏറ്റവും ഗുണകരവും അതാണ് (ബുഖാരി). അതുപോലെ ഇരുപത്തിയഞ്ച് ബിൻതു മഖാളിനു (ഒരു വയസ്സു തികഞ്ഞ പെണ്ണൊട്ടകക്കുട്ടി) പകരം അവ



ലഭ്യമല്ലെങ്കിൽ ഇബ്നുലബൂൻ (രണ്ടു വയസ്സു കഴിഞ്ഞ ആണൊട്ടകം) മതിയാവും എന്ന സ്വഹീഹായ ഹദീസും അവർ തെളിവാക്കിയിരിക്കുന്നു. അവർ പറയുന്നു: മൂല്യം നോക്കി നൽകാമെന്നതിന് വ്യക്തമായ തെളിവാണിത്. കാരണം ഇത് സകാത്ത് മുതലാണ്. ആ നിലക്ക് കച്ചവടച്ചരക്കുകളെപ്പോലെ മൂല്യം നോക്കി പണമായി കൊടുക്കുന്നത് സാധുവാകും. അതുപോലെ തുല്യമൂല്യമുള്ള ധനം തന്നെയാണ്. അപ്പോൾ അത് നൽകുന്നതും നസ്സ്വിൽ വന്നതുപോലെ തന്നെയായി.

നസ്സ്വിൽ വ്യക്തമായി പറയപ്പെട്ടതിൽനിന്ന് അതേ വർഗത്തിൽപെട്ട മറ്റിനത്തിലേക്ക് മാറുന്നത് - തന്റെ ഒരു ആട്ടിൻപറ്റത്തിന് പകരം മറ്റൊരാട്ടിൻപറ്റത്തിൽനിന്ന് നൽകുന്നതു പോലെ - അനുവദനീയമാണെന്ന കാര്യത്തിൽ ഇജ്മാഉണ്ടെങ്കിൽ ഒരിനത്തിൽ നിന്ന് വേറെ ഇനത്തിലേക്ക് മാറുന്നതും സാധുവാകും (ശർഹുൽ മുഹദ്ദബ്: ആടിന്റെ സകാത്ത് എന്ന അധ്യായം).

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ പറഞ്ഞു: സകാത്ത് മൂല്യം നോക്കി പണമായി നൽകുന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ മൂന്ന് വീക്ഷണങ്ങളാണുള്ളത്.

ഒന്ന്: ഏതവസ്ഥയിലും അതനുവദനീയമാണ്. ഇമാം അബൂഹനീഫയുടെ വീക്ഷണം ഇതാണ്.

രണ്ട്: ഒരവസ്ഥയിലും അനുവദനീയമല്ല. ഇതാണ് ഇമാം ശാഫിഈയുടെ വീക്ഷണം.

മൂന്ന്: ആവശ്യമുണ്ടെങ്കിലല്ലാതെ അനുവദനീയമാവുകയില്ല. ഉദാഹരണമായി, സകാത്ത് ബാധകമാവുന്ന ഒട്ടകങ്ങൾ ഉള്ള വ്യക്തിയുടെ അടുത്ത് ആട് ഇല്ലാതിരിക്കുക. അതുപോലെ മുന്തിരിയും ഈത്തപ്പഴവും അവ ഉണക്കി സൂക്ഷിക്കുന്നതിനു മുമ്പു തന്നെ വിൽപ്പന നടത്തുന്നവനെപ്പോലെ. ഇമാം അഹ്മദിൽനിന്ന് വ്യക്തമായി രേഖപ്പെടുത്തപ്പെട്ട അഭിപ്രായം ഇതാണ്. അദ്ദേഹം മൂല്യം നോക്കി പണമായി നൽകുന്നത് തടഞ്ഞിട്ടുണ്ട്. എന്നാൽ അവശ്യ സന്ദർഭത്തിൽ ചിലയിടങ്ങളിൽ അതനുവദിച്ചിരിക്കുന്നു... ഇതത്രെ ഏറ്റവും സന്തുലിതമായ അഭിപ്രായം... ഹദീസുകളിൽ വന്ന അതേ ദ്രവ്യങ്ങൾ തന്നെ നൽകൽ നിർബന്ധമാണെന്നതിലെ ഗുണത്തോട് പണമായി നൽകുന്നതിലെ പല ഗുണങ്ങളും ഏറ്റുമുട്ടുന്നു. ഹദീസുകളിൽ വന്ന അതേ ദ്രവ്യങ്ങൾതന്നെ നൽകണമെന്ന് ശഠിക്കുന്നത് ശരീഅത്ത് നിരാകരിച്ച ഞെരുക്കമുണ്ടാക്കലാണ് (മജ്മൂഉൽ ഫതാവാ: 25/46).

ഇമാം അബൂഹനീഫയും കൂട്ടുകാരും, ഹസൻ ബസ്വരി, സുഫ്‌യാനുസ്സൗരി, ഖലീഫ ഉമറുബ്നു അബ്ദിൽ അസീസ് തുടങ്ങിയവരെല്ലാം സകാത്തിന്റെ വിലനൽകിയാൽ മതിയെന്ന അഭിപ്രായക്കാരാണ്. ഫിത്വ്ർ സകാത്തും അതിൽപെടുമല്ലോ. മാലികീ മദ്ഹബുകാരായ അശ്ഹബിന്റെയും ഇബ്നുൽ ഖാസിമിന്റെയും അഭിപ്രായവും അതു



തന്നെയാണ്. നവവി പറയുന്നു: ബുഖാരിയുടെ മദ്ഹബും ഇതാണെന്നാണ് മനസ്സിലാവുന്നത്.

മുആദ് (റ) ഭക്ഷ്യധാന്യങ്ങൾക്കു പകരമായി വസ്ത്രങ്ങൾ ആവശ്യപ്പെട്ടതും മറ്റും എടുത്തുപറഞ്ഞുകൊണ്ട് മറ്റു ചരക്കുകളും സകാത്തായി നൽകാമെന്ന തലക്കെട്ടിൽ പ്രത്യേകമായ ഒരു അധ്യായം തന്നെ ഇമാം ബുഖാരി തന്റെ സ്വഹീഹിൽ കൊടുത്തിട്ടുണ്ട്, അതിനെ വിശദീകരിച്ചുകൊണ്ട് ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമാ ബദ്റുദ്ദീനിൽ ഐനി പറയുന്നു:

സകാത്തിൽ മൂല്യം നോക്കി സമാനമായ മറ്റു ഇനങ്ങളും നൽകാമെന്നതിന് നമ്മുടെയാളുകൾ ഇത് തെളിവാക്കിയിരിക്കുന്നു. അതുകൊണ്ടാണ് ഇബ്നുറശീദ് പറഞ്ഞത്: ഈ വിഷയത്തിൽ ഇമാം ബുഖാരി ഹനഫികളോട് യോജിച്ചിരിക്കുന്നു; പല കാര്യങ്ങളിലും അദ്ദേഹം അവർക്ക് എതിരാണെങ്കിൽ കൂടി. കാരണം, പ്രമാണമാണ് അദ്ദേഹത്തെ ആ നിലപാടിലേക്ക് എത്തിച്ചത് (ഉംദത്തുൽ ഖാരി: ചരക്കുകളുടെ സകാത്ത് എന്ന അധ്യായം). ഇതേ കാര്യം ഹാഫിള് ഇബ്നു ഹജർ അസ്ഖലാനിയും പറയുന്നുണ്ട് (ഫത്ഹുൽ ബാരി: ചരക്കുകളുടെ സകാത്ത് എന്ന അധ്യായം).

സകാത്ത് വിഷയത്തിൽ ബൃഹത്തായ ഗവേഷണഗ്രന്ഥം രചിച്ച ശൈഖ് യൂസുഫുൽ ഖറദാവിയും ഇതേ വീക്ഷണക്കാരനാണ്. അദ്ദേഹം ഇതുസംബന്ധമായി പറഞ്ഞതിന്റെ ചുരുക്കം ഇങ്ങനെ:

പണമായി നൽകാം എന്നു പറയുന്നവർക്ക് അവലംബിക്കാൻ തെളിവുകളും ന്യായങ്ങളുമുണ്ട്. അപ്രകാരം തന്നെ, പണമായി നൽകാൻ പാടില്ല എന്ന് പറയുന്നവർക്കും ഇതിന് എതിരായ തെളിവുകളും ന്യായങ്ങളുമുണ്ട്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ ഭിന്നാഭിപ്രായക്കാരായ രണ്ടു വിഭാഗങ്ങൾക്കിടയിൽ മിതമായ ഒരു സരണി സ്വീകരിച്ച് പറയുന്നത് ഇങ്ങനെയാണ്; ഇതിൽ ഏറ്റവും പ്രകടമായ അഭിപ്രായം, ആവശ്യത്തിന് വേണ്ടിയല്ലാതെയും പൊതുനന്മക്ക് വേണ്ടിയല്ലാതെയും സകാത്ത് പണമായി നൽകാൻ പാടില്ല. കാരണം, നിരുപാധികം വില നൽകാൻ അനുവാദം നൽകിയാൽ ഉടമസ്ഥൻ സാധനത്തിന് വില നിശ്ചയിക്കുമ്പോൾ അതിൽ അപാകതയുണ്ടാകും. എന്നാൽ, ഒരു ആവശ്യത്തിനു വേണ്ടിയോ അല്ലെങ്കിൽ പൊതുനന്മക്കു വേണ്ടിയോ വില നൽകുന്നതിന് വിരോധമില്ല. ഒരാൾ തന്റെ തോട്ടത്തിലെ പഴം, അല്ലെങ്കിൽ കൃഷി ഒരു സംഖ്യക്ക് വിറ്റു. ആ സംഖ്യയുടെ പത്തിൽ ഒരംശം സകാത്തായി നൽകിയാൽ മതി. അല്ലാതെ അയാൾ സകാത്ത് നൽകാനായി പഴമോ ഗോതമ്പോ വാങ്ങാൻ നിർബന്ധിതനാകുന്നില്ല. ഇത് അനുവദനീയമാണെന്ന് ഇമാം അഹ്മദ് വ്യക്തമാക്കുന്നു.

അപ്രകാരം തന്നെയാണ് അഞ്ച് ഒട്ടകത്തിന്റെ സകാത്തായി ഒരു ആട് നൽകുന്നത്. ഒരാൾക്ക് ആട് വാങ്ങാൻ കിട്ടിയില്ലെങ്കിൽ അതിന്റെ വില കൊടുത്താൽ മതിയാവും. അല്ലാതെ അയാൾ ആടിനെ വാങ്ങാൻ മറ്റൊരു നാട്ടിലേക്ക് പോകാൻ നിർബന്ധിതനാവുകയില്ല. അതേപോലെയാണ് സകാത്ത് വാങ്ങാൻ അർഹതപ്പെട്ടവർ തങ്ങൾക്ക് വിലകിട്ടിയാൽ ഏറെ ഉപകാരമാവും എന്ന് ആവശ്യപ്പെട്ടാലും. അപ്പോൾ അവർക്ക് വിലയാണ് നൽകേണ്ടത്. അല്ലെങ്കിൽ സാധുക്കൾക്ക് വില കൊടുക്കുന്നതാണ് നല്ലത് എന്ന് സകാത്ത് വിതരണക്കാരന് തോന്നിയാലും മതി. മുആദുബ്നു ജബൽ (റ) യമൻകാരോട് പറയുമായിരുന്നു: നിങ്ങൾക്ക് സൗകര്യപ്രദമായതും മദീനയിലെ ആളുകൾക്ക് ഉപകാരപ്രദവുമായ സാധനങ്ങൾ കൊണ്ടുവന്നു തരിക. അദ്ദേഹം ഇങ്ങനെ പറഞ്ഞത് സകാത്തിന്റെ വിഷയത്തിലാണെന്നും, അല്ല ജിസ്‌യയുടെ കാര്യത്തിലാണെന്നും അഭിപ്രായമുണ്ട്. ഇപ്പറഞ്ഞത് സകാത്തിന്റെ കാര്യത്തിലാണെങ്കിൽ അത് ഫിത്വ്ർ സകാത്തിന്റെ കാര്യത്തിലും പ്രയോഗിക്കാം.

അഭിപ്രായ വ്യത്യാസത്തിന്റെ കാതൽ രണ്ടു ചിന്താധാരകൾ തമ്മിലാണ്. അതിൽ ഒന്ന്, ഇജ്തിഹാദിൽ ശരീഅത്തിന്റെ പൊതുതാൽപര്യം പരിഗണിക്കുന്നു. പ്രമാണങ്ങളെ അവഗണിക്കുന്നുമില്ല. രണ്ടാമത്തേത്, പ്രമാണങ്ങളെ മാത്രം പരിഗണിക്കുന്നു. സ്വഹാബിമാരും അവർക്കു ശേഷം താബിഉകളും, ഖലീഫ ഉമറുബ്നു അബ്ദിൽ അസീസും ഇതനുസരിച്ച് പ്രവർത്തിക്കുകയുണ്ടായി.

ഇബ്നു അബീശൈബ പറയുന്നു: ഉമറുബ്നു അബ്ദിൽ അസീസ് ബസ്വറയിലെ ഗവർണറായിരുന്ന ഉദയ്യിന് ഇപ്രകാരം കത്തയക്കുകയുണ്ടായി: സർക്കാർ ജീവനക്കാരായ ഓരോ വ്യക്തിയുടെയും വരുമാനത്തിൽനിന്ന്അര ദിർഹം വീതം പിരിച്ചെടുക്കണം. ഹസൻ പറയുന്നു: ഫിത്വ്ർ സകാത്ത് നാണയമായി കൊടുക്കുന്നതിന് വിരോധമില്ല.

അബൂഇസ്ഹാഖ് പറയുന്നു: ഞങ്ങൾ റമദാനിലെ സ്വദഖയായി ഭക്ഷണത്തിന്റെ വില നൽകാറുണ്ടായിരുന്നു.

അത്വാഅ് പറയുന്നു: അദ്ദേഹം ഫിത്വ്ർ സകാത്ത് വെള്ളിനാണയമായി നൽകാറുണ്ടായിരുന്നു. ഇതിന് തെളിവ് നബി(സ)യുടെ ഈ വചനം: നിങ്ങൾ അവരെ - പാവങ്ങളെ - ഈ ദിവസത്തിൽ ഐശ്വര്യമുള്ളവരാക്കി മാറ്റുക.

ഭക്ഷണം കൊടുത്താലെന്ന പോലെ അതിന്റെ വിലകൊടുത്താലും ഐശ്വര്യം ഉണ്ടാകുമല്ലോ. ചിലപ്പോൾ വില യായിരിക്കും കൂടുതൽ ഉപകാരപ്പെടുക.

കാരണം, ദരിദ്രന് ഭക്ഷണസാധനങ്ങൾ കൂടുതൽ കിട്ടിയാൽ അതയാൾ വിൽക്കേണ്ടിവരും. വിലയാണ് കിട്ടുന്നതെങ്കിൽ അതുകൊണ്ട് അയാൾക്ക് ഭക്ഷണം, വസ്ത്രം, മറ്റു അത്യാവശ്യ കാര്യങ്ങൾ എന്നിവയൊക്കെ വാങ്ങാൻ സാധിക്കും.

ഇബ്നുൽ മുൻദിർ പറയുന്നു: ഗോതമ്പിന്റെ അര സ്വാഅ് നൽകാൻ സ്വഹാബികൾ അനുവദിച്ചിരിക്കുന്നു. കാരണം, അത് കാരക്കയുടെയും ബാർളിയുടെയും ഒരു സ്വാഇന്റെ വിലയോട് തുല്യമാണെന്ന് അവർ മനസ്സിലാക്കി. മുആവിയ പറഞ്ഞു: ശാമിലെ ഗോതമ്പിന്റെ രണ്ട് മുദ്ദ് ഒരു സ്വാഅ് കാരക്കക്ക് തുല്യമാണ്.

അപ്പോൾ നമ്മുടെ ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ച് നാണയം മാത്രം ക്രയവിക്രയം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഏറ്റവും സൗകര്യപ്രദമായത് വില നൽകലാണ്. അധിക നാടുകളിലെയും പാവങ്ങൾക്ക് അതായിരിക്കും കൂടുതൽ ഉപകരിക്കുക.

തിരുമേനി (സ) തന്റെ കാലത്തും സാഹചര്യത്തിലും നിലവിലുണ്ടായിരുന്ന ഭക്ഷണ സാധനങ്ങളിൽനിന്ന് ഫിത്വ്ർ സകാത്ത് കൊടുക്കാൻ കൽപിച്ചപ്പോൾ ജനങ്ങളുടെ സൗകര്യവും എളുപ്പവുമാണ് ഉദ്ദേശിച്ചത്. സ്വർണം, വെള്ളി നാണയങ്ങൾ അറബികൾക്കിടയിൽ ഏറെ വിരളമായിരുന്നു. വളരെക്കുറച്ചു മാത്രമേ അത് ലഭ്യമായിരുന്നുള്ളൂ. പാവങ്ങൾക്കാണെങ്കിൽ ഗോതമ്പ്, കാരക്ക, മുന്തിരി, പാൽക്കട്ടി എന്നീ ഭക്ഷണസാധനങ്ങളാണ് ആവശ്യമുണ്ടായിരുന്നത്.

അതുകൊണ്ട് ദായകന് ഭക്ഷണസാധനങ്ങൾ കൊടുക്കുന്നത് സൗകര്യപ്രദവും, വാങ്ങുന്നവന് ഉപകാരപ്രദവുമായിരുന്നു. ഇങ്ങനെ സൗകര്യം പരിഗണിച്ചതിന്റെ പേരിൽ ഒട്ടകത്തിന്റെയും ആടിന്റെയും ഉടമകൾക്ക് പാൽക്കട്ടി കൊടുക്കാൻ അനുവാദം നൽകി. അപ്പോൾ ഓരോരുത്തർക്കും തനിക്ക് സൗകര്യപ്രദമായത് നൽകാം. നാണയത്തിന്റെ ക്രയവിക്രയം ഓരോ നാട്ടിലും ഓരോ സാഹചര്യത്തിലും മാറിക്കൊണ്ടിരിക്കും, അപ്പോൾ ഫിത്വ്ർ സകാത്തിൽ നിർബന്ധമായ തോത് തീരുമാനിക്കപ്പെട്ടാൽ അതായിരിക്കും ഗുണകരം.

ഒരു സ്വാഅ് ഭക്ഷണം ഒരാളുടെ മിതമായ ആവശ്യത്തിന് മതിയാകുമെങ്കിൽ ഒരു സ്വാഇന്റെ വില കണക്കാക്കിയാൽ



അത് നീതിപൂർവകവും മാറ്റത്തിന് സാധ്യത കുറഞ്ഞതുമായിരിക്കും.

സ്ഥലവും കാലവും സന്ദർഭവും മാറുന്നതനുസരിച്ച് ഫത് വയും മാറുമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതൊരു അടിസ്ഥാന തത്ത്വമാണ്. ഈ വിഷയം നമ്മുടെ 'അവാമിലുസ്സഅതി വൽ മുറൂനത്തി ഫി ശ്ശരീഅത്തിൽ ഇസ്‌ലാമിയ്യ' (ശരീഅത്തിലെ വിശാലതയും വികസന സാധ്യതയും) എന്ന കൃതിയിൽ വിശദമായി ചർച്ചചെയ്തിട്ടുണ്ട്. അതിന്റെ സാധുതക്ക് നാം ഖുർആനിൽനിന്നും സുന്നത്തിൽനിന്നും തെളിവുകൾ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ പണ്ഡിതന്മാരുടെ അഭിപ്രായവും അവരുടെ അംഗീകാരവും രേഖപ്പെടുത്തിയിട്ടുണ്ട്.

ആധുനിക യുഗത്തിന്റെ അവസ്ഥ പരിഗണിച്ച് ഒരാൾ നിഷ്പക്ഷമായി ചിന്തിച്ചാൽ സകാത്ത് ഭക്ഷണമായി നൽകുക എന്നത് വളരെ പരിമിതമായ സമൂഹങ്ങളിലേ നടപ്പാകൂ എന്ന് കാണാൻ കഴിയും. അവിടെ സകാത്ത് ദായകർക്ക് ഭക്ഷണസാധനം കൊടുക്കൽ സൗകര്യപ്രദവും വാങ്ങുന്നവർക്ക് ഉപകാരപ്രദവുമായിരിക്കും.

എന്നാൽ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സങ്കീർണമായ ജീവിതസാഹചര്യങ്ങളിൽ കഴിയുന്ന സമൂഹങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ശേഖരിക്കൽ ബുദ്ധിമുട്ടാണ്. അവിടെ ദരിദ്രന് അത് ഉപകരിക്കുകയുമില്ല. കാരണം, ഇടിക്കുക, പൊടിക്കുക, റൊട്ടിയുണ്ടാക്കുക എന്നിവയൊന്നും അവർക്ക് പരിചയമുണ്ടാവുകയില്ല. അങ്ങനെയാവുമ്പോൾ ഈ അവസ്ഥയിൽ വില നൽകലാണ് ഏറ്റവും നല്ലതെന്ന് നിഷ്പക്ഷമതികൾക്ക് ബോധ്യമാവും. ഒരാൾ തന്റെ തോട്ടത്തിലെ കാരക്ക ഒരു സംഖ്യക്ക് വിറ്റ ശേഷം അതിന്റെ പത്തിലൊന്ന് നൽകിയാൽ മതിയെന്നും, അയാൾ വേറെ പഴങ്ങൾ വാങ്ങി സകാത്ത് നൽകേണ്ടതില്ലെന്നും ഇബ്നുതൈമിയ്യ പറഞ്ഞിട്ടുണ്ട്. അതേപോലെ തന്റെ ഒട്ടകത്തിന്റെ സകാത്തായി നൽകാൻ ആടിനെ ലഭിക്കുകയില്ലെങ്കിൽ അയാൾ അതിന്റെ വില നൽകിയാൽ മതിയെന്നും, ആടിനെ വാങ്ങാൻ വേണ്ടി മാറ്റൊരു പട്ടണത്തിലേക്ക് പോകേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇതത്രെ ശരിയായ ഫിഖ്ഹ് (ഖറദാവിയുടെ ഫത്‌വകൾ: ഭാഗം: 2).

## മുന്തിയ അരി ഫിത്വ്ർ സകാത്തായി നൽകിക്കൂടേ?

**നമ്മുടെ നാട്ടിൽ മിക്ക വീടുകളിലും മട്ട അരി സുലഭമാണ്. പലർക്കും റേഷൻ വഴി അരി ലഭിച്ചിട്ടുമുണ്ട്. എന്നാൽ പെരുന്നാൾ ദിനത്തിൽ വിശേഷ വിഭവങ്ങളായ ബിരിയാണിയോ നെയ്ച്ചോറോ ഉണ്ടാക്കുന്ന അരി വാങ്ങാൻ കഴിയാത്ത ഒട്ടനവധി കുടുംബങ്ങൾ ഇന്നുമുണ്ട്. സാധാരണ അരി സുലഭമായിരിക്കെ ഫിത്വ് ർ സകാത്തായി ഇത്തരം അരി നൽകുന്നതല്ലേ കൂടുതൽ നല്ലത്? അങ്ങനെയെങ്കിൽ, നാടൻ അ**




**രിയുടെ വില കലക്ട് ചെയ്ത്, നേർ പകുതി ബിരിയാണിയരി നൽകാൻ പറ്റുമോ?**

സകാത്തുൽ ഫിത്വ്റിനെപ്പറ്റി വന്ന ഒറ്റ ഹദീസിലും അരിയെപ്പറ്റി പരാമർശമില്ല. പ്രത്യുത ഗോതമ്പ്, യവം, പാൽക്കട്ടി, ഈത്തപ്പഴം എന്നു തുടങ്ങി ആ കാലത്തെ ആഹാര വിഭവങ്ങൾ മാത്രമാണ് പരാമർശിക്കപ്പെടുന്നത്. അവയുടെ അളവ് ഒരു സ്വാഅ് എന്നാണ് വന്നിട്ടുള്ളത്. ഇന്നത്തെ കണക്കനുസരിച്ച് 2.200 ഗ്രാം.


ഹദീസിൽ പറഞ്ഞിട്ടുള്ള വിഭവങ്ങളോട് ഖിയാസാക്കിയാണ് ഇവിടെയുള്ള പണ്ഡിതന്മാർ അരി മതിയാകുമെന്ന് പറഞ്ഞത്. തിരുമേനി അവ നിർബന്ധമാക്കിയതിന്റെ മുഖ്യന്യായം അവയെല്ലാം അവിടത്തെ മുഖ്യ ആഹാരങ്ങളിൽ പെട്ടവയായിരുന്നു എന്നതാണ്. അതേ ന്യായം വെച്ച് നമ്മുടെ നാട്ടിൽ അരി മതിയാകും.

ഏതു തരം അരി? ഒരു ഗതിയുമില്ലാത്തവൻ നിർബന്ധിതാവസ്ഥയിൽ വാങ്ങാറുള്ള താണ തരവുമല്ല, എന്നാൽ നല്ല വിലയുള്ള ഏറ്റവും മുന്തിയ തരവുമല്ല, ഇടത്തരം നിലവാരത്തിലുള്ള അരിയാണ് സകാത്തുൽ ഫിത്വ്റായി നൽകേണ്ടത്. കുറുവ, ജയ തുടങ്ങിയവ ഉദാഹരണം. എന്നാൽ ചോദ്യത്തിൽ പറഞ്ഞ ബിരിയാണി അരി, ബസ്മതി തുടങ്ങിയവ നൽകിയാൽ അത്രയും നല്ലത്. അവ 2.200 ഗ്രാം തന്നെ നൽകണമോ എന്ന ചോദ്യത്തിന് ഒരു സ്വാഅ് എന്ന് തിരുമേനി (സ) വ്യക്തമാക്കിയിരിക്കെ അത്ര തന്നെ നൽകണമെന്നാണ് ഒരഭിപ്രായം.

എന്നാൽ മുന്തിയ ഇനമാണെങ്കിൽ പകുതി നൽകിയാൽ മതി എന്നാണ് മറ്റൊരു വിഭാഗം പറയുന്നത്. ഇമാം അബൂഹനീഫയുടെ മദ്ഹബ് അതാണ്. അബൂസഈദിൽ ഖുദ്രി റിപ്പോർട്ട് ചെയ്ത ഹദീസാണ് അവരുടെ മുഖ്യ അവലംബം. 'അല്ലാഹുവിന്റെ റസൂൽ ഞങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന കാലം മുതൽ സകാത്തുൽ ഫിത്വ്റായി ഞങ്ങൾ നൽകിയിരുന്നത് ഒരു സ്വാഅ് ഭക്ഷണം അല്ലെങ്കിൽ ഒരു സ്വാഅ് യവം അല്ലെങ്കിൽ ഒരു സ്വാഅ് ഈത്തപ്പഴം, അല്ലെങ്കിൽ ഒരു സ്വാഅ് ഉണക്കമുന്തിരി എന്നിങ്ങനെയായിരുന്നു. അങ്ങനെയിരിക്കെ മുആവിയ(റ)യുടെ കാലത്ത് അദ്ദേഹം ഹജ്ജിനോ ഉംറക്കോ മറ്റോ ആയി വന്നപ്പോൾ മദീനയിൽ വരികയും മിമ്പറിൽ വെച്ച് ജനങ്ങളെ അഭിമുഖീകരിച്ച് സംസാരിക്കുകയുമുണ്ടായി. കൂട്ടത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, 'രണ്ട് മുദ്ദ് (അര സ്വാഅ്) സിറിയൻ ഗോതമ്പ് ഒരു സ്വാഅ് ഈത്തപ്പഴത്തിന് തുല്യമാണെന്ന് ഞാൻ കാണുന്നു.' അനന്തരം ജനങ്ങൾ അത് അംഗീകരിക്കുകയും സ്വീകരിക്കുകയുമുണ്ടായി. ഞാനാവട്ടെ പഴയപടി തന്നെ തുടരുകയും ചെയ്തു, മരിക്കുവോളം ഞാനങ്ങനെയേ ചെയ്യൂ എന്നും വെച്ചു' (മുസ്‌ലിം 2331). ഇമാം നവവി പറഞ്ഞു: ഈ ഹദീസാണ് ഇമാം അബൂ ഹനീഫയുടെയും അദ്ദേഹത്തോട് യോജിക്കുന്നവരുടെയും 'അര സ്വാഅ് മതി' എന്ന അഭിപ്രായത്തിന് തെളിവ്. എന്നാൽ ഇത് കേവലം ഒരു സ്വഹാബിയുടെ കാഴ്ചപ്പാട് മാത്രമാണ് എന്നാണ് ഭൂരിപക്ഷത്തിന്റെ നിലപാട് (ശറഹു മുസ്‌ലിം 3/417).

എന്നാൽ ഇത് കേവലം ഒരു സ്വഹാബിയുടെ അഭിപ്രായം മാത്രമായി കാണാൻ കഴിയില്ല എന്നതാണ് വാസ്തവം. മദീനക്കാരുടെ മുമ്പിൽ വെച്ച് അദ്ദേഹം ഇക്കാര്യം പറഞ്ഞപ്പോൾ 'ജനങ്ങൾ അത് സ്വീകരിക്കുകയുണ്ടായി' എന്ന് വളരെ വ്യക്തമായി പരാമർശിച്ചിരിക്കെ, ഈ അഭിപ്രായം പൊതുവെ എല്ലാവരും സ്വീകരിച്ചു എന്നാണ് മനസ്സിലാവുന്നത്. സ്വഹാബിമാർ ഉൾക്കൊള്ളുന്ന മദീനക്കാർ അത് പിൻപറ്റി എന്നർഥം. ഈ മദ്ഹബനുസരിച്ച് 2.200 ഗ്രാം കുറുവയോ ജയയോ മറ്റോ നൽകുന്നതിനു പകരം 1.100 ഗ്രാം ബിരിയാണി അരി നൽകിയാലും മതിയാകും. അഗതികൾക്ക് അതാണുത്തമമെങ്കിൽ അതിനാണ് മുൻഗണന നൽകേണ്ടത്. അര സ്വാഅ് മതിയെന്ന ഇമാം അബൂഹനീഫയുടെ മദ്ഹബും അതുതന്നെയാണെന്ന് സൂചിപ്പിച്ചല്ലോ. ലോകത്ത് ഏറ്റവും കൂടുതൽ മുസ്‌ലിംകൾ പിൻപറ്റുന്ന മദ്ഹബ് കൂടിയാണത്.

ഓരോ നാട്ടിലും മുഖ്യ ആഹാരത്തിനായി ഉപയോഗിക്കുന്ന ധാന്യം ഏതാണോ അത് ഒരു സ്വാഅ് നൽകലാണ് സൂക്ഷ്മത. ഇനി കയമ, ബസ്മതി തുടങ്ങി മുന്തിയ ഇനം വിതരണം ചെയ്യണമെന്നുണ്ടെങ്കിൽ, അതിന് നല്ല വിലയുണ്ടെങ്കിൽ അര സ്വാഅ് വിതരണം ചെയ്യുന്നതും സാധുവാകുന്നതാണ്. അതിന്റെ വില നാട്ടിലെ മുഖ്യാഹാരത്തിന്റെ വിലയോട് സമാനമായിരിക്കണമെന്നു മാത്രം. ബിരിയാണി അരിയാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ മിനിമം 1.100 ഗ്രാം എങ്കിലും നൽകേണ്ടതാണ്. മഹല്ലടിസ്ഥാനത്തിൽ ഒന്നിച്ച് ശേഖരിച്ചു വിതരണം ചെയ്യാനാണുദ്ദേശിക്കുന്നതെങ്കിൽ 1.100 ഗ്രാം ബിരിയാണി അരിക്ക് വേണ്ടിവരുന്ന തുക തന്നെ പിരിക്കേണ്ടതാണ്. ●



# ആരാധനകളിൽ ആവിഷ്കാരം നിഷിദ്ധം

സംവാദം/ ഡോ. അബ്ദുൽ വാസിഅ്
mail2vasy@gmail.com

*പ്രബോധനം* (1441 റമദാൻ 8) പ്രസിദ്ധീകരിച്ച ഓൺലൈൻ ജുമുഅയെയും തറാവീഹിനെയും കുറിച്ച സംവാദത്തോടുള്ള പ്രതികരണമാണിത്. ഇരുവാദങ്ങളിൽ യൂറോപ്യൻ കൗൺസിലിന്റെ അഭിപ്രായത്തോട് യോജിച്ചും ബഹുമാന്യ പണ്ഡിതൻ ശൈഖ് അഹ്മദ് കുട്ടി സാഹിബിന്റെ വീക്ഷണത്തോട് വിയോജിച്ചുമാണ് ഈ കുറിപ്പെങ്കിലും, പ്രസ്തുത നിലപാട് യൂറോപ്യൻ കൗൺസിൽ മുന്നോട്ടു വെച്ച എല്ലാ തെളിവുകളെയും പൂർണമായി അംഗീകരിച്ചുകൊണ്ടുള്ളതല്ല എന്ന് മുഖവുരയായി പറയേണ്ടതുണ്ട്. ജുമുഅക്ക് ധൃതിയിൽ വരണമെന്നും നേരത്തേ എത്തണമെന്നുമുള്ള പ്രമാണങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയില്ല എന്നതും, ഇമാമിനും മഅ്മൂമിനുമിടയിൽ വിഭജനമുണ്ടാവരുത് എന്ന നിലപാടും ഓൺലൈൻ ജുമുഅയെ നിരാകരിക്കുന്നതിന് ന്യായമായുദ്ധരിക്കുന്നത് സൂക്ഷ്മമല്ല എന്നാണ് ഈ കുറിപ്പുകാരന്റെ വിലയിരുത്തൽ. രണ്ടു കപ്പലുകൾ ഒരേ ദിശയിൽ മുന്നിലും പിന്നിലുമായി സഞ്ചരിക്കുകയാണെങ്കിൽ മുന്നിലെ കപ്പലിൽ നടക്കുന്ന ജമാഅത്ത് നമസ്കാരത്തെ പിന്നിലെ കപ്പലിലുള്ളവർക്ക് പിന്തുടരാമെന്ന അഭിപ്രായം വെച്ചു പുലർത്തുന്ന മദ്ഹബുകളുണ്ടായിരിക്കെ (*ഹാശിയതുദ്ദസൂഖി അലാ ശറഹിൽ കബീർ: ശൈഖ് ദർദേർ*) മേൽവീക്ഷണം സുസമ്മത അഭിപ്രായമായി ഉദ്ധരിക്കുന്നതിൽ അസാംഗത്യമുണ്ട്.

ഇനി വിഷയത്തിലേക്ക് കടക്കാം. ആരാധനകളുമായി ബന്ധപ്പെട്ട് ഇസ്ലാം മുന്നോട്ടു വെക്കുന്ന മൗലികമായ ഒരു വീക്ഷണമുണ്ട്. അവയുടെ രീതിയും സമയവും മുന്നുപാധികളുമെല്ലാം പൂർണാർഥത്തിൽ ദൈവികമായിരിക്കണമെന്നതാണ് അത്. കർമശാസ്ത്ര വിശാരദർ ഇതിനെ 'ആരാധനകളിൽ ആവിഷ്കാരം നിഷിദ്ധമാണ്' എന്ന



തത്ത്വത്തിലൂടെയാണ് പരിചയപ്പെടുത്തുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു ചോദിക്കുന്നു: 'ഈ ജനത്തിന്, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതനിയമമായി നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളുമുണ്ടോ?' (അശ്ശൂറാ: 21). അതിനാലായിരിക്കണം മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായി ആരാധനകൾ തിരുദൂതർ (സ) കർമപരമായി കാണിച്ചുകൊടുക്കുകയും, അവയെ അനുധാവനം ചെയ്യാൻ അനുചരന്മാരോട് നിർദേശിക്കുകയും ചെയ്തത്. ഇതേക്കുറിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ പ്രസിദ്ധമായ ഒരു വചനമുണ്ട്: 'ആരാധനകൾ പൂർണമായും ശർഇം, അനുധാവനം ചെയ്യപ്പെട്ടവയുമാണ്. മനുഷ്യാവിഷ്കാരമോ ഇച്ഛയോ അതിന്റെ മാനദണ്ഡമല്ല' (അൽഫതാവാ അൽകുബ്റാ, 2: 242). ഇമാം അഹ്മദു ബ്നു ഹമ്പലിന്റെ വാക്കുകൾ ഇപ്രകാരമാണ്: 'ആരാധനകളുടെ അടിസ്ഥാനം അല്ലാഹു നിയമമാക്കിയതിനെ സ്വീകരിക്കുക എന്നതാണ്' (ഫൈളുൽ ബാരി: 2: 468).


ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനമായി ഉദ്ധരിക്കപ്പെടുന്ന ഈ തത്ത്വത്തിന് പണ്ഡിതന്മാർ സാധാരണയായി പരാമർശിക്കുന്ന ഒരു ഉദാഹരണമുണ്ട്. പരിശുദ്ധ ഹജ്ജ് കർമത്തിനിടയിലെ സുപ്രധാന റുക്നുകളിലൊന്നാണ് ജംറയിലെ കല്ലേറ്. ജംറയിലെറിയുന്ന കല്ലിന് പകരം മറ്റൊന്നും സ്വീകാര്യമല്ലെന്നും, സാക്ഷാൽ സ്വർണം പോലും അതിനുപയോഗപ്പെടുത്തിയാൽ മതിയാവുകയില്ലെന്നുമാണ് പണ്ഡിതന്മാരുടെ അഭിപ്രായം. കാരണം ആരാധനകളിൽ പ്രവാചക മാതൃകക്കു പുറത്ത് മറ്റ് വഴികളൊന്നുമില്ല എന്നതാണ്. അൽമൗസൂഅഃ അൽഫിഖ്ഹിയ്യയിൽ ഇപ്രകാരം കാണാം: 'ജംറയിൽ എറിയുന്നതിന് കല്ല് മാത്രമേ ഉപയോഗിക്കാവൂ എന്നാണ് ശാഫിഈ, മാലികീ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം. സ്വർണമോ വെള്ളിയോ ഇരുമ്പോ തിരയോ മരമോ ഇതിന് ഉപയോഗിക്കാവതല്ല. കാരണം തിരുദൂതർ (സ) കല്ലുപയോഗിച്ചാണ് എറിഞ്ഞത്' (അൽമൗസൂഅഃ അൽഫിഖ്ഹിയ്യ: 15: 277).

ചുരുക്കത്തിൽ, ആരാധനകൾക്ക് ഇസ്‌ലാമിക പ്രമാണങ്ങൾ മുന്നോട്ടു വെക്കുന്ന തനതായ രീതിയും മാർഗവും സമയവുമുണ്ട്. എന്നാൽ അവ കൃത്യമായ സമയങ്ങളിൽ, പൂർണമായ വിധത്തിൽ നിർവഹിക്കാൻ സാധിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ വിശ്വാസികൾ അഭിമുഖീകരിച്ചേക്കാമെന്നതിനാൽ അത്തരം സന്ദർഭങ്ങളിലെ ഇളവുകളും ശരീഅത്ത് വിശദമായി തന്നെ വിശ്വാസികളെ പഠിപ്പിക്കുകയുണ്ടായി. ഈയർഥത്തിൽ യാത്രക്കാരന്റെയും രോഗിയുടെയും ആർത്തവകാരിയുടെയും ആരാധനകളെക്കുറിച്ചും മഴ, ചൂട്, ഭയം, യുദ്ധം തുടങ്ങിയ സന്ദർഭങ്ങളിലെ ആരാധനകളെക്കുറിച്ചും ശരീഅത്ത് വ്യക്തമായ അധ്യാപനങ്ങൾ പകർന്നു നൽകിയതായി കാണാം.

മാനവരാശി അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ മുൻനിർത്തി ശരീഅത്ത് പഠിപ്പിച്ച പൂർണതയുടെയും ഇളവുകളുടെയും ആരാധനാരീതികൾക്കപ്പുറം മറ്റൊരു മാർഗമോ രീതിയോ അവലംബിക്കാൻ വിശ്വാസികൾക്ക് അനുവാദമില്ല എന്നാണ് മേലുദ്ധരിച്ചതും, ഇവിടെ പരാമർശിക്കാത്തതുമായ നിരവധി പ്രമാണങ്ങൾ വ്യക്തമാക്കുന്നത്. ജുമുഅ-ജമാഅത്തുകൾ ഓൺലൈൻ വഴി നിർവഹിക്കാമെന്ന വാദം ഇസ്‌ലാമിക ശരീഅത്ത് മുന്നോട്ടു വെക്കുന്ന ആരാധനകളുടെ ആത്മാവിനും മഖാസ്വിദ്, അഥവാ ഉദ്ദേശ്യങ്ങൾക്കും മാത്രമല്ല, സാമൂഹിക വ്യവസ്ഥക്കുമെതിരാണ്.

ഇസ്‌ലാമിക പ്രമാണങ്ങൾ പരിചയപ്പെടുത്തുന്ന ഇസ്‌ലാമിക വ്യവസ്ഥയുടെ ഭരണ സിരാകേന്ദ്രമാണ് അവിടത്തെ ദൈവിക ഭവനങ്ങൾ. മദീനയിലെ ഇസ്‌ലാമിക വ്യവസ്ഥയുടെ പരിച്ഛേദമായാണ് മസ്ജിദുന്നബവി അറിയപ്പെട്ടിരുന്നത്. ഇമാമും പിന്നിൽ അണിനിരക്കുന്ന മഅ്മൂമുകളും ഇസ്‌ലാമിക വ്യവസ്ഥയുടെ ശരിയായ രൂപത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്. തിരുദൂതരുടെ വചനം ഇവിടെ പ്രസക്തമാണ്. ജാബിറു ബ്നു സംറഃ (റ) പറയുന്നു: 'റസൂൽ (സ) ഞങ്ങളുടെ






അടുത്ത് വന്ന് പറഞ്ഞു: അല്ലാഹുവിങ്കൽ മാലാഖമാർ വരി നിൽക്കുന്നതുപോലെ നിങ്ങൾക്ക് സ്വഫ്ഫ് ഒരുക്കിക്കൂടേ? അപ്പോൾ ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, മാലാഖമാർ എങ്ങനെയാണ് അല്ലാഹുവിങ്കൽ വരി നിൽക്കാറുള്ളത്? അവിടുന്ന് അരുളി: ആദ്യം വരുന്ന സ്വഫ്ഫുകൾ പൂർത്തീകരിച്ച് പരസ്പരം ചേർന്ന് നിൽക്കുകയാണ് അവർ ചെയ്യാറ്'. (മുസ്‌ലിം)

നമസ്കാരത്തിൽ പരസ്പരം ചേർന്നു നിൽക്കുകയെന്ന അർഥത്തിൽ തിരുദൂതർ പ്രയോഗിച്ച അതേ പദമാണ് വിശുദ്ധ ഖുർആൻ യുദ്ധക്കളത്തിൽ വിശ്വാസികളോട് ചേർത്ത് പ്രയോഗിച്ചത് (*അസ്സ്വഫ്ഫ്*: 4). മാത്രവുമല്ല, വിശ്വാസിസമൂഹത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഗുണം എന്ന നിലയിൽ പ്രസ്തുത അധ്യായത്തിന് 'ചേർന്ന് നിൽക്കുക'യെന്ന അർഥത്തിൽ സ്വഫ്ഫ് എന്ന് നാമകരണം ചെയ്യുകയുമുണ്ടായി.

പറഞ്ഞുവരുന്നത്, ഇസ്‌ലാമിലെ ജുമുഅ - ജമാഅത്തുകൾ പൂർത്തീകരിക്കുന്നത് കേവല സംഘം ചേർന്നുള്ള നിർവഹണം എന്ന ആശയം മാത്രമല്ല, മറിച്ച് അതുവഴി അല്ലാഹു സാക്ഷാത്ക്കരിക്കാനുദ്ദേശിക്കുന്ന അതിമഹത്തായ നിരവധി മഖാസ്വിദുകളും കൂടി ഉണ്ട് എന്നാണ്. ഓൺലൈൻ നമസ്കാരങ്ങൾക്ക് പ്രാമാണിക അടിത്തറയില്ലെന്നു മാത്രമല്ല, അവ ആരാധനകൾ വഴി അല്ലാഹു പൂർത്തീകരിക്കാൻ ഉദ്ദേശിച്ച മഖാസ്വിദുകൾ പൂർത്തീകരിക്കുകയും ചെയ്യുന്നില്ല എന്ന് വ്യക്തം.

നമസ്കാരത്തിൽ ഇമാമിന്റെ സ്ഥാനവും ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ട്. ഇമാം എപ്പോഴും മുന്നിലായിരിക്കണമെന്നതിൽ കർമശാസ്ത്ര മദ്ഹബുകൾക്കിടയിൽ അഭിപ്രായഭിന്നതയില്ലാത്ത കാര്യമാണ്. മഹല്ലിലെ ജനങ്ങൾ ഓൺലൈൻ വഴി നമസ്കരിക്കുമ്പോൾ ഇമാം എല്ലാവർക്കും മുന്നിലായിരിക്കണമെന്നില്ല. ഇമാമിനെ മുന്നിൽ നിർത്താതെയുള്ള നമസ്കാരം ഇസ്‌ലാം മുന്നോട്ടു വെക്കുന്ന സംഘടിത നമസ്കാരത്തിന്റെ ആത്മാവിനും മഖാസ്വിദിനും വിരുദ്ധമാണെന്നതിൽ ആർക്കാണ് അഭിപ്രായ വ്യത്യാസമുള്ളത്? മാസങ്ങളോളം ജുമുഅ മുടങ്ങുന്നത് സാമൂഹിക ബന്ധം ദുർബലമാക്കിയേക്കും എന്ന വാദം അർഥവത്താണെങ്കിലും, ഓൺലൈൻ ജുമുഅകളെ അതിനുള്ള പരിഹാരമായി സമർപ്പിക്കുന്നത് തീർത്തും നിരർഥകമാണ്. പള്ളി കേന്ദ്രീകൃതമായ വ്യവസ്ഥയിൽ വിശ്വാസികൾക്കിടയിൽ ഉണ്ടാവേണ്ട ബന്ധത്തിന്റെ ഊഷ്മളത, പുഞ്ചിരിയെയും ഹസ്തദാനത്തെയും നമസ്കാരത്തിലെ സ്വഫ്ഫിനെയും കുറിച്ച പ്രവാചക വചനങ്ങളിൽ ഉൾച്ചേർന്നിട്ടുണ്ട്. അതിനാൽ തന്നെ ഓൺലൈൻ ജുമുഅ ഇവക്ക് ബദലായി സമർപ്പിക്കുന്നത് തീർത്തും യുക്തിരഹിതമാണ്.

ജുമുഅ-ജമാഅത്തുകൾക്ക് അപ്പുറം ഓൺലൈൻ തറാവീഹുകളെക്കുറിച്ച ചർച്ച തന്നെ ബാലിശമാണ്. ഐഛിക നമസ്കാരങ്ങൾക്ക് കൂടുതൽ ഉചിതമായത് സ്വന്തം ഭവനങ്ങളാണെന്നിരിക്കെ അവ പള്ളിയിലെ ഇമാമിന്റെ കൂടെ ജമാഅത്തായി നിർവഹിക്കണമെന്ന് ശഠിക്കുന്നതിൽ അർഥമില്ല. നിർബന്ധ നമസ്കാരത്തേക്കാൾ കൂടുതൽ ഇളവുകളുള്ള ഐഛിക നമസ്കാരം വീടകങ്ങളിൽ വെച്ച് വളരെ ഭംഗിയായി നമസ്കരിക്കാൻ കഴിയുമെന്നതിനാലാണിത്. ഉബയ്യു ബ്നു കഅ്ബി(റ)നെ തറാവീഹിന് ഇമാമായി നിശ്ചയിച്ചു കൊടുത്തതിനു ശേഷം ഉമർ (റ) എന്തുകൊണ്ട് അവരുടെ കൂടെ നമസ്കരിച്ചില്ല എന്ന ചോദ്യം പ്രസക്തമാണ്. കാരണം തിരുദൂതരുടെ വാക്കുകൾ ഇപ്രകാരമാണ്: 'ജനങ്ങളേ, നിങ്ങൾ സ്വഭവനങ്ങളിൽ വെച്ച് നമസ്കരിച്ചുകൊള്ളുക. നിർബന്ധ നമസ്കാരങ്ങളല്ലാത്തവ വീട്ടിൽ വെച്ച് നമസ്കരിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്' (സ്വഹീഹുൽ ബുഖാരി).

ഇസ്‌ലാമിക ശരീഅത്ത് നിഷ്കർഷിക്കുന്ന ആരാധനകൾ അവയുടെ പൂർണതയോടെയോ, ശരീഅത്ത് അനുവദിച്ച ഇളവുകളോടെയോ നിർവഹിക്കാനാണ് വിശ്വാസി പരിശ്രമിക്കേണ്ടത്. സ്വന്തമായ ആവിഷ്കാരങ്ങളിലൂടെ അപൂർണമായി അവയെ നിലനിർത്താൻ ശ്രമിച്ചാൽ അവയുടെ പ്രാധാന്യവും, അവയുമായി ബന്ധപ്പെട്ട വികാരവും നഷ്ടപ്പെട്ടുപോവുകയാണ് ചെയ്യുക. നിർവഹിക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ അതിനുള്ള അടങ്ങാത്ത അഭിലാഷം മനസ്സിൽ കാത്തുസൂക്ഷിച്ച് കാത്തിരിക്കുന്നതിനു പകരം ഏതു വിധേനയും നിർവഹിച്ച് മനസ്സിലെ പൂതി തീർക്കുന്നത് തീർത്തും അപകടകരമാണ്. ഇവ്വിഷയകമായി താൽക്കാലികമെന്നോണം നൽകുന്ന അനുവാദം പോലും ആരാധനകളിലെ അലംഭാവം, ദൈവിക ഭവനത്തോടുള്ള അകൽച്ച തുടങ്ങിയ അതിഗുരുതമായ പ്രത്യാഘാതങ്ങൾക്ക് വഴിവെച്ചേക്കുമെന്ന ഭയമാണ് വ്യക്തിപരമായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്. ദൈവിക ഭവനങ്ങളിൽ ചെന്ന് ജമാഅത്തായി നമസ്കാരം നിലനിർത്തുന്നവർക്ക് ന്യായമായ കാരണങ്ങളാൽ അവ വീട്ടിൽ വെച്ച് നിർവഹിക്കേണ്ടി വരുന്നുവെങ്കിൽ ജമാഅത്തിന്റെ പ്രതിഫലം ലഭിക്കുമെന്നിരിക്കെ ഇത്തരമൊരു പരീക്ഷണത്തിന് മുതിരേണ്ട യാതൊരു ആവശ്യവുമില്ല. മക്കയിലെ പരിശുദ്ധ ഹറമിൽ നിന്ന് തടയപ്പെട്ട തിരുദൂതരും സ്വഹാബയും പത്തൊമ്പത് വർഷം അടങ്ങാത്ത അഭിലാഷത്തോടെയും തീക്ഷ്ണമായ ആഗ്രഹത്തോടെയും കാത്തിരുന്ന ശേഷം, ഒടുവിൽ തക്ബീർ ചൊല്ലി തിരിച്ചു വന്നിട്ടുണ്ടെങ്കിൽ അതേ അഭിലാഷത്തോടും ആഗ്രഹത്തോടും കൂടിയുള്ള വിശ്വാസികളുടെ കാത്തിരിപ്പ് വൃഥാവിലാവില്ലെന്നുറപ്പാണ്. ●



# ഇബ്നുസ്സബീൽ അഭയാർഥികളും തെരുവിന്റെ മക്കളും

ലേഖനം/ പി.കെ ജമാൽ

pkjamal@hotmail.com

ഒരു നാട്ടിൽനിന്ന് മറ്റൊരു നാട്ടിലേക്കോ ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കോ ദേശാന്തര യാത്രകൾ നടത്തുന്ന സഞ്ചാരിയാണ് ഇബ്നുസ്സബീൽ. ഇബ്നുസ്സബീലിനോട് സഹാനുഭൂതിയും ഔദാര്യവും കാട്ടാൻ എട്ടിടങ്ങളിൽ ഖുർആൻ അനുശാസിക്കുന്നുണ്ട്.

''ബന്ധുവിന് അവന്റെ അവകാശം നൽകണം. ദരിദ്രനും സഞ്ചാരിക്കും അവരുടെ അവകാശവും നൽകണം. ദുർവ്യയം അരുത്'' (*അൽ ഇസ്റാഅ്* 26).

''ബന്ധുജനങ്ങൾക്ക് അവരുടേതായ അവകാശം നൽകുക. അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശവും'' (*അർറൂം* 38).

''ജനം നിന്നോട് ചോദിക്കുന്നു; അവരെന്താണ് ചെലവഴിക്കേണ്ടതെന്ന് പറഞ്ഞു കൊടുക്കുക: നിങ്ങൾ ചെലവഴിക്കുന്ന മുതൽ, മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കർക്കും വേണ്ടിയാവട്ടെ. നിങ്ങൾ എന്ത് ധർമം ചെയ്താലും അല്ലാഹു അത് സൂക്ഷ്മമായി അറിയുന്നുണ്ട്'' (*അൽബഖറ* 215).

പത്തു കടമകളുടെ സൂക്തം (അൽ ഹുഖൂഖുൽ അശ്റ) എന്ന് വിശേഷിപ്പിക്കപ്പെടുന്ന സൂറത്തുന്നിസാഇലെ (36) ആയത്ത്:

''അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ.......

സഞ്ചാരികളോടും നിങ്ങളുടെ അധീനതയിൽ ഉള്ള ദാസീ-ദാസന്മാരോടും നന്നായി വർത്തിക്കുവിൻ.'

ഗനീമത്ത് മുതലുകളുടെ അഞ്ചിലൊന്ന് നിക്ഷേപിക്കുന്ന ബൈത്തുൽ മാലിൽ: 'അറിഞ്ഞിരിക്കുവിൻ. എന്തെന്നാൽ, നിങ്ങൾ കരസ്ഥമാക്കിയ യുദ്ധമുതൽ എന്തായാലും, അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും ദൈവദൂതന്നും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും അഭയാർഥികൾക്കും ഉള്ളതാകുന്നു' (*അൽഅൻഫാൽ* 41).

''പട്ടണവാസികളിൽനിന്ന് അല്ലാഹു അവന്റെ ദൂതന് തിരിച്ചുകൊടുത്തിട്ടുള്ളതൊക്കെയും അല്ലാഹുവിനും ദൂതന്നും ബന്ധുജനങ്ങൾക്കും അനാഥർക്കും അഗതികൾക്കും സഞ്ചാരികൾക്കും ഉള്ളതാകുന്നു'' (അൽഹശ്ർ 7).

''............ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായം അർഥിക്കുന്നവർക്കും..... (നൽകുകയാകുന്നു ധർമം)'' (*അൽബഖറ* 177).


യാത്രകൾക്കും സഞ്ചാരങ്ങൾക്കും ദേശാന്തര പ്രയാണങ്ങൾക്കും വലിയ പ്രാധാന്യം നൽകിയതുകൊണ്ടാണ് ഇസ്‌ലാം ആ തുറകളിൽ സകാത്തിന്റെയും സ്വദഖയുടെയും വിനിയോഗം നിർബന്ധമാക്കിയത്. വിവിധ തരം സഞ്ചാരങ്ങളെക്കുറിച്ച സൂചനകൾ ഖുർആനിലും ഹദീസിലും കാണാം: ജീവിതായോധനം, വിദ്യാഭ്യാസം, പ്രകൃതിയും പ്രപഞ്ച പ്രതിഭാസങ്ങളും അടുത്തറിയാനുള്ള പഠന യാത്രകൾ, ചരിത്രപഠനം, നരവംശശാസ്ത്രാപഗ്രഥനം, ഭൂമിശാസ്ത്ര വിജ്ഞാനീയം, ദൈവിക മാർഗത്തിലെ അധ്വാന പരിശ്രമങ്ങൾ, ഹജ്ജ് തുട

ങ്ങി വ്യത്യസ്ത ലക്ഷ്യങ്ങളോടെ നടത്തുന്ന യാത്രകൾക്ക് പ്രേരണയും പ്രോത്സാഹനവും നൽകുന്ന ദൈവികാധ്യാപനങ്ങൾ, ഈ യാത്രകളിൽ വന്നു വശാവുന്ന ക്ലേശങ്ങളും പ്രയാസങ്ങളും ദൂരീകരിക്കാനും വഴികൾ നിർദേശിക്കുന്നു.

ഈ യാത്രകളെയും യാത്രികരെയും സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങളും മാനദണ്ഡങ്ങളുമാണ് മദ്ഹബ് ഇമാമുമാർക്കും ഫുഖഹാക്കൾക്കുമുള്ളത്. മാസങ്ങളും വർഷങ്ങളുമെടുക്കുന്ന യാത്രകൾ സാധാരണമായിരുന്ന പ്രാചീന കാലഘട്ടത്തിന്റെ ആവശ്യകത മുൻനിർത്തിയാണ് അവരുടെ നിരീക്ഷണങ്ങളും വിധികളുമെന്ന് കാണാൻ കഴിയും. ഇബ്നുസ്സബീൽ ഗണത്തിൽ പെടുത്താവുന്ന സഞ്ചാരികളൊന്നും ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങൾ അങ്ങേയറ്റം മെച്ചപ്പെട്ട ഈ കാലത്ത് ഇല്ല എന്നാണ് പണ്ഡിതന്മാരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ അഭിപ്രായം. ലോകം ആഗോള ഗ്രാമമായി കഴിഞ്ഞ ഇക്കാലത്ത് യാത്രയും പണലബ്ധിയും ഒരു പ്രശ്നമേയല്ല എന്ന് അവർ വിലയിരുത്തുന്നു. ശൈഖ് അഹ്മദ് മുസ്ത്വഫാ അൽ മറാഗിക്ക് ഈ അഭിപ്രായമാണുള്ളത്. 'ഇബ്നുസ്സബീൽ' എക്കാലത്തും ഉണ്ടാവുമെന്നു തന്നെയാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

പണമുണ്ടെങ്കിലും നിയമപരമായോ അല്ലാതെയോ ക്രയവിക്രയം നിരോധിക്കപ്പെട്ടു കഴിഞ്ഞാൽ ധനികന്മാരെയായാലും ഇബ്നുസ്സബീൽ ആയി ഗണിക്കാമെന്ന് ഹനഫീ മദ്ഹബ്. ക്രയവിക്രയാധികാരം നഷ്ടപ്പെട്ട കച്ചവടക്കാരനും ഇബ്നുസ്സബീൽ പരിഗണന ലഭിക്കും എന്ന് അവർ പറയുന്നു.

ചെലവിന് കാശില്ല, യാത്ര നിർബന്ധവുമാണ് എന്ന വിധത്തിലുമുണ്ടാകും ഒരു വിഭാഗം. അവരും ഇബ്നുസ്സബീൽ ഗണത്തിൽ പെടുമെന്ന് ഇമാം ശാഫിഈ (റ) അഭിപ്രായപ്പെടുന്നു. ജനക്ഷേമത്തിന് പ്രയോജനപ്പെടുന്ന വിദേശപഠനം, വിദേശ യൂനിവേഴ്സിറ്റികളിൽ ഉപരിപഠനം, പരിശീലന കോഴ്സുകൾ തുടങ്ങിയവക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾ സാമ്പത്തികമായി ഞെരുങ്ങുന്നവരാണെങ്കിൽ ഇബ്നുസ്സബീൽ ഗണത്തിൽ പെടുത്തി സകാത്ത് നൽകാമെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാ



രുണ്ട്. ജനങ്ങളോട് കൈകാട്ടി ഇരക്കുന്ന യാചകരെ ഇബ്നുസ്സബീലിൽ ഉൾപ്പെടുത്തുന്നു ഹമ്പലികൾ. പീടികത്തിണ്ണകളിലും അങ്ങാടിയിലെ കോലായകളിലും പാലങ്ങൾക്കടിയിലും കൂറ്റൻ പൈപ്പുകൾക്കുള്ളിൽ പോലും അന്തിയുറങ്ങുന്ന ലക്ഷങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. 'തെരുവിന്റെ മക്കൾ' എന്ന പേരിൽ അറിയപ്പെടുന്ന ആ വിഭാഗം ഇബ്നുസ്സബീൽ, ഫഖീർ, മിസ്കീൻ എന്നീ ഗണങ്ങളിലെല്ലാം ഉൾപ്പെടുത്താൻ സർവഥാ അർഹരാണ്.

## അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കപ്പെടുന്നവർ

അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളും മാതാപിതാക്കൾ ജീവിച്ചിരിക്കെത്തന്നെ 'അനാഥരായി' ജുവനൈൽ ഹോമുകളിലും അഭയകേന്ദ്രങ്ങളിലും കഴിയേണ്ടി വരുന്ന സന്താനങ്ങളും ഇബ്നുസ്സബീൽ ഗണത്തിൽ പെടുമെന്ന് ആധുനികരായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പിഴച്ചു പെറ്റ് വഴിയിൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളും ജാരസന്തതികളും ഇബ്നുസ്സബീലിൽ പെടുമെന്ന് സയ്യിദ് റശീദ് രിദാക്ക് അഭിപ്രായമുണ്ട്. അക്രമികളും സ്വേഛാധിപതികളുമായ ഭരണകർത്താക്കളുടെ കൊടും പീഡനങ്ങൾക്കിരയാവുന്നതിനാൽ സ്വരാജ്യം വെടിഞ്ഞ് മറുരാജ്യങ്ങളിലേക്ക് പോവേണ്ടി വന്നവർ, മതവും സ്വാതന്ത്ര്യവും സംരക്ഷിക്കാൻ അഭയം തേടി നാടുവിടേണ്ടി വന്നവർ, യുദ്ധം, പ്രകൃതി വിപത്ത് എന്നിവമൂലം എല്ലാം ഉപേക്ഷിച്ച് അഭയ സങ്കേതങ്ങൾ തേടി പോകുന്നവർ, അഭയാർഥികളായി നാടും വീടും കൂടും കൂട്ടുകുടുംബങ്ങളുമില്ലാതെ ചിതറി പല രാജ്യങ്ങളിലായി കുടിയേറി പാർക്കേണ്ടി വരുന്നവർ- ഇവരെല്ലാം 'ഇബ്നുസ്സബീൽ' ഗണത്തിൽ പെടുമെന്ന് പ്രമാണങ്ങൾ ഉദ്ധരിച്ച് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുമുണ്ട്.

2018 -ഓടെ യുദ്ധങ്ങളും പീഡനങ്ങളും കാരണമായി രാജ്യം വിടേണ്ടി വന്നവർ എട്ട് കോടി വരുമെന്നാണ് യു.എൻ അഭയാർഥി കമീഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പറയുന്നത്. ഇത്രയും ഭീമമായ അഭയാർഥി പ്രവാഹം ചരിത്രത്തിൽ ആദ്യമാണ്. ഇതിൽ പകുതിയെങ്കിലും 18 വയസ്സിൽ താഴെയുള്ളവരാണ്. അടിസ്ഥാന ജീവിതാവശ്യങ്ങൾ പോലും നിഷേധിക്കപ്പെട്ട് പൗരത്വമില്ലാത്തവരായി വിവിധ രാജ്യങ്ങളിൽ കഴിയുന്ന ലക്ഷങ്ങൾ ഇതിനു പുറമെയാണ്. 'രാജ്യമില്ലാ ജനത'യായി കഴിയുന്ന ഈ വിഭാഗവും നാളെ അഭയാർഥി സമൂഹത്തിൽ ചെന്നണയേണ്ടവരാണ്. 67 ശതമാനം അഭയാർഥികളും 5 രാജ്യങ്ങളിൽനിന്നുള്ളവരാണ്. യു. എൻ കണക്കനുസരിച്ച് 10 മില്യൻ ജനങ്ങൾ രാജ്യമില്ലാ ജനത (Stateless)യാണ്. സിറിയ, അഫ്ഗാനിസ്താൻ, ദക്ഷിണ സുഡാൻ, മ്യാന്മർ, സൊമാലിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് ലോകത്തെ മൂന്നിൽ രണ്ട് അഭയാർഥികളും. മറ്റൊരു വാക്കിൽ മുസ്‌ലിം സമൂഹമാണ് അഭയാർഥികളിൽ മഹാഭൂരിപക്ഷം.

അലൻ കുർദി എന്ന മൂന്നു വയസ്സുകാരൻ സിറിയൻ കുഞ്ഞിനെ ഓർമയില്ലേ? 2015 സെപ്റ്റംബർ രണ്ടിന് തുർക്കി കടൽത്തീരത്തണഞ്ഞ ജീവനറ്റ ആ ജഡം ലോക മനസ്സാക്ഷിയുടെ മുന്നിൽ നിരവധി ചോദ്യങ്ങളുയർത്തി. ആഭ്യന്തര യുദ്ധം ആളിക്കത്തിയ സിറിയൻ നരകത്തിൽനിന്ന് അഭയം തേടി ഗ്രീസിലേക്ക് തിരിച്ചതാണ് ആ കൊച്ചു കുടുംബം. മധ്യധരണ്യാഴിയിൽ ബോട്ടു മറിയുമ്പോൾ പിതാവിന്റെ കൈയിൽനിന്ന് ആ കൊച്ചു കുഞ്ഞ് തെറിച്ചു വീണു കടലിന്റെ അഗാധതയിലേക്ക് താഴുകയായിരുന്നു. മൂന്നാം പക്കം തുർക്കി കടൽത്തീരത്തണഞ്ഞ ആ കുഞ്ഞിനെയോർത്ത് ലോകം കണ്ണീർ വാർത്തു. കഴിഞ്ഞയാഴ്ച ബംഗ്ലാദേശിൽനിന്ന് മലേഷ്യയിലേക്ക് പോയ മ്യാന്മർ മുസ്‌ലിംകൾ ബോട്ട് മറിഞ്ഞും പൈദാഹം സഹിക്കവയ്യാതെയും ആഴക്കടലിൽ മുങ്ങി മരിച്ചത് ഒടുവിലത്തെ സംഭവം ആകാൻ ഇടയില്ല. ഉയ്ഗൂർ മുസ്‌ലിംകൾ, ഫലസ്ത്വീനികൾ, പൗരത്വം നിഷേധിക്കപ്പെട്ട് തടങ്കൽ പാളയങ്ങളിലേക്ക് അയക്കപ്പെട്ടവർ..... ഇങ്ങനെ അഭയാർഥി പട്ടിക നീളുകയാണ്.




**അഭയാർഥി പ്രവാഹം പുതിയ പ്രതിഭാസം**

മദ്ഹബിന്റെ ഇമാമുമാരും ഫുഖഹാക്കളും ജീവിച്ച കാലഘട്ടത്തിൽ ഉണ്ടായിട്ടില്ലാത്ത വലിയ അഭയാർഥി പ്രവാഹങ്ങൾക്കാണ് ഇരുപതും ഇരുപത്തൊന്നും നൂറ്റാണ്ടുകൾ സാക്ഷ്യം വഹിക്കുന്നത്. അഭയാർഥി ലക്ഷങ്ങളുടെ ദയനീയ ജീവിതം നേരിൽ കാണാൻ സന്ദർഭമുണ്ടായിരുന്നുവെങ്കിൽ 'മനുഷ്യക്ഷേമ'ത്തിന് മുൻഗണന നൽകി ഫത്‌വകൾ നൽകിയിരുന്ന ആ പണ്ഡിതവര്യന്മാരുടെ അഭിപ്രായങ്ങൾ യാതന തിന്നുന്ന ആ മനുഷ്യജന്മങ്ങൾക്കൊപ്പം ആകുമായിരുന്നു എന്ന് നിസ്സംശയം പറയാം. ആഗോളതലത്തിൽ അഭയാർഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും യു. എൻ ആഭിമുഖ്യത്തിൽ ഉണ്ടാക്കിയ ഉടമ്പടിയാണ് '1951 റെഫ്യൂജി കൺവെൻഷൻ.' അഥവാ ജനീവ കൺവെൻഷൻ ഓഫ് 28 ജൂലൈ 1951. 145 രാഷ്ട്രങ്ങൾ ഒപ്പുവെച്ച ജനീവ കരാർ പ്രകാരം മതം, ദേശീയത, വംശീയത, രാഷ്ട്രീയ വിശ്വാസം എന്നിവയുടെ പേരിൽ ഏൽക്കേണ്ടി വരുന്ന പീഡനങ്ങൾ നിമിത്തമായോ പീഡന ഭയത്താലോ സ്വന്തം രാജ്യം വിട്ട് പലായനം ചെയ്യുന്നവരാണ് അഭയാർഥികൾ. അഭയാർഥികൾക്ക് എന്നും അഭയാർഥികളായിത്തന്നെ ജീവിക്കാനാണ് വിധിയെന്ന് ലോകാനുഭവങ്ങൾ തെളിയിക്കുന്നു. പിറന്ന നാട്ടിലേക്ക് തിരിച്ചുപോകാൻ ഭയപ്പെടുന്ന അഭയാർഥികൾ ക്യാമ്പുകളിലും താൽക്കാലിക അഭയകേന്ദ്രങ്ങളിലുമായാണ് ജീവിതം തള്ളിനീക്കുന്നത്. അഭയാർഥികൾക്ക് കുടിയേറ്റത്തിനും സാധാരണ ജീവിതത്തിനും ഏതെങ്കിലും രാജ്യങ്ങൾ സമ്മതം കൊടുക്കുന്നതു വരെ താൽക്കാലിക താവളത്തിൽ തങ്ങുന്ന യാത്രക്കാരന്റെ സ്ഥാനമേ അവർക്കുള്ളൂ. അഥവാ ഒരു ട്രാൻസിസ്റ്റ് പാസഞ്ചറുടെ സ്റ്റാറ്റസ്. ഈ അർഥത്തിൽ 'ഇബ്നുസ്സബീൽ' ഗണത്തിൽ പെടാൻ അഭയാർഥികൾ സർവഥാ അർഹരാണ്.

അഭയാർഥി ക്യാമ്പുകളിൽ വർഷങ്ങളോളം ദുരിതവും യാതനയും തിന്ന് ജീവിക്കാൻ വിധിക്കപ്പെട്ടവരായി ഇങ്ങനെ ലക്ഷങ്ങളുണ്ട്. 2017 -ൽ സി.എൻ.എൻ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. അഭയാർഥി ക്ഷേമത്തിന് സകാത്ത് ഫണ്ട് വിനിയോഗിക്കാനുള്ള അനുവാദം നൽകുന്ന ഫത്‌വ തങ്ങൾക്ക് ലഭിച്ചതായി യു.എൻ വെളിപ്പെടുത്തിയെന്നാണ് റിപ്പോർട്ട്. 2008 -ൽ നടത്തിയ കണക്കെടുപ്പു പ്രകാരം മുസ്‌ലിംകൾ വർഷംതോറും സകാത്തും സ്വദഖയുമായി 20 മുതൽ 200 ബില്യൻ ഡോളർ വരെ ചെലവഴിക്കുന്നുണ്ട്. അഭയാർഥി സമൂഹത്തിൽ ഭൂരിപക്ഷവും മുസ്‌ലിംകളായിരിക്കെ വിശേഷിച്ചും ഇത്തരം സഹായത്തിന് അവർ അർഹരാണെന്ന് ഫത്‌വ ചൂണ്ടിക്കാട്ടി.

അഭയാർഥി കമീഷണറേറ്റിന് സൗകര്യപ്രദമായ ഉപാധികൾ ലബ്ധമാവുന്നത് ഹനഫീ മദ്ഹബിൽ ആണെന്നതിനാൽ ഹനഫീ മദ്ഹബാണ് അവർ അവലംബിച്ചത്. ശൈഖ് അബ്ദുല്ല ഇബ്നു ബയ്യ (മുൻ വൈസ് പ്രസിഡന്റ്, ഇത്തിഹാദുൽ ആലമി ലി ഉലമാഇൽ മുസ്‌ലിമീൻ), ഡോ. അലി അൽ ജുമുഅ (മുഫ്തി അദ്ദിയാറിൽ മിസ്‌രിയ്യ, അസ്ഹർ യൂനിവേഴ്സിറ്റി ഉസ്വൂലുൽ ഫിഖ്ഹ് പ്രഫസർ) എന്നിവരും ഹള്റ മൗത്ത് (യമൻ) മജ്‌ലിസുൽ ഇഫ്താഅ്, ദാറുൽ ഇഫ്താഉൽ മിസ്‌രി എന്നീ സമിതികളുമാണ് സകാത്ത് തുക അഭയാർഥി ക്ഷേമത്തിന് ഉപയോഗിക്കാമെന്ന ഫത്‌വ നൽകിയത്. അഭയാർഥികളുടെയും തെരുവിന്റെ മക്കളുടെയും പ്രശ്നങ്ങൾ സകാത്ത് വിനിയോഗത്തിൽ നമ്മുടെ രാജ്യത്തും സജീവ ചർച്ചാ വിഷയമാകേണ്ടതുണ്ട്.

വിശുദ്ധ ഖുർആൻ എട്ട് സ്ഥലങ്ങളിൽ 'ഇബ്നുസ്സബീലി'നോട് കാട്ടേണ്ട അനുകമ്പയും കരുണയും സഹാനുഭൂതിയും ഊന്നിപ്പറയുന്നുണ്ടെന്ന് പറഞ്ഞുവല്ലോ. കേവലം ഒരു യാത്രികന്റെയോ സഞ്ചാരിയുടെയോ പ്രശ്നമാണ് ഇതെങ്കിൽ ഇത്രയും ദൈവവചനം അതിനു വേണ്ടി അവതരിക്കുമായിരുന്നില്ല. ഖുർആൻ അവതരിച്ച കാലഘട്ടത്തിൽ ആ സമൂഹത്തിന് മനസ്സിലാവുന്ന ഇബ്നുസ്സബീലിനെ അവർ കണ്ടെത്തി. ലോകാന്ത്യം വരെ നിലനിൽക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ഖുർആനിന്റെ കഴിവാണ് 'ഇഅ്ജാസുൽ ഖുർആനി'ന്റെ ഒരു മുഖ്യവശം. ഖുർആൻ എന്ന ദൈവിക ഗ്രന്ഥത്തെ അനശ്വരമാക്കി നിലനിർത്തുന്ന നിത്യനൂതനത്വമാണ് അതിന്റെ അമരത്വവും അമാനുഷികതയും. ഓരോ കാലഘട്ടത്തിലും കത്തിനിൽക്കുന്ന സങ്കീർണ വിഷയങ്ങൾ കൈകാര്യം ചെയ്യാനും പരിഹാരം നിർദേശിക്കാനും കാലത്തോടും ലോകത്തോടുമൊപ്പം വളരുകയും വികസിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്ന ഖുർആന് കഴിയേണ്ടതുണ്ടെന്ന് വ്യക്തം. സകാത്ത് വിതരണത്തിൽ അഭയാർഥികളും മുഖ്യപരിഗണനക്ക് അർഹരാവുമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനം ഇതാണ്.

തെരുവു ബാല്യങ്ങളുടെ കരളുരുക്കുന്ന ജീവിതക്കാഴ്ചകൾ നമുക്ക് അന്യമല്ല. തെരുവിന്റെ സന്തതികളെ പുനരധിവസിപ്പിക്കാനും അവരെ മുഖ്യധാരയിൽ എത്തിച്ച് നല്ല നിലയിൽ വളർത്താനുമുള്ള യത്നങ്ങളെ ചെറുതായി കാണേണ്ടവരല്ല വിശ്വാസികൾ. ആ മുഖങ്ങളിൽ കാണുന്ന ഓരോ നോട്ടവും ഓരോ തീപ്പൊരിയാണ്, ഓരോ ചോദ്യചിഹ്നമാണ്. ഇന്ത്യയിൽ 4 ലക്ഷം മുതൽ 8 ലക്ഷം വരെയാണ് തെരുവിൽ കഴിയുന്ന കുട്ടികൾ. നിരാധാരരായി ജീവിക്കുന്ന സ്ത്രീകൾ, വൃദ്ധന്മാർ തുടങ്ങി ലക്ഷങ്ങൾക്കും തെരുവാണ് അഭയകേന്ദ്രം. തെരുവിൽ പുഴുക്കളെ പോലെയും കീടങ്ങളെ പോലെയും കഴിയേണ്ടി വരുന്ന മനുഷ്യജന്മങ്ങളുടെ നേരെ കണ്ണടയ്ക്കാൻ ഒരു വിശ്വാസിക്കും കഴിയില്ല. അവരും 'ഇബ്നുസ്സബീലി'ന്റെ ഗണത്തിൽ



പെടാൻ സർവഥാ അർഹരാണ്. കാലഘട്ടത്തിന്റെ സ്പന്ദനങ്ങളോട് സക്രിയമായി സംവദിക്കുന്ന മനസ്സ് വിശ്വാസികളിൽ വളരുമ്പോൾ ദൈവിക വചനങ്ങൾക്ക് നവംനവങ്ങളായ അർഥകൽപനകളും ഉരുത്തിരിഞ്ഞുവരും.

അതു പോലെ പുതിയ ഗവേഷണത്തിന് വിധേയമാക്കപ്പെടേണ്ട പദമാണ് അടിമത്ത മോചനത്തിലും (വഫിർരിഖാബി) സകാത്ത് വിനിയോഗിക്കണമെന്ന കൽപന. ഫിഖ്ഹിന്റെ ഉത്ഭവ കാലഘട്ടത്തിൽ സർവസാധാരണമായിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയിലെ അടിമത്ത പ്രശ്നവും അടിമകളുടെ മോചനവും ഈ കാലഘട്ടത്തിൽ പ്രസക്തമല്ലാതായിത്തീർന്നിരിക്കുന്നു. പുതിയ കാലത്തെ പ്രശ്നങ്ങൾക്കും ഖുർആനിലൂടെ പരിഹാരം കണ്ടേ തീരൂ.

അബൂബക്ർ സ്വിദ്ദീഖ് (റ) പറഞ്ഞുവല്ലോ: ''എന്റെ കൈയിൽ നിന്ന് ഒരു ഒട്ടകക്കയർ നഷ്ടപ്പെട്ടാൽ അല്ലാഹുവിന്റെ കിതാബിൽ ഞാൻ അത് കണ്ടെത്തും.'' ഏതു പ്രശ്നത്തിനും പരിഹാരം ഖുർആനിൽ കണ്ടെത്താമെന്ന് സാരം.

സകാത്ത് നൽകപ്പെടാൻ അർഹരായി എട്ടു വിഭാഗത്തെയാണല്ലോ ഖുർആൻ പരിഗണിച്ചത് (*അത്തൗബ* 60).

ആദ്യത്തെ നാലു വിഭാഗമായ സാധുക്കൾ, ദരിദ്രർ, സകാത്ത് പ്രവർത്തകർ, ഹൃദയം ഇണക്കപ്പെടേണ്ടവർ എന്നിവരെ കുറിച്ച് പരാമർശിച്ചപ്പോൾ 'ലാം' (ലിൽ ഫുഖറാഉ) ഉപയോഗിച്ച ഖുർആൻ ഒടുവിലെ നാലു വിഭാഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ 'ഫീ' (ഫിർരിഖാബി ) എന്ന അവ്യയമാണ് ഉപയോഗിച്ചത്. എന്താണ് അതിന്റെ രഹസ്യം? അല്ലാഹു ഖുർആനിൽ ഒരു അക്ഷരം പോലും ഉപയോഗിക്കുന്നത് വ്യക്തമായ ലക്ഷ്യത്തോടെയാണ്. അതാണ് ഖുർആനിന്റെ അമാനുഷികത.

ഖുർആൻ വ്യാഖ്യാതാവായ സമഖ്ശരി ആ രഹസ്യം വെളിപ്പെടുത്തുന്നതിങ്ങനെ: 'ഒടുവിലെ നാല് വിഭാഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ 'ലാമി'ൽ നിന്ന് 'ഫീ' എന്ന അവ്യയത്തിലേക്ക് മാറിയത്, ഒടുവിലെ നാല് വിഭാഗമാണ് ആദ്യത്തെ നാല് വിഭാഗത്തേക്കാൾ ഏറ്റവും വേരോട്ടമുള്ള അവകാശത്തിന് അർഹർ എന്ന് സൂചിപ്പിക്കാനാണ്. കാരണം ഫീ എന്ന അവ്യയം ഒരു പാത്രത്തിനകത്തേക്ക് ഇട്ടു നൽകുന്ന പ്രക്രിയയെ കുറിക്കുന്നു. സകാത്ത് അവരിലാണ് വിനിയോഗിക്കേണ്ടതെന്നും സകാത്ത് മുതൽ ചൊരിഞ്ഞു കൊടുക്കേണ്ട ഇടമാണ് അവരുടേതെന്നും സൂചിപ്പിക്കുന്നു' (*അൽ കശ്ശാഫ്* ഭാഗം 2: 45,46).

ഇബ്നുൽ മുനയ്യർ 'ഇൻത്വിസാഫി'ൽ സമഖ്ശരിയുടെ അഭിപ്രായത്തിന് സൂക്ഷ്മമായ ഒരു അനുബന്ധം ചാർത്തുന്നു: 'ആദ്യത്തെ നാല് വിഭാഗം സകാത്ത് തുക കിട്ടുന്നതോടെ ആ മുതലിന് വ്യക്തിപരമായി അവകാശികളായിത്തീരുകയാണ്. അപ്പോൾ ഉടമസ്ഥത സൂചിപ്പിക്കാൻ ലാം (ലിൽ) ഉപയോഗിച്ചു. ഒടുവിലെ നാലു വിഭാഗമാവട്ടെ, അവരിൽ വിനിയോഗിക്കുന്നത് മറ്റുള്ളവർക്ക് അവകാശപ്പെട്ടതാണ്. അവരുടെ പേരിൽ മറ്റുള്ളവരാണ് അതിന്റെ പ്രയോജനം അനുഭവിക്കുന്നത്. അടിമത്ത മോചനത്തിന്ന് നൽകുന്ന പണത്തിന്റെ പ്രായോജകർ അടിമകളല്ല, ഉടമകളാണ്. ഇമാം റാസിയും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്' (തഫ്സീറുൽ കബീർ ഭാഗം 16: 112).

അടിമത്ത വ്യവസ്ഥ വിപാടനം ചെയ്യാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച ഇസ്‌ലാം അക്കാലത്ത് നിലനിന്ന അടിമത്ത രീതിയെ ഫലപ്രദമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി സകാത്തും ആ തുറയിൽ വിനിയോഗിക്കാൻ നിർദേശം നൽകി. ഈ കാലഘട്ടത്തിലെ കത്തുന്ന പ്രശ്നമെന്താണ്? ഇസ്‌ലാമിന്റെ ശത്രുക്കൾ വംശീയതയുടെയും വർഗീയതയുടെയും ഇസ്‌ലാമോഫോബിയയുടെയും പേരിൽ ജയിലറകളിൽ തള്ളിയത് നൂറുകണക്കിൽ നിരപരാധികളായ യുവാക്കളെയാണ്.

അവരുടെ മോചനത്തിനും അവരുടെ നിരാലംബ കുടുംബങ്ങളുടെ സംരക്ഷണത്തിനും സകാത്ത് വിഹിതം ഉദാരമായി വിനിയോഗിക്കുന്നതിനെ കുറിച്ചാണ് പഠനം നടക്കേണ്ടത്. വിചാരണയില്ലാതെ വർഷങ്ങളായി ജയിലറകളുടെ കൂരിരുട്ടിൽ കഴിയേണ്ടിവരുന്ന മനുഷ്യജന്മങ്ങൾ നമ്മുടെ മുന്നിൽ ഉയർത്തുന്ന ഗുരുതര പ്രശ്നമാണിത്. അവർക്കു വേണ്ടി അഭിഭാഷകരെ ഏർപ്പെടുത്തണം, കോടതികളിൽ കേസ് നടത്തണം, അവരെ ആശ്രയിച്ചു കഴിഞ്ഞ നിരാലംബ കുടുംബങ്ങൾക്ക് അഭയവും ആശ്രയവും നൽകണം. മോചിതരാകുന്നവരെ പുനരധിവസിപ്പിക്കണം.

ജയിലറകൾ തീർക്കുന്ന അസ്വാതന്ത്ര്യത്തിന്റെ അടിമത്തനുകത്തിൽ നിന്ന് മോചിപ്പിക്കപ്പെടേണ്ടവരല്ലേ അവർ?

തടവുകാരുടെ മോചനത്തിന് സകാത്ത് മുതൽ ഉപയോഗിക്കാമെന്ന് ഇമാം അഹ്മദുബ്നു ഹമ്പൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇന്ന് അടിമത്തമില്ല. സത്യവും അസത്യവും തമ്മിലെ സമരം അവിരാമം തുടരുകയാണ്. കൊളോണിയൽ വാഴ്ചയിൽ നിന്ന് സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതുന്ന വിമോചന പോരാളികളെ സഹായിക്കാൻ സകാത്ത് ഉപയോഗിക്കാമെന്ന് സയ്യിദ് റശീദ് രിദാ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൊളോണിയൽ ശക്തികളുടെയും അക്രമികളായ ഭരണാധികാരികളുടെയും തടവറകളിൽ നിന്ന് നിരപരാധികളെ മോചിപ്പിക്കാൻ രിഖാബിന്റെ വകുപ്പിൽ ഉൾപ്പെടുത്തി സകാത്ത് വിനിയോഗിക്കാമെന്ന് ശക്തിയായി അഭിപ്രായപ്പെട്ട ആധുനിക കാലത്തെ പണ്ഡിത വ്യക്തിത്വങ്ങളിൽ പ്രധാനിയാണ് ശൈഖ് മഹ്മൂദ് ശൽത്തൂത്ത്. ●





# ഞങ്ങൾ ഞങ്ങൾക്കു വേണ്ടി പോരാടുകയാണ്

പ്രവാസം/ നാസർ ഊരകം, ദുബൈ
hirauae@gmail.com

കൊറോണ എന്ന മഹാമാരിയെ ഒരു ജലദോഷപ്പനിയായി കാണാൻ ഇറ്റലിക്കാരെയും അമേരിക്കക്കാരെയും പോലെ ഗൾഫിലെ പ്രവാസികൾ പാകപ്പെട്ടുകഴിഞ്ഞു. ആദ്യ നാളുകളിൽ മറ്റു ആളുകൾക്ക് കോവിഡ് പോസിറ്റീവ് ആയ വാർത്തകൾ കേട്ടിരുന്ന ഞങ്ങൾക്കിന്ന് സുഹൃത്തുക്കളുടെ കോവിഡ് ടെസ്റ്റ് പോസിറ്റീവ് ആകുന്നത് വാർത്ത അല്ലാതെ ആയിരിക്കുന്നു. അടുത്ത ആളുകളുടെ മരണങ്ങൾ കേൾക്കുമ്പോൾ പോലും ഞെട്ടൽ ഉണ്ടാകാതെ ആരും ഇവിടെ ശാശ്വതമല്ലെന്ന ബോധം ഉൾക്കൊള്ളാൻ ഞങ്ങൾ മനസ്സിനെ ശീലിപ്പിച്ചുകഴിഞ്ഞു.

സർക്കാരും മീഡിയയും നൽകുന്ന വാർത്തകൾക്കുമപ്പുറമാണ് സത്യമെന്ന് കോവിഡ് കാലത്ത് ലോകത്തുള്ള എല്ലാ ജനങ്ങളും തിരിച്ചറിയുന്നുണ്ട്. ഇത്രയും ഭയാനകമായ ഒരു മഹാമാരിയെ ചൈനീസ് മാധ്യമങ്ങൾ നിസ്സാരവൽക്കരിച്ചതാണ് ഈ തിരിച്ചറിവിന് കാരണം. വാർത്താ സ്വാതന്ത്ര്യമുള്ള കേരളത്തിൽ പോലും കോവിഡ് രാഷ്ട്രീയത്തെ കുറിച്ച് മിണ്ടാൻ പാടില്ലെങ്കിൽ ജനാധിപത്യമില്ലാത്ത ചൈനയിലും മറ്റും എന്തായിരിക്കും സ്ഥിതി എന്ന് ഊഹിക്കാവുന്നതല്ലേ ഉള്ളൂ.

ഇവിടെ പ്രവാസികൾ മറ്റൊരു വിപ്ലവം സൃഷ്ടിക്കുകയാണ്. സ്വന്തം ജീവൻ പോലും നോക്കാതെ സേവന രംഗത്ത് പ്രവാസികളിലെ സന്നദ്ധ പ്രവർത്തകർ കർമരംഗത്താണ്. കോവിഡ് രോഗം സ്ഥിരീകരിച്ചാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ അവിടെ ബെഡ് കാലിയില്ല, ഐസൊലേഷൻ സെന്ററുകളും നിറഞ്ഞു കവിയുന്നു. ആംബുലൻസിന് വിളിച്ചു ദിവസങ്ങൾ കാത്തിരുന്നു വേണം റൂമിൽ നിന്നും ഐസൊലേഷൻ സെന്ററിലേക്ക് മാറ്റാൻ. അപ്പോഴേക്കും കൊറോണ എന്ന വൈറസ് മറ്റുള്ളവരിലേക്ക് പകർന്നിരിക്കും. അവരെ ടെസ്റ്റ് ചെയ്യിക്കണം, പോസിറ്റീവാണെങ്കിൽ ആംബുലൻസ് വിളിക്കണം.

ദുബൈയിലെ വർസാനിൽ പത്തിലധികം കെട്ടിടങ്ങൾ ഇതിനകം ഇന്ത്യൻ സമൂഹം തന്നെ മുന്നോട്ടു വന്ന് ഐസൊലേഷൻ സെന്ററാക്കി മാറ്റിയിട്ടുണ്ട്. ജബൽ അലിയിലും മുഹൈസിനയിലും ഷാർജയിലെ സജയിലുമെല്ലാം ഐസൊലേഷൻ സെന്ററുകൾ തയാറായിക്കൊണ്ടിരിക്കുന്നു. അധികൃതരോടൊപ്പം ഇതിന്റെയെല്ലാം ഒരുക്കങ്ങൾ നടത്തുന്നത് മലയാളികൾ തന്നെ. ഐസൊലേഷൻ സെന്ററുകളിലെ ശുചീകരണ ജോലി വരെ ചെയ്യുന്നത് പ്രവാസികളാണ്. അവരിൽ ഇവിടെ കുടുംബങ്ങൾ ഉള്ളവരുണ്ട്. അവർ കുടുംബത്തോടൊപ്പം താമസിക്കാതെ ഐസൊലേഷൻ സെന്ററിൽ തന്നെ താമസിച്ചാണ് കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകുന്നത്.

ഐസൊലേഷൻ സെന്ററിലെയും ക്വാറന്റൈൻ സെന്ററിലെയും ആളുകൾക്ക് ഗവൺമെന്റ് നൽകുന്ന ഭക്ഷണം വിതരണം ചെയ്യാനും പ്രവാസികൾ തന്നെയാണ് മുൻപന്തിയിൽ. രോഗം സംശയിക്കുന്നവരെ കണ്ടെത്താനും അവർക്ക് വൈദ്യ പരിചരണം എത്തിക്കാനും എത്രയോ യുവജനങ്ങൾ തുനിഞ്ഞിറങ്ങിയിരിക്കുന്നു.




കേരളത്തിലെ കൊറോണാ വൈറസ് വ്യാപനത്തിന്റെ കാരിയറായി മുദ്ര ചാർത്തി പ്രവാസിയെ വില്ലനായി കണ്ടുവെങ്കിലും ലോക്ക്ഡൗണോടു കൂടി കൊറോണാ വ്യാപനം നിയന്ത്രണവിധേയമായപ്പോൾ ആവികാരം കുറഞ്ഞു വരുന്നുണ്ട്. ഇന്ന് പ്രവാസികളെ നാട്ടിലേക്ക് കൊണ്ടുവരാൻ മുതലക്കണ്ണീർ ഒഴുക്കുകയാണ് കേരളത്തിലെയും കേന്ദ്രത്തിലെയും രാഷ്ട്രീയ പാർട്ടികൾ എന്നും പ്രവാസികൾ മനസ്സിലാക്കുന്നു.

ഏതാണ്ട് എല്ലാ ഗൾഫ് രാജ്യങ്ങളിലും പുറത്തിറങ്ങി നടക്കുന്നതിനു വിലക്കുകൾ ഭാഗികമായി നീക്കിയിട്ടുണ്ട്. പക്ഷേ അപരന്റെ വിശപ്പകറ്റുന്നതിന് ഈ വിലക്കുകൾ അവർക്ക് വിലങ്ങാവുന്നില്ല. വിശന്നു കഴിയുന്നവരെ കണ്ടെത്താനും ഭക്ഷണമെത്തിക്കാനും മത്സരമാണിവിടെ. ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതിയുണ്ട് എല്ലായിടത്തും. എന്നാൽ ഭക്ഷണശാലകൾ തുറന്നിടാനുള്ള സർക്കാർ അനുമതി കീശയിൽ കാശില്ലാതെ വിശന്നു കഴിയുന്നവരെ ഊട്ടാനുള്ള അവസരമായാണ് അവരിലേറെ പേരും വിനിയോഗിക്കുന്നത്.

ഒരുപാട് വയറുകളെ ഊട്ടുന്നവരായിരുന്നു ഓരോ പ്രവാസിയും. സ്വന്തം വീട്ടിൽ, പണ്ടു പഠിച്ച സ്കൂളിൽ, പള്ളിയിൽ, അനാഥമന്ദിരത്തിൽ എന്നിങ്ങനെ നാടിന്റെ മുക്കുമൂലകളിൽ പ്രവാസിയുടെ വിയർപ്പുതുള്ളികൾ പ്രകാശം പരത്തുന്ന മുത്തുകളായി വിളങ്ങി നിന്നിരുന്നു. ഇന്ന് ആഴ്ചകളായി തൊഴിലിനു പോകാനാവാതെ, ഭാവിയെ എങ്ങനെ അഭിമുഖീകരിക്കും എന്ന് ആശങ്കപ്പെടുന്ന നൂറുകണക്കിന് പേർ ഗൾഫ് നാടുകളിലുണ്ട്. പക്ഷേ ഉള്ളതിൽ പാതി അവർക്കായി നീക്കിവെക്കാൻ പദ്ധതികൾ ഒരുങ്ങുന്നു എന്നത് സ്വാർഥത ശക്തമാവുന്ന ഈ രോഗാതുര കാലത്തും പ്രതീക്ഷകൾക്ക് ചിറകു നൽകുന്നു.

നാടിന്റെ നട്ടെല്ലായ പ്രവാസികളെ ഈ സന്ദിഗ്ധ ഘട്ടത്തിൽ ചേർത്തുപിടിക്കുകയാണ് വേണ്ടത്. ചേക്കേറിയ ഇടങ്ങളിൽ എന്തെങ്കിലുമൊരു ആധിയുണ്ടാകുമ്പോൾ സ്വന്തം മണ്ണിന്റെ സുരക്ഷിതത്വത്തിലേക്ക് തിരികെയെത്തണമെന്ന് അവർ ആശിച്ചുപോയെങ്കിൽ അതിലെന്താണ് പ്രശ്നം? ആധി വന്നാൽ സ്വന്തം വീട്ടിലേക്കല്ലാതെ എവിടേക്കാണ് തിരിച്ചു ചെല്ലുക? കൊറോണ പിടിപെട്ട പ്രവാസികൾ നാടണയുമ്പോഴും കൂടണയുമ്പോഴും അവരെ സ്വീകരിക്കുന്നതിനു പകരം തീണ്ടാപ്പാടകലെ നിർത്തി ചാപ്പ കുത്തുമ്പോൾ കേരളം ഓർക്കേണ്ടത് പ്രവാസികൾ കൊണ്ട വെയിലാണ് കേരളം അനുഭവിക്കുന്ന തണൽ എന്നാണ്.

ഡയസ്പോറ സമൂഹങ്ങളിൽ പകർച്ചവ്യാധിയുടെ വ്യാപനം നിയന്ത്രിക്കുക പ്രയാസകരമാണ്. ഇരുനൂറോളം രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങൾ വന്നിറങ്ങുന്ന സംഗമ ഭൂമികയാണ് ഗൾഫ്, പ്രത്യേകിച്ച് ദുബൈ. ഇത്രയും വ്യത്യസ്ത ജനവിഭാഗങ്ങൾ ഇട കലർന്നു ജീവിക്കുന്ന ഒരു ഡയസ്പോറ ലോകത്ത് വേറെയുണ്ടാകില്ല; മാത്രവുമല്ല വിനോദ സഞ്ചാരികളുടെ വിഹാര ഭൂമികയും. മലയാളികൾ കൂടുതലുള്ളതുകൊണ്ട് ദുബൈയിലെ മലയാളി പ്രവാസികൾക്കിടയിൽ പകർച്ചവ്യാധി വ്യാപനത്തിന്റേതോത് കൂടുതൽ കാണുക സ്വാഭാവികം.

ഗൾഫിലെ കോവിഡ് ബാധിതരിൽ മലയാളികളുടെ എണ്ണം പത്ത് ശതമാനമാണ്. മരണനിരക്കും ഇതു തന്നെ. കേരളത്തിലെ കോവിഡ് രോഗികളുടെയും മരണ നിരക്കിന്റെയും എത്രയോ ഇരട്ടിയാണ് ഗൾഫിലെ മലയാളികളുടെ കണക്ക്. അവരെ പരിചരിക്കുന്ന കാര്യത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എന്തു ചെയ്തു എന്നാണ് പ്രവാസികളുടെ ഇന്നത്തെ ചോദ്യം. അറബികൾ പോലും നിങ്ങളുടെ നാട്ടിലേക്ക് എന്തുകൊണ്ട് പോകുന്നില്ലെന്ന ചോദ്യവുമായി വരുന്നുണ്ട്. സാമൂഹിക സംഘടനകളും വ്യക്തികളും നൽകുന്ന കാരുണ്യ പ്രവർത്തനങ്ങൾ പ്രവാസികൾക്കെന്ന പോലെ സർക്കാരിനും ആശ്വാസമാണ്. ദുബൈയിലെ 'വുഹാൻ' ആയ നായിഫ് മേഖലയിലെ കെട്ടിടങ്ങളിൽ താമസിച്ചിരുന്നവരെ


## ഞങ്ങളുടെ അഭ്യർഥന

കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും അകന്നു ജീവിക്കാൻ നിർബന്ധിതരായ ഒരുപറ്റം ഭാഗ്യഹീനരുടെ അഭയകേന്ദ്രമാണ് ചേവായൂർ ലെപ്രസി ആശുപത്രിയുടെ കിഴക്കു ഭാഗത്തുള്ള എസ്.എം.എം കോയ ലെപ്രസി കോളനി. ഇവിടെ 9 പുരുഷന്മാരും 9 സ്ത്രീകളും അടക്കം 18-ൽപരം മുസ്ലിം സഹോദരീ സഹോദരന്മാർ താമസിക്കുന്നു. നിങ്ങൾ നൽകുന്ന സഹായങ്ങൾ മാത്രമാണ് ഏക അവലംബം. ഈ പരിശുദ്ധ മാസത്തിൽ നിങ്ങളുടെ സകാത്തും സ്വദഖയും നൽകി അഗതികളും അവശരുമായ ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർഥിക്കുന്നു.


**സെക്രട്ടറി, മുസ്ലിം പേഷ്യന്റ്സ് അസോസിയേഷൻ, 9995930885**

**S.M.M Koya Lepper Home**

P.O Chevayur, Calicut-673 017, Kerala, India. Ph: 0495-2359104

**A/c. No. 127-1630604-190001 Catholic Cyrian Bank, Kovoor Br.**

നിങ്ങൾ അയക്കുന്ന സംഖ്യ ഏത് ആവശ്യത്തിലേക്കാണെന്ന് പ്രത്യേകം കാണിക്കാൻ അപേക്ഷ.
ഈ സ്ഥാപനം ലെപ്രസി ആശുപത്രിയുടെ കിഴക്കു ഭാഗത്താണ്.




പരിശോധന നടത്താനും മുന്നിൽ നിന്നത് മലയാളി ഉടമസ്ഥതയിലുള്ള ആശുപത്രികളാണ്. രോഗം കണ്ടെത്തിയവരെ മാറ്റി താമസിപ്പിക്കാൻ വർസാനിൽ കെട്ടിടങ്ങൾ ഒരുക്കിയത് പ്രവാസി വ്യവസായികളും സംഘടനകളുമാണ്. ഈ പദ്ധതി നായിഫിൽ നിന്ന് രോഗം അടുത്ത പ്രദേശങ്ങളിലേക്ക് പകരുന്നത് തടഞ്ഞു.

ജോലി ഇല്ലാതെ കഴിയുന്ന മലയാളികൾക്ക് ഭക്ഷണം നൽകാനും ചികിത്സ നൽകാനും ഓടി നടന്ന് പ്രവാസി സംഘടനകൾ കോവിഡ് പ്രതിരോധത്തിൽ വ്യാപൃതരാണ്. യു. എ. ഇ സർക്കാർ പ്രഖ്യാപിച്ച പത്ത് മില്യൻ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യാൻ ഏൽപ്പിച്ചിരിക്കുന്നത് പ്രവാസി സംഘടനകളെയാണ്. ജോലി ഇല്ലാതെയും ശമ്പളം ഇല്ലാതെയും നാട്ടിലേക്കുള്ള വിമാനമിരമ്പൽ കാത്ത് കഴിയുന്ന പ്രവാസികൾക്ക് വലിയ ആശ്വാസമാകുന്നുണ്ട് സർക്കാരിന്റെ ഭക്ഷണപ്പൊതികൾ.

കൊറോണ ബാധിച്ച് മരണമടഞ്ഞവരെ പ്രോട്ടോക്കോൾ പ്രകാരം ഇവിടെ തന്നെ സംസ്കരിക്കുമ്പോൾ മറ്റു കാരണങ്ങളാൽ മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുപോകാൻ ഇന്ത്യാ ഗവൺമെന്റ് അനാവശ്യ നിബന്ധനകൾ വെച്ചു ബുദ്ധിമുട്ടിക്കുന്നു.

ഏപ്രിൽ മുതൽ സ്കൂളുകളിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. വിദ്യാർഥികൾക്കെന്ന പോലെ അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം പുതിയ അനുഭവമായി ഓൺ ലൈൻ ക്ലാസ്സ് മുറികൾ. കൊറോണ സൃഷ്ടിച്ച പുതിയ ജീവിത ശൈലിയാണ് വർക്ക് അറ്റ് ഹോമും സ്റ്റഡി ഓൺലൈനും. കോവിഡ് കാലം കഴിഞ്ഞാലും ഈ രണ്ട് മാറ്റങ്ങൾ പൂർണമായി തിരിച്ചുപോകാതെ ഭാഗികമായി തുടരുമെന്നാണ് വിദഗ്ധർ പറയുന്നത്. യു. എ. ഇയിലെ ചെറുകിട കച്ചവടക്കാരിൽ അധികവും മലയാളികളാണ്. കോവിഡ് കാരണം ഈ രംഗത്ത് വലിയ തകർച്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ മിക്ക തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടും. കമ്പനികളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസിലും വാടകയിലുമെല്ലാം ഇളവ് അനുവദിക്കുമെന്ന് അധികൃതർ പ്രഖ്യാപിച്ചിട്ടുണ്ട്. വിസിറ്റ് വിസയിൽ ജോലി അന്വേഷിച്ചു വന്ന നിരവധി തൊഴിൽ അന്വേഷകർ ഇവിടെ കുടുങ്ങി കിടക്കുന്നുണ്ട്. വിസയുടെ കാലാവധി തീരുന്നവരുടെ പിഴ ഒഴിവാക്കി കൊടുക്കുമെന്ന് അധികൃതർ ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ ലഭിക്കുക സ്വപ്നം തന്നെയാകും.

മക്കളെ കാണാൻ വന്ന മാതാപിതാക്കൾ ഗൾഫിലും സുഖമില്ലാത്ത മാതാപിതാക്കളെ സന്ദർശിക്കാൻ പോയ പ്രവാസികൾ നാട്ടിലും ലോക്ക് ഡൗണിൽ അകപ്പെട്ട സംഭവങ്ങൾ നിരവധിയാണ്. ഗർഭിണിയായ ഭാര്യയെ ഒറ്റക്ക് ഫ്ളാറ്റിലാക്കി പി. എസ്. സി പരീക്ഷ എഴുതാൻ പോയി നാട്ടിൽ കുടുങ്ങിപ്പോയ ഭർത്താവുണ്ട്. നാട്ടിൽ പോയി പ്രസവിക്കാൻ തയാറായി നിന്നിരുന്ന നിരവധി സ്ത്രീകൾ ഇവിടെ കുടുങ്ങി കിടക്കുകയാണ്. ഏഴ് മാസം ഗർഭമായാൽ അയാട്ട (AYATA) നിയമപ്രകാരം വിമാന യാത്ര ചെയ്യാൻ കഴിയില്ല. അതു പ്രകാരം ഈ മാസാവസാനമോ അടുത്ത മാസമോ വിമാന സർവീസ് തുടങ്ങിയാൽ തന്നെ പല ഗർഭിണികൾക്കും ഇവിടെ തന്നെ പ്രസവിക്കേണ്ടി വരും. ഇവിടത്തെ ആശുപത്രികളിലെ പ്രസവ വാർഡിലെ ബെഡുകളെല്ലാം ഡിസംബർ വരെ ബുക്ക്ഡാണ്. ബെഡ് കിട്ടിയാൽ തന്നെ രണ്ട് ലക്ഷത്തിലധികം വരുന്ന ആശുപത്രി ബിൽ താങ്ങാൻ ആർക്കു കഴിയും? ഇൻഷുറൻസ് എടുക്കാത്തവരാണ് അധിക പ്രവാസി സ്ത്രീകളും.

യു. എ. ഇയുടെ സാമ്പത്തിക മേഖലക്ക് ഉത്തേജനമാകുമെന്ന് കരുതിയിരുന്ന എക്സ്പോ 2020 മാറ്റിവെച്ചത് ഇരട്ടി പ്രഹരമാണ് ഉണ്ടാക്കിയിട്ടുള്ളത്. അമേരിക്കയെയും ചൈനയെയും ഒരുപോലെ ആശ്രയിച്ചു കഴിയുന്ന ഗൾഫ് സാമ്പത്തിക മേഖല ഉണർന്നു വരാൻ താമസമെടുക്കുമെന്നത് ഉറപ്പാണ്. ഇത് സൂചിപ്പിക്കുന്നത് കോവിഡ് ഭീഷണി നീങ്ങിയാലും വിലക്കയറ്റം തുടരും എന്നാണ്. വ്യവസായ രംഗത്തും തൊഴിൽ രംഗത്തും ദീർഘകാലം കൊറോണാ ബാധ തുടരും.

തിരിച്ചുപോകാൻ സന്നദ്ധതയുള്ളവരുടെ പേരുകൾ രജിസ്റ്റർ ചെയ്യാൻ സംഘടനകളും കേരള സർക്കാരിന്റെ നോർക്കയും കേന്ദ്ര സർക്കാരിന്റെ എംബസിയും ആവശ്യപ്പെട്ട പ്രകാരം ഫോമുകൾ രജിസ്റ്റർ ചെയ്ത് കാത്തിരുന്ന് അവസാനം രജിസ്റ്റർ ചെയ്തതിന്റെ പത്തു ശതമാനം പോലും കൊണ്ടുപോകാനുള്ള വിമാനങ്ങൾ കേന്ദ്ര സർക്കാർ ഷെഡ്യൂൾ ചെയ്തിട്ടില്ല. യുദ്ധസഹജമായ സാഹചര്യത്തിൽ സൗജന്യമായി കൊണ്ടുപോകേണ്ടിടത്ത് സാധാരണയേക്കാളും വലിയ തുക ഈടാക്കിയാണ് ദേശീയ എയർലൈൻ പ്രവാസികളെ തിരിച്ചുകൊണ്ടുപോകുന്നത്. രോഗികളും ഗർഭിണികളും ഈ പട്ടികയിൽ നിരവധിയാണ്. പത്ത് ശതമാനം പ്രവാസികൾ മാത്രമേ ഇതിലെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ളൂ. നാട്ടിൽ ചെന്നാൽ സ്വന്തം ചെലവിൽ ക്വാറന്റൈനിൽ കിടക്കേണ്ടി വരുമെന്ന് കരുതി രജിസ്റ്റർ ചെയ്തവരിൽ പലരും പിന്മാറിയിട്ടുണ്ട്. ജോലി ഇല്ലാതിരുന്നിട്ടും പട്ടിണി കിടന്നിട്ടും സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാൻ അധിക പേരും തയാറാവാത്തത് പെറ്റമ്മയേക്കാളും പോറ്റമ്മയാണ് നല്ലതെന്ന വിചാരം പ്രവാസികൾക്കുള്ളതു കൊണ്ടാണ്. ●



# ഖത്തറിൽ ഇന്ത്യൻ സന്നദ്ധ സംഘടനകൾ സജീവം

റിപ്പോർട്ട്/ അബൂറശാദ് പുറക്കാട്
purakkad@hotmail.com

2020 ഫെബ്രുവരി ഒടുവിലാണ് ഖത്തറിൽ ഔദ്യോഗികമായി കൊറോണ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഫെബ്രുവരി 29-ന് ഇറാനിൽ നിന്ന് രോഗബാധിതനായി കൊണ്ടുവന്ന 36 വയസ്സുള്ള സ്വദേശി ചെറുപ്പക്കാരനിലാണ് ആദ്യമായി പകർച്ചവ്യാധി സ്ഥിരീകരിച്ചത്. അതോടെ അധികൃതർ നിയന്ത്രണങ്ങൾ ഒന്നൊന്നായി ഏർപ്പെടുത്തി തുടങ്ങി. മാർച്ച് 9-ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചു. ഇറ്റലി, ഈജിപ്ത് എന്നിവക്കു പുറമെ ഇന്ത്യയടക്കം 15 ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള വ്യോമഗതാഗതം നിർത്തിവെച്ചു. മാർച്ച് 14 മുതൽ ജർമനി, ഫ്രാൻസ്, സ്പെയ്ൻ എന്നീ രാജ്യങ്ങളിലേക്ക് കൂടി യാത്രാവിലക്ക് ഏർപ്പെടുത്തി. മറ്റ് വ്യാപാര കേന്ദ്രങ്ങൾക്കു കൂടി നിയന്ത്രണങ്ങൾ വന്നു. എല്ലാ മണി എക്സ്ചേഞ്ചുകളും അടച്ചുപൂട്ടി. ടെലികമ്യൂണിക്കേഷൻ സ്ഥാപനങ്ങൾ, ഫാർമസികൾ, വ്യവസായ സ്ഥാപനങ്ങൾ, ഭക്ഷണശാലകൾ, ഫുഡ് സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, ഭക്ഷണ വിതരണ കമ്പനികൾ എന്നിവയുടെ പ്രവൃത്തിസമയങ്ങളിൽ ക്രമീകരണം വരുത്തി. ഭക്ഷണശാലകളിൽ ഭക്ഷണവിതരണം നിരോധിച്ചു. പാർസൽ സർവീസ് മാത്രമാക്കി പരിമിതപ്പെടുത്തി. പള്ളികൾ ആദ്യം ഭാഗികമായും പിന്നീട് പൂർണമായും അടച്ചു. ബാങ്കുകൾ മാത്രം നിർവഹിക്കാം. സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങിയ അവശ്യ സേവനങ്ങൾ രാത്രി 10 മണി വരെ പ്രവർത്തിക്കാം. മാർച്ച് 21 മുതൽ പാർക്കുകൾ, ബീച്ചുകൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ തുടങ്ങിയ പൊതുജന സമ്പർക്ക ഇടങ്ങളിലേക്കുള്ള പ്രവേശനവും റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, കഫ്റ്റീരിയകൾ തുടങ്ങിയവയുടെ മുൻ വശത്ത് കൂടിനിൽക്കുന്നതും മുനിസിപ്പാലിറ്റി നിരോധിച്ചു. എല്ലാ വിനോദ കേന്ദ്രങ്ങളും സ്റ്റാർ ഹോട്ടലുകളും അടച്ചു. വിമാനസർവീസുകൾ പൂർണമായും നിർത്തി. ബസുകൾ, മെട്രോ, ട്രാം തുടങ്ങിയ പൊതു ഗതാഗത സർവീസുകൾ നിർത്തലാക്കി. അത്യാവശ്യമല്ലാത്ത എല്ലാ വ്യാപാര സ്ഥാപനങ്ങളും താൽക്കാലികമായി അടക്കാൻ നിർദേശം നൽകി.

പഠനങ്ങളും പരീക്ഷകളും ഓൺലൈനിൽ നടക്കുന്നു. ജോലിസമയം പൊതുവെ ആറു മണിക്കൂറായി (7 മുതൽ 1 മണി വരെ) കുറച്ചിട്ടുണ്ട്. ജോലിസ്ഥലങ്ങളിൽ 55 വയസ്സ് കഴിഞ്ഞവരും (60 വയസ്സാണ് പെൻഷൻ പ്രായം) പ്രമേഹം, രക്തസമ്മർദം, കിഡ്നി പ്രശ്നം, ആസ്തമ തുടങ്ങിയ വിട്ടുമാറാത്ത രോഗമുള്ളവരും തീരെ പോകേണ്ടതില്ല. മറ്റുള്ളവർ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമേ പോകേണ്ടതുള്ളൂ. എല്ലാവർക്കും വീട്ടിലിരുന്ന് ജോലി ചെയ്യാനുള്ള സൗകര്യം (work at home) ഗവൺമെന്റും കമ്പനികളും ചെയ്തു കൊടുത്തിട്ടുണ്ട്. 80 ശതമാനം ജീവനക്കാർ ഈ ഗണത്തിൽ വ

രും. സ്വകാര്യ കമ്പനികൾ പലതും നിശ്ചലമാണ്. മൂന്നു മാസത്തെ ശമ്പളത്തിനാവശ്യമായ സംഖ്യ കമ്പനിയുടമകൾക്ക് കടമായി നൽകാൻ ഗവൺമെന്റ് ബാങ്കുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഖത്തർ സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടില്ല. നിർമാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഇന്റസ്ട്രിയൽ ഏരിയയിൽ ഭാഗിക ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. അവിടെ നിന്ന് പുറത്തേക്ക് പോകാനോ പുറത്തുള്ളവർക്ക് അങ്ങോട്ട് പ്രവേശിക്കാനോ പാടില്ല. അതിപ്പോൾ കുറേശ്ശയായി നീക്കി വരികയാണ്. ജോലിക്കാർക്ക് കൊറോണ പോസിറ്റീവായതിനെ തുടർന്ന് പ്രശസ്ത ഹൈപ്പർ മാർക്കറ്റുകളടക്കം ഒട്ടേറെ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്.

പരമാവധി സൗകര്യങ്ങൾ ഗവൺമെന്റ് തന്നെ ചെയ്യുന്നുണ്ട്. കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനു വേണ്ടി 5 ആശുപത്രികൾ ഒരുക്കിയിരിക്കുന്നു. ദോഹ കമ്യൂണിക്കബ്ൾ ഡിസീസ് സെന്റർ, ഹസം മിബൈരീക് ജനറൽ ഹോസ്പിറ്റൽ, ദ ക്യൂബൻ ഹോസ്പിറ്റൽ, മിസൈഈദ് ഹോസ്പിറ്റൽ, റാസ് ലഫ്ഫാൻ ഹോസ്പിറ്റൽ എന്നിവയാണവ. ഉംസിലാൽ ഏരിയയിൽ പ്രത്യേകം സജ്ജമാക്കിയ, 12,500 കിടക്കകളുള്ള ഐസൊലേഷൻ ഹോസ്പിറ്റലിനും മുവൈനിസിലുള്ള ഐസൊലേഷൻ സെന്ററിനും പുറമെയാണിത്. കൂടാതെ, പരിശോധനകൾക്ക് ഉംസിലാൽ, ഗർറാഫതു റയ്യാൻ, മുഐദർ, റൗദതുൽ ഖൈൽ എന്നീ നാല് ഹെൽത്ത് സെന്ററുകളും സജ്ജമാക്കി. രാജ്യത്തെ 30 സ്റ്റാർ ഹോട്ടലുകൾ, എല്ലാ മെഡിക്കൽ - നിരീക്ഷണ സൗകര്യങ്ങളോടും കൂടി, വിദേശത്തു നിന്ന് വന്നവരും അല്ലാത്തവരുമായ വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള ക്വാറന്റൈൻ സെന്ററുകളാക്കി മാറ്റിയിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ (04-05-2020) ആരോഗ്യമന്ത്രാലയത്തിന്റെ സൈറ്റിലെ കണക്കനുസരിച്ച് രാജ്യത്തെ മൊത്തം രോഗബാധിതരുടെ എണ്ണം 16,191-ൽ എത്തിനിൽക്കുന്നു. ഇവരിൽ 14,369 പേരാണ് ചികിത്സയിലുള്ളത്. മാർച്ച് 28 -നായിരുന്നു ആദ്യമരണം. 12 പേർ ഇതു വരെയായി മരണപ്പെട്ടു. ഇതിൽ ഒരു സ്വദേശിയും മറ്റുള്ളവർ വിദേശികളുമാണ്. മലയാളികൾ ആരുമില്ലെന്നാണ് വിവരം. 1,810 പേർക്ക് രോഗം സുഖപ്പെട്ടിട്ടുണ്ട്. 1,06,795 പേരെ ടെസ്റ്റ് നടത്തിയതായി ആരോഗ്യമന്ത്രാലയം വെളിപ്പെടുത്തി. 28,72,731 ആണ് ഖത്തറിലെ 2020-ലെ ജനസംഖ്യ.

നിയമങ്ങളും കർശനമാണ്. പുറത്തിറങ്ങുമ്പോൾ മാസ്കും കൈയുറകളും ധരിക്കണം. മാസ്ക് ധരിച്ചില്ലെങ്കിൽ മൂന്ന് വർഷം തടവും രണ്ടു ലക്ഷം ഖത്തരി റിയാൽ പിഴയും ഒടുക്കേണ്ടി വരും. ഹോം ക്വാറന്റൈൻ നിർദേശങ്ങൾ ലംഘിച്ച, വിദേശത്തു നിന്നെത്തിയ 14 സ്വദേശികളുടെ പേരുകൾ ഖത്തർ ദേശീയ ടെലിവിഷൻ പുറത്തു വിടുകയും അതിൽ 9 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വിദേശികൾക്ക് രാജ്യത്തേക്ക് തൽക്കാലം പ്രവേശം നിരോധിച്ചിട്ടുണ്ട്. ഭക്ഷണശാലകളും ഭക്ഷ്യ സ്റ്റോറുകളും അല്ലാത്ത അവശ്യ ഷോപ്പുകൾ ഒരു മണിക്കു ശേഷം തുറക്കാൻ പാടില്ല. നോമ്പുകാലത്ത് ചെറിയ മാറ്റമുണ്ട്. എല്ലാത്തരം കൂടിച്ചേരലുകളും കർശനമായി നിരോധിച്ചിട്ടുണ്ട്.

### ഖത്തർ ചാരിറ്റി

ഗവൺമെന്റ് ചെയ്യുന്ന സൗകര്യങ്ങൾക്കും സഹായങ്ങൾക്കും പുറമെ, എല്ലാവരെയും ബാധിക്കുന്ന ഒരു സാമൂഹിക പ്രശ്നം എന്ന നിലയിൽ സാമൂഹിക സേവന സംരംഭങ്ങളും സജീവമായി രംഗത്തുണ്ട്.

ഐക്യരാഷ്ട്ര സഭയുടെ അംഗീകാരമുള്ള ഖത്തർ ചാരിറ്റിയുടെ സേവനപ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയം. വളന്റിയർമാർക്ക് വേണ്ടിയുള്ള സ്ഥാപനത്തിന്റെ അഭ്യർഥനക്ക് വമ്പിച്ച പ്രതികരണമാണ് യുവാക്കളിൽ നിന്ന് ലഭിച്ചത്. ഏകദേശം എണ്ണായിരത്തോളം ആളുകൾ പേർ രജിസ്റ്റർ ചെയ്തു. ഇവർക്ക് പല സ്ഥാപനങ്ങളും ചേർന്ന് പ്രത്യേക പരിശീലനങ്ങൾ നൽകി. ഒന്നര ലക്ഷത്തിലേറെ വിദേശികൾ ഇതിനകം ചാരിറ്റിയുടെ ഗുണഭോക്താക്കളായതായി കണക്കാക്കപ്പെടുന്നു. മുഖ്യമായും തൊഴിലാളികൾ താമസിക്കുന്ന ഇന്റസ്ട്രിയൽ ഏരിയയിൽ ആ ഭാഗം അടച്ചതു മുതൽ ദിനേന തൊഴിലാളികൾക്ക് ഭക്ഷണം വിതരണം ചെയ്തു വരുന്നു. ദിനംപ്രതി, 6000-ലേറെ ഭക്ഷണപ്പൊതികളാണ് വിതരണം ചെയ്യുന്നത്. ഇന്റസ്ട്രിയൽ ഏരിയക്കു പുറമെ, സിമൈസിമ, അൽഖോർ, ഗുവൈരിയ, ശഹാനിയ, വക്റ, വുകൈർ, ഉംസിലാൽ തുടങ്ങിയ പ്രദേശങ്ങളിലും ഖത്തർ ചാരിറ്റിയുടെ സേവനങ്ങൾ എത്തി. സമൃദ്ധമായ ഭക്ഷണ കിറ്റുകൾക്ക് പുറമെ സാനിറ്റൈസർ, മാസ്കുകൾ, ഗ്ലൗസുകൾ, വിവിധ ഭാഷകളിലുള്ള ബോധവൽക്കരണ ലഘുലേഖകൾ എന്നിവയടങ്ങുന്ന 'ഹെൽത്ത് ബാഗ്' എന്നിവയാണ് ചാരിറ്റി വിതരണം ചെയ്യുന്നത്. വിവിധ ഭാഷകളിലുള്ള 28-ഓളം ആരോഗ്യ ബോധവൽക്കരണ വീഡിയോകളും വിതരണം ചെയ്തിട്ടുണ്ട്. ഖത്തറിനു പുറമെ യമൻ, ലബനാൻ, തുനീഷ്യ, ഫലസ്ത്വീൻ, പാകിസ്താൻ, ബംഗ്ലാദേശ്, ഫിലിപ്പീൻസ് തുടങ്ങി വിദേശങ്ങളിലുള്ള 25-ഓളം ഓഫീസുകൾ വഴി വിവിധങ്ങളായ കോവിഡ് സഹായങ്ങൾ ഖത്തർ ചാരിറ്റി വിതരണം ചെയ്തു. തുർക്കിയിലുള്ള സിറിയൻ അഭയാർഥികൾക്കിടയിൽ കൊറോണ പടരാതിരിക്കാൻ തുർക്കി സർക്കാർ നടപ്പാക്കുന്ന മുൻകരുതൽ നടപടികൾക്ക് ചാരിറ്റി ഒന്നര മില്യൻ റിയാൽ നൽകി.

### എഫ്. സി. സി

ഖത്തർ ചാരിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാമൂഹിക സേവന -സാംസ്കാരിക സ്ഥാപനമാണ് ഫ്രണ്ട്




സ് കൾച്ചറൽ സെന്റർ (എഫ്. സി. സി). ഏഷ്യൻ സമൂഹത്തിൽ തങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഖത്തർ ചാരിറ്റി നിർവഹിക്കുന്നത് വളരെക്കാലമായി ഈ സ്ഥാപനത്തിന്റെ സഹകരണത്തോടെയാണ്. ഏഷ്യൻ മെഡിക്കൽ ക്യാമ്പുകൾ, ഉദുഹിയ്യത്ത് വിതരണം, ഇഫ്ത്വാർ കിറ്റ് വിതരണം തുടങ്ങിയവ ഇങ്ങനെ നടക്കുന്നവയാണ്. കോവിഡ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിവിധ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരടക്കം 386 വളന്റിയർമാരെയാണ് എഫ്. സി. സി നൽകിയത്. നേരത്തേ കിറ്റ് വിതരണം, ബോധവൽക്കരണം തുടങ്ങിയ സംരംഭങ്ങളിൽ ഈ വളന്റിയർമാരുടെ സേവനം എടുത്തു പറയേണ്ടതാണ്. ഇന്റസ്ട്രിയൽ ഏരിയയിലും അതിനോടനുബന്ധിച്ച മുഖൈനിസിലെ ക്വാറന്റൈൻ കേന്ദ്രത്തിലും മറ്റുമായി പല ഘട്ടങ്ങളിലായി ഏകദേശം 80,000 കിറ്റുകൾ ഈ വളന്റിയർമാർ മുഖേന വിതരണം ചെയ്തു കഴിഞ്ഞു. ഫാം ഹൗസുകൾ, നിർമാണ സൈറ്റുകൾ, ലേബർ ക്യാമ്പുകൾ എന്നിവിടങ്ങളിലും ദോഹ മുനിസിപ്പാലിറ്റി തൊഴിലാളികൾക്കിടയിലും ഭക്ഷണപ്പൊതികളും ആരോഗ്യ ബോധവൽക്കരണ ബാഗുകളും വിതരണം ചെയ്തു വരുന്നു. വിവിധ എംബസികളിലും കമ്യൂണിറ്റി ഓഫീസുകളിലും ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സേവകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഹബീബുർറഹ്മാൻ കിഴിശ്ശേരിയാണ് ഈ സ്ഥാപനത്തിനു നേതൃത്വം നൽകുന്നത്. നേരത്തേ അബ്ദുൽ ഹമീദ് വാണിയമ്പലം, വി. ടി അബ്ദുല്ലക്കോയ തങ്ങൾ എന്നിവരായിരുന്നു ഈ സ്ഥാപനത്തെ നയിച്ചത്.

**ഐ. സി. ബി. എഫ്**

ഇന്ത്യൻ എംബസിക്കു കീഴിലുള്ള ഒരു സാമൂഹിക സേവന സംരംഭമാണ് ഇന്ത്യൻ കമ്യൂണിറ്റി ബെനവലന്റ് ഫണ്ട് (ഐ. സി. ബി. എഫ്). സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ബോഡിയാണ് ഈ സംരംഭത്തെ നിയന്ത്രിക്കുന്നത്. അതത് കാലത്തെ ഇന്ത്യൻ അംബാസഡർമാരാവും ഈ ബോഡിയുടെ രക്ഷാധികാരി. സി. ഐ. സി മുൻ അധ്യക്ഷൻ കെ.സി അബ്ദുല്ലത്വീഫ് ഈ സംരംഭത്തിന്റെ അഡ്വൈസറി ബോർഡ് മെമ്പർമാരിൽ ഒരാളാണ്. ഖത്തറിലുള്ള ഒരു ഇന്ത്യക്കാരനും പട്ടിണി കിടക്കാൻ പാടില്ല എന്നതാണ് ഐ. സി. ബി. എഫ് മുന്നോട്ടു വെക്കുന്ന മുദ്രാവാക്യം. തുടക്കത്തിൽ മൂന്നു നാല് ഹെൽപ് ലൈൻ നമ്പറുകൾ വിവിധ ഇന്ത്യൻ ഭാഷകളിൽ ലഘുലേഖകളായി അച്ചടിച്ച് ഖത്തറിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തു. നൂറുകണക്കിന് വിളികളാണ് ദിവസവും ഈ നമ്പറുകളിൽ വന്നു കൊണ്ടിരിക്കുന്നത്. സ്വന്തം ഫണ്ടിനു പുറമെ ഖത്തർ ചാരിറ്റി, റെഡ് ക്രസന്റ് സൊസൈറ്റി, ഹൈപ്പർ മാർക്കറ്റ് ശൃംഖലകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഭക്ഷ്യവസ്തുക്കൾ ആവശ്യമുള്ളവർക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ ഏരിയയിലും കോ-ഓഡിനേറ്റർമാർ ഉണ്ട്. ക്വാറന്റൈൻ ക്യാമ്പിലെ ഭക്ഷ്യവിതരണം എന്ന ദുഷ്കരമായ ഉത്തരവാദിത്തമാണ് ഇതിൽ കൾച്ചറൽ ഫോറം ഏറ്റെടുത്തത്. ഏകദേശം മൂവായിരത്തോളം പേർക്ക് ഇതിനകം ഭക്ഷണം എത്തിച്ചു കഴിഞ്ഞു. മറ്റൊന്ന് മെഡിക്കൽ ഹെൽപ് ഡെസ്ക് ആണ്. സൗജന്യമായിട്ടും ഡിസ്കൗണ്ട് നിരക്കിലും മരുന്ന് എത്തിച്ചുകൊടുക്കുന്ന സംവിധാനമാണ് ഇത്. ഡോ. മോഹൻ തോമസ് ഇതിനു നേതൃത്വം നൽകുന്നു. കൂടാതെ, ലീഗൽ സെൽ പ്രവർത്തിച്ചുവരുന്നു. വിസ, ഇഖാമ, തൊഴിൽ തട്ടിപ്പുകൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ, എംബസിയുമായി ബന്ധപ്പെട്ടും ആവശ്യമായ നിയമസഹായങ്ങൾ ചെയ്തും പരിഹരിക്കുന്ന രീതിയാണ് ലീഗൽ സെൽ സ്വീകരിച്ചു വരുന്നത്. ഫാമിലികളുടെയും ഒറ്റക്ക് താമസിക്കുന്ന സ്ത്രീകളുടെയും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള സംവിധാനങ്ങൾ ഉണ്ട്. ഏകദേശം അമ്പതോളം വളന്റിയർമാരാണ് സേവനസന്നദ്ധരായി രംഗത്തുള്ളത്. ഇതിനകം മൊത്തം 25,000-ത്തിലധികം പേർക്ക് വിവിധ സഹായങ്ങൾ എത്തിച്ചു. എല്ലാ പത്തു ദിവസം കൂടുമ്പോഴും അംബാസഡറുടെ സാന്നിധ്യത്തിലോ അല്ലാതെയോ അവലോകന യോഗമുണ്ടാവും. ഐ. സി. ബി. എഫ് ചെയർമാൻ കെ. ബാബുരാജാണ് ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. അദ്ദേഹത്തിന്റെ ഇടപെടൽ ഏറെ അഭിനന്ദനാർഹമാണെന്ന് കൾച്ചറൽ ഫോറം

പ്രതിനിധി മുഹമ്മദ് കുഞ്ഞി പറഞ്ഞു.

**കെ. എം. സി. സി**

സഹായം ആവശ്യപ്പെടുന്നവർക്ക് എത്തിച്ചുകൊടുക്കുന്ന രീതിയാണ് മിക്കവാറും ഈ രംഗത്തുള്ള സംഘടനകളധികവും സ്വീകരിച്ചുവരുന്നത്. കെ. എം. സി. സി ഇങ്ങനെ സഹായം ആവശ്യപ്പെട്ട ഏകദേശം 15,000 പേർക്ക് ഭക്ഷണ കിറ്റുകൾ അവരവരുടെ താമസ സ്ഥലങ്ങളിൽ എത്തിച്ചുകൊടുത്തതായി സംസ്ഥാന പ്രസിഡന്റ് എസ്. എ. എം ബശീർ പറഞ്ഞു. കൂടാതെ ലോക്ക് ഡൗൺ പ്രദേശങ്ങളിൽ കഴിയുന്നവർ,



ക്വാറന്റെൻ ചെയ്യപ്പെട്ടവർ, തൊഴിൽ നഷ്ടപ്പെട്ടവർ തുടങ്ങിയ പ്രയാസമനുഭവിക്കുന്നവർക്ക് നോമ്പുതുറ ഭക്ഷണവും അത്താഴവും വീടുകളിൽ എത്തിച്ചു കൊടുക്കുന്ന മറ്റൊരു പദ്ധതിയും കെ. എം. സി. സി ഏറ്റെടുത്തു നടത്തുന്നു. ഇതിനകം അറുനൂറ്റി അമ്പതോളം ആളുകൾക്ക് വിതരണം ചെയ്തുവരുന്നു. ഹമദ് ഹോസ്പിറ്റലിൽ വിവിധ ശസ്ത്രക്രിയകൾക്ക് വിവിധ ഗ്രൂപ്പുകളിലുള്ള ധാരാളം രക്തം ആവശ്യമുണ്ട്. സാധാരണ രക്തദാന ഗ്രൂപ്പുകളൊന്നും കൊറോണാ കാലമായതുകൊണ്ട് രക്തം കൊടുക്കാൻ തയാറാവുന്നില്ല. കെ. എം. സി. സി വളന്റിയർമാർ തങ്ങളുടെ ഓഫീസിൽ തന്നെ സൗകര്യമൊരുക്കി, ഇത്തരം രണ്ടു രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു. മൂന്നാമത്തേതിന് രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കെ. എം. സി. സി നേരത്തേ നടത്തിക്കൊണ്ടിരുന്ന മയ്യിത്ത് സംസ്കരണ പ്രവർത്തനങ്ങൾ അഭംഗുരം തുടരുന്നുണ്ട്. മരുന്നുകൾ ആവശ്യമുള്ളവർക്ക് അത് എത്തിച്ചുകൊടുക്കാനുള്ള സൗകര്യവുമുണ്ട്. പ്രവാസികൾക്ക് തിരിച്ചുപോകാൻ കപ്പൽ സർവീസ് ഏർപ്പെടുത്തണം എന്ന ആവശ്യം ഖത്തർ കെ. എം. സി. സി നിരന്തരമായി കേരള-കേന്ദ്ര ഗവൺമെന്റുകളോട് ആവശ്യപ്പെട്ടുവരികയാണ്. നാട്ടിൽ പെട്ടുപോയ പ്രവാസികൾക്ക് 50,000 മുതൽ ഒരു ലക്ഷം രൂപ വരെ ലോൺ അനുവദിക്കാനും കേരള ഗവൺമെന്റിനോട് കെ. എം. സി. സി ആവശ്യപ്പെട്ടിട്ടുണ്ട്.

**കൾച്ചറൽ ഫോറം**

ഖത്തർ റെഡ് ക്രസന്റ് സൊസൈറ്റിയുടെയും ഐ. സി. ബി. എഫിന്റെയും സഹകരണത്തോടെയാണ് കൾച്ചറൽ ഫോറം അതിന്റെ സേവന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 'ധൈര്യമായിരിക്കൂ, ജീവിതം മുന്നോട്ടു തന്നെ' എന്ന മുദ്രാവാക്യമുയർത്തി രംഗത്തിറങ്ങിയ സി. എഫ് പ്രവർത്തകർ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ച വെക്കുന്നത്. കൾച്ചറൽ ഫോറം കമ്യൂണിറ്റി സർവീസ് വിംഗിനു കീഴിലാണ് ഫോറം വളന്റിയർമാർ സേവന രംഗത്തുള്ളത്. തെരഞ്ഞെടുക്കപ്പെട്ട 100 ടീം വെൽഫെയർ വളന്റിയർമാർ റെഡ് ക്രസന്റ് ട്രെയ്നിംഗ് പൂർത്തിയാക്കി. ഖത്തറിൽ കോവിഡ് സ്ഥിരീകരിച്ച മുതൽ തന്നെ റെഡ് ക്രസന്റ് സൊസൈറ്റിയുമായി സഹകരിച്ചു കൊണ്ടാണ് പ്രവർത്തിക്കുന്നത്. ഒരാൾക്ക് ഒരു മാസം സുഭിക്ഷമായി ജീവിക്കാൻ മാത്രം വിഭവങ്ങൾ അടങ്ങുന്ന 535 ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു കൊണ്ടായിരുന്നു തുടക്കം. ശേഷം 350-ഓളം പച്ചക്കറി കിറ്റുകളും ആവശ്യക്കാർക്ക് എത്തിച്ചു. ക്വാറന്റെൻ കേന്ദ്രത്തിൽ എല്ലാ ദിവസവും വിവിധ നാട്ടുകാരായ 1700 രോഗികൾക്കുള്ള ഭക്ഷണം വിതരണം നടത്തുന്നു. നോമ്പിനു മുമ്പ് മൂന്നു നേരവും നോമ്പിന് നാല് നേരവുമുള്ള ഭക്ഷണവും വെള്ളവും വിതരണം നടത്തിവരുന്നു. ക്വാറന്റെനിലുള്ളവർക്കും അവരുടെ ബന്ധുക്കൾക്കും ആവശ്യമെങ്കിൽ ടെലി കൗൺസലിംഗ് നൽകിവരുന്നു. മാനസിക സംഘർഷത്തിലകപ്പെടുന്ന രോഗിയെയും ബന്ധുക്കളെയുമാണ് ഇങ്ങനെ കൗൺസലിംഗിനു വിധേയമാക്കുക. പത്ത് വിദഗ്ധരടങ്ങുന്ന ഒരു ടീമാണ് ഇത് നൽകുന്നത്. ക്വാറന്റെൻ ഹെൽപ് ഡെസ്ക് വഴി കൾച്ചറൽ ഫോറം സ്വന്തമായും ഐ. സി. ബി. എഫ്, നോർക്ക, ഖത്തർ റെഡ് ക്രസന്റ് സൊസൈറ്റി തുടങ്ങിയവയുമായി ചേർന്നുകൊണ്ടും 3500 - ൽ അധികം ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തി. ഐ. സി. ബി. എഫുമായി സഹകരിച്ച് 1300 -ൽ അധികം ഭക്ഷണ കിറ്റുകൾ ലോക്ക് ഡൗൺ ഏരിയകളിൽ ഉൾപ്പെടെ ഫോറം വളന്റിയർമാർ വിതരണം ചെയ്തു. ഇന്ത്യൻ എംബസ്സിയുടെയും നോർക്കയുടെയും 600 -ഓളം ഫോൺ കോളുകൾ ഫോറം വളന്റിയർമാർ അറ്റന്റ് ചെയ്യുകയും ലേബർ, എമിഗ്രേഷൻ, നോർക്ക സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ടവർക്ക് കൈമാറുകയും ചെയ്തു. വിവിധ രോഗങ്ങൾ കൊണ്ട് പ്രയാസപ്പെടുന്നവർക്ക് അവശ്യമരുന്നുകൾ എത്തിച്ചുനൽകുന്നതായി കൾച്ചറൽ ഫോറം സേവനപ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന മജീദ് അലി പറഞ്ഞു. പ്രമുഖ ഫാർമസി ഗ്രൂപ്പുകളുമായി ചേർന്ന് സാധ്യമാകുന്ന ഡിസ്ക്കൗണ്ട് നിരക്കിൽ അത്യാവശ്യ മരുന്നുകൾ നാട്ടിൽ നിന്നും നേരിട്ട് എത്തിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾക്ക് ആത്മവിശ്വാസം

നൽകുന്ന ഏഴ് ഫേസ് ബുക്ക് ലൈവ് പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. കൊറോണാ പ്രതിരോധ ബോധവൽക്കരണ ടെലിഫിലിം പുറത്തിറക്കി. ഹമദ് മെഡിക്കൽ കോർപ്പറേഷനുമായി ചേർന്ന് രക്തദാന ക്യാമ്പ് നടത്തി.

**സി. ഐ. സി**

ജനസേവന രംഗത്ത് നാലു പതിറ്റാണ്ട് പാരമ്പര്യമുള്ള സെന്റർ ഫോർ ഇന്ത്യൻ കമ്യൂണിറ്റി (നേരത്തേ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ) പ്രവർത്തകരായ വിദഗ്ധരെ ഉൾപ്പെടുത്തി സി. ഐ. സി പ്രസിഡന്റ് കെ. ടി അബദുർറഹ്മാന്റെ നേതൃത്വത്തിൽ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന വിശാലമായ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. ഡോക്ടർമാരും മെഡിക്കൽ വിദഗ്ധരും ഉൾപ്പെടുന്ന ഒരു മെഡിക്കൽ അഡ്വൈസറി ടീമാണ് ഇതിൽ പ്രധാനം. ഇവർ ഓരോ ദിവസത്തെയും പുരോഗതി വിലയിരുത്തുകയും വളന്റിയർമാർക്ക് അപ്പപ്പോൾ ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഖത്തർ ചാരിറ്റി വളന്റിയർമാരെ ആവശ്യപ്പെട്ടപ്പോൾ 120 വളന്റിയർമാരെ നൽകി. 10-20-30 പേർ അടങ്ങുന്ന സംഘമായി ഇവർ ദിവസവും ഖത്തറിന്റെ വിദൂര ദിക്കുകളിൽ ചാരിറ്റി കിറ്റുകൾ വിതരണം ചെയ്യുന്നു. ഇന്റസ്ട്രിയൽ ഏരിയയിൽ ലോക്ക് ഡൗൺ വന്നപ്പോൾ വരുമാനം നിലച്ചവർക്കും ടാക്സി ഡ്രൈവർമാർക്കും മറ്റുമായി ഭക്ഷണ കിറ്റുകൾ എത്തിക്കാനും ശ്രമങ്ങൾ നടത്തി. ഇതിനകം 500 -ഓളം ഭക്ഷണ കിറ്റുകൾ എത്തിച്ചു. 500 കിറ്റുകൾ തയാറായി വരുന്നു. ഖത്തർ ചാരിറ്റിയുടെ ഇഫ്ത്വാർ കിറ്റ് വിതരണം സി. ഐ. സി ഏറ്റെടുത്തു. സി. ഐ. സിയുടെ 156 വളന്റിയർമാരും ശ്രീലങ്കൻ, ഫിലിപ്പീൻ, നേപ്പാളി, ബംഗാളി അടക്കം 800 -ഓളം വളന്റിയർമാരും ചേർന്ന്, മൂന്നു വണ്ടികളിൽ 28 മേഖലകളിലായി നോമ്പുതുറ കിറ്റുകൾ വിതരണം ചെയ്തുവരുന്നു. വളന്റിയർമാർ ഐ. സി. ബി. എഫ്, നോർക്ക, ഖത്തർ റെഡ് ക്രസന്റ്, ഖത്തർ ചാരിറ്റി എന്നിവയുടെയെല്ലാം സേവനങ്ങൾ ഏറ്റെടുത്തു നടത്തുന്നത് സി. ഐ. സി വളന്റിയർമാരാണ്. സി. ഐ. സി ജനറൽ സെക്രട്ടറി ആർ. എസ് അബ്ദുൽ ജലീൽ ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.




**ഇതര സംഘടനകൾ**

സംസ്ഥാനതലം തൊട്ട് മഹല്ല്തലം വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിക്ക കൂട്ടായ്മകളും ഈ കോവിഡ് മഹാമാരിക്കാലത്ത് നാട്ടിലും ഇവിടെയുമായി തങ്ങളുടെ സേവനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കയാണ്. ഇതിൽ എടുത്തു പറയേണ്ട പ്രവർത്തനങ്ങൾ നടത്തുന്ന ചില സംഘടനകളാണ് ഇൻകാസ് (കോൺഗ്രസ് അനുഭാവികളുടെ കൂട്ടായ്മ), രിസാല സ്റ്റഡി സർക്ക്ൾ/ഐ. സി. എഫ് (എസ്. വൈ. എസ് അനുഭാവികളുടെ കൂട്ടായ്മ) തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ. തൊഴിൽരഹിതരായ ടാക്സി ഡ്രൈവർമാർ അടക്കം നിരാലംബരായ മലയാളികളെയാണ് കോഴിക്കോട് ജില്ലാ ഇൻകാസ് മുഖ്യമായും ശ്രദ്ധിച്ചത്. ഇത്തരം ആളുകൾക്ക് ഇതുവരെയായി 450 -ഓളം കിറ്റുകൾ എത്തിച്ചതായി പ്രസിഡന്റ് അശ്റഫ് വടകര പറഞ്ഞു. രക്തദാന ക്യാമ്പിൽ 75 പേർ പങ്കെടുത്തു. അമ്പതോളം പേർക്ക് മരുന്നുകൾ എത്തിച്ചു. പഴവർഗങ്ങൾ അടങ്ങുന്ന 160 -ലേറെ നോമ്പുതുറ കിറ്റുകൾ ആവശ്യക്കാർക്ക് എത്തിച്ചു. പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സംസ്ഥാന-ജില്ലാ നേതാക്കൾ പങ്കെടുക്കുന്ന സൂം ചർച്ച സംഘടിപ്പിക്കുന്നുണ്ട്.

രിസാല സ്റ്റഡി സർക്ക്ളും ആവശ്യക്കാർക്ക് ഭക്ഷണപ്പൊതികളും മരുന്നുകളും എത്തിച്ചുകൊടുത്ത് സ്തുത്യർഹമായ സേവനങ്ങൾ നടത്തി വരുന്നു. പല സംഘടനകളുടെയും ജില്ലാ ഘടകങ്ങൾ, ജില്ലാ അസോസിയേഷനുകൾ എന്നിവയും സജീവമായി സേവന രംഗത്തുണ്ട്. മഹല്ല് കമ്മിറ്റികളും തങ്ങളുടെ മഹല്ലിലെ ആളുകളുടെ സാമ്പത്തിക ശേഷിയോ സാമൂഹിക പദവിയോ പരിഗണിക്കാതെ എല്ലാവർക്കും സഹായമെത്തിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

കോവിഡ് പ്രത്യേക ആശ്വാസ പദ്ധതിക്കായി 23 ബില്യൻ രിയാലിന്റെ ആശ്വാസ പാക്കേജ് ഖത്തർ അമീർ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പുതിയ കണക്കനുസരിച്ച് അറബ് ലോകത്ത് ഏറ്റവുമധികം രോഗികളുള്ള രണ്ടാമത്തെ രാജ്യമായി ഖത്തർ മാറിയിട്ടുണ്ടെന്നാണ് വിക്കിപീഡിയ റിപ്പോർട്ട്. വർധിച്ചുവരുന്ന രോഗികളുടെ എണ്ണം നിലവിൽ ഏർപ്പെടുത്തിയ സൗകര്യങ്ങളെ അപര്യാപ്തമാക്കുന്നുണ്ട്. വിദേശികളെ സംബന്ധിച്ചേടത്തോളം, പട്ടിണി കിടക്കാനും കടം വാങ്ങേണ്ട അവസ്ഥയാണ് വിദേശത്ത്. വാടക കൊടുക്കാനും വൈദ്യുതി, വെള്ളം ബിൽ അടക്കാനും പണം വേണമല്ലോ. അതുകൊണ്ട്, ജോലിയും ശമ്പളവും മുടങ്ങിയവർക്ക് എത്രയും പെട്ടെന്ന് നാടു പിടിക്കൽ അനിവാര്യമാണ്. വിസിറ്റ് വിസ ഫ്രീ ആയതുകൊണ്ട്, സന്ദർശനത്തിനെത്തിയവരും ധാരാളമായി ഇവിടെ കുടുങ്ങിയിട്ടുണ്ട്. ●

കവിത

എ. പി ശംസീർ /shamseerap@gmail.com

# രക്തസാക്ഷിയുടെ പൈതൃകം



കൽത്തുറുങ്കിലെ
ഒരു ചുമര്
അവിടെ രക്തം കൊണ്ടെഴുതിയ
നാലുവരിക്കവിത.
വിപ്ലവച്ചൂടിൽ പൊതിഞ്ഞ
നിശ്വാസങ്ങൾ.
മൂലയിൽ ചുരുണ്ടു കൂടിക്കിടക്കുന്ന
ഏകാധിപതിയുടെ ഭയം.
വിമോചന സ്വപ്നങ്ങളും പേറി
ചിരിച്ചുകൊണ്ട്
കയറിവന്ന
കത്തുകൾ.

ഇരുട്ടിന് കനം വെച്ച രാത്രികളിൽ
ആളിക്കത്തിയ ധിഷണ.
അനശ്വരതയിലേക്ക്
യാത്രയാക്കും മുമ്പ്
ഗാഢമായി ചുംബിച്ച തൂക്കുകയർ.
പ്രാണനിലൂടെ പുറത്തേക്ക് പുറപ്പെട്ടുപോയ
ആയിരം വിപ്ലവകാരികൾ.

യാസീൻ വാണിയക്കാട് /
yaseenvkd@gmail.comcom

# തീഹാർ




തീഹാറിൽ വെച്ചാകും
നാം അവസാനം കണ്ടുമുട്ടുക

ഏകാന്തതടവിൽ കിടന്നവരുടെ
ഗന്ധമൂറിക്കിടക്കുന്ന
സെല്ലിൽ കിടന്നാവും നാം
ഏകാന്തതയോട് കയർക്കുക
അവരുടെ നെഞ്ചിലെ
ഇനിയും മരിക്കാത്ത കടൽ
പ്രക്ഷുബ്ധത വറ്റാതെയാവും
നമ്മിലേക്ക് പരകായം ചെയ്യുക.

വിയോജിപ്പുകളുടെ തീ
ആഞ്ഞാഞ്ഞ് കത്തുമ്പോൾ
ഏകാധിപതിയുടെ
അകമുറിവിൽ തട്ടുമ്പോൾ
ജയിലഴികൾ തുറന്നുവെച്ച്
കാത്തിരിക്കുന്നുണ്ടാകും
തീഹാർ.

ഒടുവിൽ തീഹാറായിരിക്കും
നമ്മുടെ വൻകര,
പതാക
ഇരുട്ടിൽ നാം ഛർദിക്കുന്ന
ചോരയാകും,
ദേശീയഗാനം
ഏതോ സെല്ലിൽനിന്നുമുയരുന്ന
ഞരക്കവും.

വെറുപ്പിന്റെ ഓഷ്‌വിറ്റ്സുകൾ*
ഭൂപടം നിറയെ
കിളിർത്തിട്ടും
ഉറുമ്പിൻ നിരകൾ പോലെ
നഗരത്തെരുവിൽ പൂക്കുന്നു,
സർഗാത്മക കലഹങ്ങൾ.

കുഴമറിഞ്ഞൊഴുകും
വാക്കിൻ നീരൊഴുക്കിനെ
തടയണ പിളർന്നൊഴുകും
പോരിൻ കുത്തൊഴുക്കിനെ
പൊത്തിപ്പിടിക്കുന്നു വൃഥാ
വെറുപ്പിൻ കൽത്തുറുങ്ക്

ഭയത്തിന്റെ,
വെറുപ്പിന്റെ പേരോ
നീ
തീഹാർ!

** ഹിറ്റ്ലറുടെ നിയന്ത്രണത്തിലുള്ള യൂറോപ്പിലെ ഏറ്റവും വലിയ നാസി തടങ്കൽപാളയമായിരുന്നു ഓഷ്‌വിറ്റ്സ്.*

Vol. No: 77 Issue No. 01 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid